# സീറോമലബാർ വിഷൻ

സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ പ്രസിദ്ധീകരണം

APRIL 2024 | Vol - 4 • Issue - 4 • 16 Page Tabloid | www.syromalabarvision.com


# ആൾക്കൂട്ടം ജീവൻ അപഹരിക്കുമ്പോൾ...

**അഡ്വ. വിനോദ് മാത്യു വിൽസൺ**



2017ൽ അട്ടപ്പാടിയിൽനിന്ന് ഉയർന്നുകേട്ട ഒരു നിസ്സഹായന്റെ നിലവിളി ഇപ്പോഴും കാതുകളിൽനിന്ന് മാഞ്ഞുപോയിട്ടില്ല. ആ കരളുലയ്ക്കുന്ന ദൃശ്യം കണ്ണുകളെ ഇപ്പോഴും ഈറനണിയിക്കാറുമുണ്ട്.

സാമൂഹികവിഷയങ്ങളുമായി ബന്ധപ്പെട്ട പ്രതികരണം രേഖപ്പെടുത്തുകയും സംസാരിക്കുകയും ചെയ്തുതുടങ്ങിയതിനുശേഷം ഇത്രമേൽ മനസ്സിനെ മുറിപ്പെടുത്തിയ മറ്റൊരു സംഭവം വേറൊന്ന് ഉണ്ടായിട്ടുമില്ല.

മധുവിന്റെ അമ്മയെയും സഹോദരിയെയും നേരിൽ കണ്ടു സംസാരിച്ചിട്ടുണ്ട്. അപ്പോൾ അവരുടെ കണ്ണുകളിൽനിന്ന് ഒലിച്ചിറങ്ങിയ കണ്ണീരിന് അടുത്തുനില്ക്കുന്നവരെകൂടി ചുട്ടുപൊള്ളിക്കാനുള്ള കഴിവുണ്ടായിരുന്നു. മധുവിനെ മൃഗീയമായി മർദ്ദിച്ച് അവശനാക്കിയ മക്കോലി ജംഗക്ഷനിൽ പോയി നിന്നപ്പോൾ അനുഭവിച്ച ഒരു തണുത്തകാറ്റിന് മധുവിന്റെ ശ്വാസത്തിന്റെ മണമുണ്ടായിരുന്നു. ജീവന്റെ മണമായിരുന്നു അതിന്.

ക്രിമിനൽ അഭിഭാഷകനായി ജീവിതം ആരംഭിച്ചിട്ട് 14 വർഷമായി. നിരവധി കൊലപാതകക്കേസുകളിൽ പ്രതികൾക്കുവേണ്ടി ഹാജരായിട്ടുമുണ്ട്. ഓരോ ചാർജു വായിക്കുമ്പോഴും മനസ്സിൽ ഉയരുന്ന ഒരു ചോദ്യമുണ്ട്. എങ്ങനെയാണ് ഒരുവന് അപരന്റെ ജീവനെടുക്കാൻ കഴിയുന്നത്? മധുവിലേക്കുതന്നെ മടങ്ങിവരാം.

കൈകൾ രണ്ടും പിറകിലേക്ക് കെട്ടപ്പെട്ട് നഗ്നനായി മരണത്തിന് വിധിക്കപ്പെട്ട മധു, കുരിശുമരണത്തിൽ ക്രിസ്തു അനുഭവിച്ച പീഡാസഹനങ്ങളെയും അപമാനങ്ങളെയുമാണ് ഓർമിപ്പിക്കുന്നത്. മൃഗീയമായ അത്തരം ഒരു മരണത്തിനു കീഴ്പ്പെടാൻമാത്രം മധു ചെയ്ത കുറ്റം എന്തായിരുന്നു? മോഷണം നടത്തിപോലും.! എന്തായിരുന്നു മോഷ്ടിച്ചത്?

ഒരു കവർ അരി, ഒരു മൊബൈൽ ബാറ്ററി, അല്പം മുളകുപൊടി...

അപ്പോൾ മോഷണമായിരുന്നില്ല യഥാർഥ കാരണം. മറിച്ച് മധുവിന്റെ രൂപമായിരുന്നു, അവന്റെ നിറമായിരുന്നു. പ്രതികളായി പേരുചേർക്കപ്പെട്ടവർ ഉന്നത രാഷ്ട്രീയപാർട്ടിയിലുള്ളവരായിരുന്നു. സംഘടിത മതവിഭാഗത്തിൽപെട്ടവരായിരുന്നു.. സാമ്പത്തിക സാമൂഹിക സുരക്ഷിതത്വം ഉള്ളവരായിരുന്നു. മധുവിനു നീതിനടത്തിക്കൊടുക്കുക എന്ന ലക്ഷ്യത്തോടെയും ആഗ്രഹത്തോടെയും മാധ്യമങ്ങൾ ആത്മാർഥമായ നിലപാടുകളെടുത്തിരുന്നു, എങ്കിലും...

പ്രമുഖർ പ്രതികളാകുന്ന കേസുകളിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ ഉടനടി നിയമിക്കുന്ന സർക്കാർ മധുവിനുവേണ്ടി ഒരുപ്രോസിക്യൂട്ടറെ നിയമിച്ചില്ല. കാരണം പറഞ്ഞതാവട്ടെ ഖജനാവിൽ പണമില്ലെന്നതും.

അവസാനം, പോലീസ് സംവിധാനം തെളിവുകൾ നശിപ്പിക്കുകയും സാക്ഷികളെ സ്വാധീനിച്ചു കേസ് ദുർബലമാക്കുകയും ചെയ്തു. അപ്രകാരം കുറ്റപ്പത്രം സമർപ്പിക്കപ്പെട്ട കേസിൽ കോടതി നിസ്സഹായമാവുന്ന കാഴ്ചയാണ് ലോകം കണ്ടത്. ഒടുവിൽ, സമൂഹത്തെ തൃപ്തിപ്പെടുത്താൻ ഒരു വിധി...

വീണ്ടും കണ്ടു അതേ ആൾക്കൂട്ടവിചാരണ.

കെവിൻ എന്ന ചെറുപ്പക്കാരനെ, തന്റെ മകളെ പ്രണയിച്ചു എന്ന ഒറ്റക്കാരണത്താൽ സമ്പന്നനായ പിതാവും സഹോദരനും ആൾക്കൂട്ടവും ചേർന്ന് തല്ലിക്കൊന്നു പുഴയിൽ ഇട്ട ദയനീയ കാഴ്ച.

ഇല്ല, ആൾക്കൂട്ടവിചാരണകൾ അവസാനിക്കുന്നില്ല. അതിന്റെ ഏറ്റവും ഒടുവിലത്തെ ഇരയായി സിദ്ധാർത്ഥാണ് നമ്മുടെ മുമ്പിൽ ഇപ്പോൾ നില്ക്കുന്നത്. ഒരുപാട് സ്വപ്നങ്ങളുണ്ടായിരുന്ന, ഫോട്ടോഗ്രഫി ഇഷ്ടപ്പെട്ടിരുന്ന, യാത്രകളെ സ്നേഹിച്ചിരുന്ന ഒരു ചെറുപ്പക്കാരൻ. മൂന്നു ദിവസം ഭക്ഷണം നിഷേധിച്ച്, നഗ്നനാക്കി പരസ്യവിചാരണ ചെയ്ത്, നെഞ്ചിലും വയറ്റിലും ചവിട്ടി ക്ഷതങ്ങൾ ഏല്പിച്ച് അവസാനം കെട്ടിത്തൂക്കിയതാണോ കെട്ടിത്തൂങ്ങിയതാണോ എന്നറിയാതെ സിദ്ധാർത്ഥ് കടന്നുപോയിരിക്കുന്നു. അവന്റെ ദയനീയമുഖം... നിസ്സഹായനായി അവൻ കടന്നുപോയ മണിക്കൂറുകൾ... പീഡനപർവങ്ങൾ.. അതൊക്കെ മനസ്സാക്ഷിയുള്ള ഏതൊരാളെയും എക്കാലവും വേട്ടയാടിക്കൊണ്ടേയിരിക്കും.

സിദ്ധാർത്ഥിന്റെ അച്ഛനമ്മമാരുമായി നേരിൽ കണ്ടുസംസാരിച്ചപ്പോൾഅമ്മ സങ്കടത്തോടെ പറഞ്ഞത്, മകനൊപ്പം യാത്രചെയ്യാനും കൂട്ടുകൂടാനും കിടന്നുറങ്ങാനും ഭക്ഷണംകഴിക്കാനും ഒപ്പമുണ്ടായിരുന്ന കുട്ടുകാർതന്നെയാണ് അവനെ കൊലയ്ക്കു വിട്ടുകൊടുത്തതെന്നാണ്. അവരുടെ കൂടി ചില സംഘടിതശ്രമങ്ങളുടെ ഭാഗമായിട്ടാണ് സിദ്ധാർത്ഥ് കൊടുംക്രൂരതകൾക്ക് ഇരയായത് എന്നാണ്. എങ്ങനെയാണ് നമ്മുടെ ചെറുപ്പക്കാർക്ക് ഇങ്ങനെയൊരു ഗൂഢാലോചനയുടെ ഭാഗമായി തങ്ങളുടെ സുഹൃത്തിനെ കൊന്നുകളയുന്നതിന് കൂട്ടുനില്ക്കാൻ കഴിയുന്നത്? അന്ധമായ ചില ആശയസംഹിതകൾ ഉള്ളിലേക്കു വിവേകരഹിതമായി കുത്തിവയ്ക്കപ്പെടുമ്പോൾ സത്ചിന്തകളും സന്മനസ്സും വിവേകവും നന്മകളും എന്നന്നേയ്ക്കുമായി ഇല്ലാതാകുന്നുവെന്നതിന്റെ തെളിവാണ് സിദ്ധാർത്ഥിന്റെ കൂട്ടുകാർ.അതുകൊണ്ടല്ലേ സഹജീവിയെന്ന സ്ഥാനംപോലും കല്പിക്കാതെ അവനെ പീഡിപ്പിക്കാൻ അവർ കൂട്ടുനിന്നത്? അവന്റെ നിലവിളി അവർക്കുമുമ്പിൽ വനരോദനമായി മാറിയത്?

കേരളത്തിന്റെ പശ്ചാത്തലത്തിൽ മാത്രം കാണുകയോ വിലയിരുത്തപ്പെടുകയോ ചെയ്യേണ്ടവയല്ല ആൾക്കൂട്ടകൊലപാതകങ്ങൾ. ഇന്ത്യയൊട്ടാകെ അവ നടക്കുന്നുണ്ട്. അതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് മണിപ്പൂർ കലാപങ്ങൾ. തങ്ങൾക്കിഷ്ടമില്ലാത്തതിന്റെ പേരിൽ മറ്റുള്ളവരെ കൊന്നുതള്ളുന്ന, പെൺകുട്ടികളെയും സ്ത്രീകളെയും നഗ്നരാക്കിനടത്തിയും പാടത്തും പറമ്പിലും ഇട്ട് തീകൊളുത്തി കൊല്ലുകയുംചെയ്യുന്ന ക്രൂരതകളുടെ പരമ്പരകളാണ് മണിപ്പൂരിൽ അരങ്ങേറിയത്. ഒരു സംസ്ഥാനം ഇങ്ങനെ കത്തിയെരിയുമ്പോൾ പോലീസ് സംവിധാനത്തിനു നോക്കിനില്ക്കാനല്ലാതെ മറ്റൊന്നിനും കഴിയുന്നില്ലേ എന്ന സുപ്രീംകോടതി ചീഫ് ജസ്റ്റീസ് ഇന്ദുചൂഡന്റെ ചോദ്യം ഒരു ജനാധിപത്യരാജ്യം നേരിട്ട ഏറ്റവും വലിയ അപമാനങ്ങളിലൊന്നായിരുന്നു.

ആൾക്കൂട്ട കൊലപാതകങ്ങൾ പല സംസ്ഥാനങ്ങളിലും പല കാരണങ്ങളുടെ പേരിലും ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുമ്പോൾ അവയ്ക്കെതിരെ ഒരു ക്രിമിനൽ നിയമഭേദഗതി എത്രയും വേഗം കൊണ്ടുവരേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. ഒരു ജനാധിപത്യഭരണവ്യവസ്ഥയിൽ ഇതേറെ പ്രധാനപ്പെട്ട കാര്യം കൂടിയാണ്. പക്ഷേ..

ഇന്ത്യൻ നിയമസംവിധാനം പരിശോധിക്കുമ്പോൾ മനസ്സിലാവുന്ന ഒരു കാര്യം ബ്രിട്ടീഷ് ഭരണകാലത്ത് രൂപപ്പെടുത്തിയെടുത്ത ശിക്ഷാനിയമനുസരിച്ചാണ് ഇപ്പോഴും ക്രിമിനൽ കുറ്റകൃത്യങ്ങളെ നിർവചിക്കുന്നതും ശിക്ഷവിധിക്കുന്നതും എന്നാണ്. കൊലപാതകം, നരഹത്യ, മനപൂർവമല്ലാത്ത നരഹത്യ ഇവയെക്കുറിച്ചൊക്കെ ഇന്ത്യൻ ശിക്ഷാനിയമത്തിൽ പ്രതിപാദിക്കുകയും കൃത്യമായി ശിക്ഷ പ്രസ്താവിക്കുകയും ചെയ്യുമ്പോഴും ആൾക്കൂട്ട കൊലപാതകങ്ങളെ കൃത്യമായി നിർവചിക്കുന്നതിനോ അവയ്ക്കുള്ള ശിക്ഷ നിശ്ചയിക്കുന്നതിനോ നാളിതുവരെ കഴിഞ്ഞിട്ടില്ല എന്നത് ഏറ്റവും ദയനീയ വസ്തുതയാണ്.

1979 ൽ യുണൈറ്റഡ് നേഷൻസിൽ നടന്ന ഇന്ത്യയുൾപ്പടെയുള്ള 172 രാജ്യങ്ങൾ പങ്കെടുത്ത ഉച്ചകോടിയിലായിരുന്നു ഓരോ രാജ്യത്തും നടക്കുന്ന പ്രത്യേക കുറ്റകൃത്യങ്ങളും അതിന്റെ സാധ്യതകളും ചർച്ചചെയ്യുകയും ഭേദഗതികൾ വേണമെങ്കിൽ അവ നടപ്പിലാക്കുകയും ചെയ്യണമെന്ന തീരുമാനമെടുത്തത്. എന്നിട്ടും കുട്ടികൾക്കെതിരെയുള്ള ആക്രമണങ്ങളുമായി ബന്ധപ്പെട്ട കേസുകളിൽ പ്രത്യേകനിയമം നടപ്പിലാക്കാൻ 2012 വരെ ഇന്ത്യയ്ക്കു കാത്തിരിക്കേണ്ടിവന്നുവെന്നതും ചരിത്രം. ഇത്തരം വിഷയങ്ങളിൽ ഇന്ത്യൻപാർലമെന്റ് പുലർത്തുന്ന താല്പര്യമില്ലായ്മയുടെ വ്യക്തമായ ഉദാഹരണം കൂടിയാണ് ഇത്.

മേൽപ്പറഞ്ഞ സംഭവവികാസങ്ങളിലൂടെയെല്ലാം കടന്നുപോകുമ്പോൾ നമ്മെ ഭയപ്പെടുത്തുന്നത് രണ്ടുകാര്യങ്ങളാണ്. ആൾക്കൂട്ടകൊലപാതകങ്ങൾ ആവർത്തിക്കപ്പെടുമ്പോൾ അവയെ തള്ളിപ്പറയാൻ ഇവിടുത്തെ രാഷ്ട്രീയസംവിധാനങ്ങൾക്കോ നേതാക്കൾക്കോ കഴിയാതെ പോകുന്നു. അതിന് പകരമായി അവർ ചെയ്യുന്നത് കുറ്റകൃത്യങ്ങളെ ന്യായീകരിക്കുകയും കള്ളക്കഥകൾ മെനഞ്ഞ് മരണശേഷവും അവരെ കൊന്നുകൊണ്ടിരിക്കുകയുമാണ്.

രണ്ടാമതായി എന്നെ ഭയപ്പെടുത്തുന്നത് എല്ലായിടത്തുമുള്ള ആ ആൾക്കൂട്ടങ്ങളാണ്. അവനെ കൊല്ലുക, അവനെ കൊല്ലുക എന്നു രണ്ടായിരം വർഷങ്ങൾക്കു മുമ്പ് ആക്രോശിച്ച അതേ ആൾക്കൂട്ടവും അതോടൊപ്പം എല്ലാം കണ്ടിട്ടും കേട്ടിട്ടും പ്രതികരിക്കാൻ തയ്യാറാവാതെ മൗനമായി നിലയുറപ്പിച്ചിരിക്കുന്ന മറ്റൊരു ആൾക്കൂട്ടവും!

പ്രതികരിക്കണം എന്ന് ആഗ്രഹമുണ്ടെങ്കിലും ഭയന്നു ജീവിക്കുന്ന കുറേ മൗനമനുഷ്യർ.

ധൈര്യത്തോടെ ഞാൻ പറയുന്നു ആ മൗനമനുഷ്യരുടെ കൂട്ടത്തിൽ ഞാനില്ല. പക്ഷേ നിങ്ങളോ? തെറ്റിനെ തെറ്റാണെന്ന് ചൂണ്ടികാണിക്കുവാൻ, ദൈവസ്പർശമുള്ള മനുഷ്യമനസ്സും ജീവനുമാണ് എല്ലാ ആശയങ്ങൾക്കും മീതെയെന്നു ലോകത്തോടു വിളിച്ചുപറയാൻ നമ്മുടെയെല്ലാവരുടെയും സ്വരങ്ങൾ എന്നാണ് ഒന്നുപോലെ ഉയരുന്നത്?

## എഡിറ്റോറിയൽ

# നിസ്സഹായരുടെ നിലവിളികളും കുറ്റകരമായ നിശ്ശബ്ദതയും

നിസ്സഹായരുടെ നിലവിളികൾ നനമ്മുടെ നാടിന്റെ മനസ്സാക്ഷിയെ പലതവണ ചോദ്യം ചെയ്തു. എന്നാൽ സൗകര്യപ്രദമായ ഒരു നിശ്ശബ്ദതയുടെ കനത്ത ആവരണത്തിൽ ഓരോ നിലവിളിയും തേങ്ങലായി മാറി, ക്രമേണ ശബ്ദരഹിതമായി. ഇനി അടുത്ത നിലവിളി എന്ന്, എവിടെ നിന്ന്, എന്തിനുവേണ്ടി ഉയരുമെന്ന് ആർക്കുമറിയില്ല. കാരണം മുഖവും മേൽവിലാസവുമില്ലാത്തവരുടെ പദ്ധതികൾ എങ്ങനെ അറിയാൻ കഴിയും? വനത്തിലും മതിൽക്കെട്ടുകൾക്കുള്ളിലും അടച്ചിട്ട മുറികളിലും നടുമുറ്റങ്ങളിലും പീഡനങ്ങൾ ഇപ്പോഴും തുടരുന്നുണ്ട്. പക്ഷേ നിലവിളി പുറത്തുകേൾക്കുന്നില്ല. ഇനി ആരെങ്കിലും കേൾക്കുന്നുണ്ടെങ്കിൽ തന്നെ അവർ തല തിരിച്ചുപിടിക്കുന്നു.

ദൈവത്തിന്റെ രൂപസാദൃശ്യമുള്ള മനുഷ്യജീവിതം അമൂല്യമാണെന്ന സങ്കല്പം ഇന്ന് വെല്ലുവിളിക്കപ്പെടുന്നു. ഇരുളടഞ്ഞ ഹൃദയത്തിന്റെ ഉടമകൾ ഇരുട്ടിന്റെ മറവിൽ ആസൂത്രണം ചെയ്യുന്ന പദ്ധതികൾ ഒരു തടസവുമില്ലാതെ നടപ്പിലാക്കപ്പെടുകയാണ്. അന്യഗ്രഹവാസികളോ അജ്ഞാതജീവികളോ അല്ല ഈ മരണസംസ്കാരത്തിന്റെ തീട്ടൂരം നടപ്പിലാക്കുന്നത്. കൂടെ പഠിക്കുന്നവരും കൂടെ കിടന്നുറങ്ങുന്നവരും പൊതുനിരത്തിൽ പരിചിതമായ മുഖങ്ങളുള്ള ഉടമകളും ഒരുമിച്ചു വളർന്നവരുമൊക്കെയാണ് ജീവനെടുക്കാൻ കരം ഉയർത്തുന്നത്. മധുവും കൈവിനും സിദ്ധാർത്ഥും ഇങ്ങനെ ജീവൻ നഷ്ടപ്പെടുന്ന അനേകരിൽ ഏതാനും പേർ മാത്രം. അവരുടെ കണ്ണീരിനും അവരുടെ ഹൃദയം പൊട്ടുന്ന നിലവിളികൾക്കും നെടുവീർപ്പുകൾക്കും അത്യുന്നത ദൈവത്തിന്റെ ന്യായാസനത്തിങ്കൽ വലിയ സംഹാരശേഷിയുണ്ട് എന്നതുമാത്രമാണ് ഒരു തരത്തിൽ ആശ്വാസം.

മനുഷ്യൻ മനുഷ്യനെ ഇല്ലാതാക്കുന്ന ക്രൂരമായ മരണസംസ്കാരത്തിന്റെ മറ്റൊരു വകഭേദമാണ് വന്യമൃഗങ്ങളെ അഴിഞ്ഞാടാൻ അനുവദിക്കുന്നതിലൂടെ അവയുടെ ആക്രമണത്തിൽ ചതഞ്ഞരഞ്ഞ്, കടിച്ചുകീറപ്പെട്ട് മനുഷ്യ ജീവൻ നഷ്ടപെടുന്നത്. ആദ്യത്തേത് മനുഷ്യൻ നേരിട്ടുനടത്തുന്ന കൊലപാതകങ്ങളാണെങ്കിൽ രണ്ടാമത്തേത് ഉത്തരവാദിത്തപ്പെട്ടവരുടെ അനാസ്ഥമൂലം നടത്തപ്പെടുന്ന കൊലപാതകങ്ങളാണ്. രണ്ടിടത്തും ഉത്തരവാദികൾ മനുഷ്യൻതന്നെ. ഉപജീവനത്തിനുവേണ്ടി അധ്വാനിക്കുന്ന പാവപ്പെട്ട മനുഷ്യരുടെ ദുരിതപൂർണമായ നിലവിളി ചെന്നുപതിക്കുന്നത് അതു കേൾക്കാൻ ഇഷ്ടമില്ലാത്ത കാതുകളിലാണ്.

രണ്ടു സാഹചര്യങ്ങളിലും ഇതു കാണുകയും കേൾക്കുകയും ചെയ്യുന്നവരുടെ നിശ്ശബ്ദതയും പിൻവലിയലും കൊലപാതകികളുടെ വികലമായ മനസ്സുപോലെതന്നെ ക്രൂരമാണ്, ഭയജനകമാണ്, മാപ്പർഹിക്കാത്തതാണ്. ഈ ക്രൂരമായ നിശ്ശബ്ദതയാണ് തിന്മയുടെ വിഷവിത്തുക്കൾ തഴച്ചുവളരുന്ന വളക്കൂറുള്ള മണ്ണ് സൃഷ്ടിക്കുന്നത്. ഈ കുറ്റകരമായ നിശ്ശബ്ദത ഭേദിക്കലാണ് തിന്മയെ തകർക്കാനുള്ള ഏകമാർഗ്ഗം. മത രാഷ്ട്രീയ ജാതി വ്യത്യാസങ്ങളില്ലാതെ സമ്പന്നനെന്നും ദരിദ്രനെന്നും വേർതിരിവില്ലാതെ, മനുഷ്യനിൽ ദൈവത്തിന്റെ മുഖം കണ്ടെത്തുന്ന ജീവന്റെ സംസ്കാരപരിപോഷണത്തിനായി നമുക്ക് ശബ്ദമുയർത്താം, പ്രതിബദ്ധരാകാം.

**രക്ഷാധികാരി**
മാർ റാഫേൽ തട്ടിൽ, മേജർ ആർച്ചുബിഷപ്പ്
**സഹ രക്ഷാധികാരി**
മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ, കൂരിയ ബിഷപ്പ്
**ചീഫ് എഡിറ്റർ**
ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ
**മാനേജിങ് എഡിറ്റർ**
ഫാ. സെബി കൊളങ്ങര
**അസോസിയേറ്റ് എഡിറ്റേഴ്സ്**
ഫാ. ജോസഫ് തോലാനിക്കൽ, ഫാ.ജോസഫ് മറ്റത്തിൽ
**കൺസൾട്ടന്റ് എഡിറ്റർ**
വിനായക് നിർമ്മൽ

**എഡിറ്റോറിയൽ ബോർഡ്**
ഫാ. ജോജി കല്ലിങ്ങൽ
ഫാ. ആന്റണി വടക്കേകര VC
ഫാ. സിജു അഴകത്ത് MST
ഡോ. ചാക്കോ കാളംപറമ്പിൽ
ഡോ. കൊച്ചുറാണി ജോസഫ്
അഡ്വ. അജി ജോസഫ്
സി. ലിൻഡ മൈക്കിൾ MSMI
സി. സെലിൻ ജോർജ് MSMI
സി. ജിഷ ജോബ് MSMI

**Our benefactors**
Major Joseph KP (Veteran), Kaitharan House, Erumapetty
Paul N R, Nedumparambil House, Kallamkunnu
Jinchu Joseph, Pozholiparambil House, Kallamkunnu
Jessy Rajan, Muringathery House, Erumapetty

**ഡിസൈൻ:** എബ്രഹാം തോമസ് | **ഐ.ടി. സപ്പോർട്ട്:** ജോബ് ജോസഫ്
For Editorial queries: Email: syromalabarvision@gmail. com
മാനേജിങ് എഡിറ്റർ : 9447269363, Website: www.syromalabarvision.com

## ഓർമിക്കാനൊരു ദിനം

- **ഏപ്രിൽ 1:** മേജർആർച്ചുബിഷപ്പ് വിതയത്തിൽ മാർ വർക്കി മെത്രാപ്പോലീത്തയുടെ ചരമം (2011)
- **ഏപ്രിൽ 2:** വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ ചരമം (2005)
- **ഏപ്രിൽ 4:** കാട്ടുമന മാർ അബ്രഹാം മെത്രാപ്പോലീത്തയുടെ ചരമം (1995)
- വള്ളോപ്പിള്ളി മാർ സെബാസ്റ്റ്യൻ മെത്രാന്റെ ചരമം (2006)
- **ഏപ്രിൽ 5:** നെല്ലിക്കുന്നേൽ മാർ ജോൺ മെത്രാന്റെ അഭിഷേകം (2018)
- വേദസാക്ഷികളുടെ തിരുനാൾ (സകല വിശുദ്ധരുടെയും തിരുനാൾ)
- **ഏപ്രിൽ 6 :** പോത്തനാമൂഴി മാർ എമ്മാനുവേൽ മെത്രാന്റെ ചരമം (2003)
- **ഏപ്രിൽ 7:** പുതുഞായർ
- ഞരളക്കാട്ട് മാർ ജോർജ് മെത്രാപ്പോലീത്തായുടെ അഭിഷേകം (2010)
- **ഏപ്രിൽ 8:** ഇഞ്ചനാനിയിൽ മാർ റെമീജീയൂസ് മെത്രാന്റെ അഭിഷേകം ( 2010)
- **ഏപ്രിൽ 10 :** മേജർ ആർച്ചുബിഷപ് തട്ടിൽ മാർ റാഫേൽ മെത്രാപ്പോലീത്തായുടെ അഭിഷേകം (2010)
- **ഏപ്രിൽ 11:** ആലപ്പാട്ട് മാർ പോൾ മെത്രാന്റെ അഭിഷേകം (2010)
- **ഏപ്രിൽ 12:** വാണിയക്കിഴക്കേൽ മാർ മാത്യു മെത്രാന്റെ അഭിഷേകം (2000)
- **ഏപ്രിൽ 14:** ചക്യത്ത് മാർ തോമസ് മെത്രാന്റെ അഭിഷേകം (1998)
- **ഏപ്രിൽ 16 :** മറ്റം മാർ അബ്രാഹം മെത്രാന്റെ ചരമം (2019)
- **ഏപ്രിൽ 17:** അത്തിക്കളം മാർ ജെയിംസ് മെത്രാന്റെ അഭിഷേകം (2018)
- **ഏപ്രിൽ 18:** കണ്ണൂക്കാടൻ മാർ പോളി മെത്രാന്റെ അഭിഷേകം( 2010)
- **ഏപ്രിൽ 20 :** എടയന്ത്രത്ത് മാർ സെബാസ്റ്റ്യൻ മെത്രാന്റെ അഭിഷേകം (2002)
- **ഏപ്രിൽ 21 :** ലോക ദൈവവിളിപ്രാർഥനാദിനം
- **ഏപ്രിൽ 23 :** തറയിൽ മാർ തോമസ് മെത്രാന്റെ അഭിഷേകം (2017)
- **ഏപ്രിൽ 24:** പുന്നക്കോട്ടിൽ മാർ ജോർജ (1977) കരോട്ടെമ്പ്രയിൽ മാർ ഗ്രിഗറി (1983) എന്നീ മെത്രാന്മാരുടെ അഭിഷേകം
- യാക്കോബുശ്ലീഹായുടെ രക്തസാക്ഷിത്വം
- **ഏപ്രിൽ 26:** കുണ്ടുകുളം മാർ ജോസഫ് മെത്രാപ്പോലീത്തായുടെ ചരമം (1998)

# സിയെന്നായിലെ കത്രീന (1380)

**● മധ്യകാലഘട്ടത്തിലെ വേദപാരംഗതരുടെ ഗണത്തിലാണ് തിരുസഭ കത്രീനയെ ഉൾപ്പെടുത്തിയിരിക്കുന്നത്.**

**വഴികാട്ടികൾ**

**ഫാ. തോമസ് കുഴുപ്പിൽ**



പതിനാലാം നൂറ്റാണ്ടിലെ സഭാചരിത്രത്തിൽ നിർണായകമായ പങ്കുവഹിച്ച പണ്ഡിതയും മിസ്റ്റിക്കുമായ വിശുദ്ധയാണ് ഇറ്റലിയിലെ സിയെന്നായിൽ ജനിച്ച കത്രീന. മധ്യകാലഘട്ടത്തിലെ വേദപാരംഗതരുടെ ഗണത്തിലാണ് തിരുസഭ അവളെ ഉൾപ്പെടുത്തിയിരിക്കുന്നത്. പതിനാറാമത്തെ വയസിൽ ഡൊമിനിക്കൻ മൂന്നാം സഭയുടെ വസ്ത്രം സ്വീകരിച്ച് പ്രാർഥനയിലും ഏകാന്തതയിലും തപശ്ചര്യയിലും അവൾ ജീവിതം കഴിച്ചുകൂട്ടി.

അവളുടെ ജീവിതവിശുദ്ധി തിരിച്ചറിഞ്ഞ, വിവിധ ജീവിതാന്തസുകളിൽപെട്ട ആളുകൾ ആത്മീയോപദേശംതേടി അവളുടെ അടുത്തെത്തി. വിവിധ സ്ഥലങ്ങളിലൂടെ യാത്രചെയ്തു സഭയുടെ നവീകരണത്തിനായി അവൾ യത്നിച്ചുകൊണ്ടിരുന്നു. നിരവധി ആളുകളെ മാനസാന്തരത്തിലേക്കു നയിക്കുകയും കലഹത്തിൽ കഴിഞ്ഞിരുന്ന വിവിധ ജനപദങ്ങളുടെയിടയിൽ സമാധാനം സ്ഥാപിക്കുവാൻ പരിശ്രമിക്കുകയും ചെയ്തു.

രോഗീശുശ്രൂഷയിൽ അവൾ ഔത്സുക്യം കാണിച്ചു. അവളുടെ പ്രാർഥനവഴി അനേകം രോഗികൾ സൗഖ്യംപ്രാപിച്ചു. അക്കാലത്തു ഫ്രാൻസിലെ അവിഞ്ഞോണിൽ വിപ്രവാസത്തിൽ കഴിഞ്ഞിരുന്ന ഗ്രിഗറി പതിനൊന്നാമൻ പാപ്പയും അവളുടെ ഉപദേശംതേടി. 1376 ൽ കത്രീന മാർപാപ്പയെ നേരിട്ടുകണ്ടു റോമിലേക്കു മടങ്ങാൻ ആവശ്യപ്പെട്ടു. റോമിലെ ആഭ്യന്തരകലഹങ്ങൾ നിമിത്തം അവിഞ്ഞോണിൽ താമസിച്ചിരുന്ന പാപ്പാമാരുടെ വിപ്രവാസം ഇതോടെ അവസാനിച്ചു.

ആത്മീയതയുടെ മൂന്നു തലങ്ങളെക്കുറിച്ച് അവൾ വിശദീകരിക്കുന്നു. ഒന്നാമത്തെ തലത്തിൽ പാപങ്ങളെ വിട്ടുപേക്ഷിക്കുന്നു. രണ്ടാമത്തെ തലം ക്രിസ്തീയ പുണ്യങ്ങളുടെ അഭ്യസനമാണ്. മൂന്നാമത്തെ തലത്തിൽ ദൈവൈക്യം സാധ്യമാകുന്നു.

1380 ൽ 33-ാമത്തെ വയസിൽ റോമിൽവച്ച് അവൾ പരലോക പ്രാപ്തയായി. സഭയുടെ ഒരു സംരക്ഷകയായി എക്കാലത്തും അവൾ നിലകൊണ്ടു. ധൈര്യപൂർവ്വം ജീവിതപ്രതിസന്ധികളെയും സഹനങ്ങളെയും നേരിട്ടുകൊണ്ട് വിശുദ്ധിയുടെ പടവുകൾ അവൾ നടന്നുകയറി.


ഈശോയെയും അവിടത്തെ സഭയെയും എപ്രകാരം സ്നേഹിക്കണമെന്നു വാക്കിലും പ്രവൃത്തിയിലുംകൂടി അവൾ പഠിപ്പിച്ചു. വി. കുർബാനയോടുള്ള ആഴമായ ഭക്തി ജീവിതത്തിലുടനീളം നിറഞ്ഞുനിന്നിരുന്ന അവൾക്ക് ആഴമായ ദൈവികദർശനങ്ങളും ഉണ്ടായിരുന്നു. പൗരോഹിത്യത്തോടുള്ള ബഹുമാനാദരവുകൾ എക്കാലവും അവൾ കാത്തുസൂക്ഷിച്ചിരുന്നു. വചനത്തിലും കൂദാശകളിലും അനുഭവവേദ്യമാകുന്ന കർത്താവിന്റെ രക്ഷാകരശക്തിയുടെ മധ്യസ്ഥരായി നിലകൊള്ളുന്നത് പുരോഹിതന്മാരാണ്.

ക്രിസ്തീയ ആത്മീയത എന്നത് ഈശോയുമായുള്ള ഐക്യമാണെന്ന് കത്രീന പഠിപ്പിച്ചു.

# ദൈവത്തോടു സഹകരിക്കുന്നവരാകുക

**● മക്കൾ ദൈവത്തിന്റെ ദാനമാണ്, അതൊരിക്കലും ശാപമല്ല. അതുകൊണ്ടു മക്കളെ സ്വീകരിക്കാൻ കരം നീട്ടുന്നവർ ദൈവത്തോടു സഹകരിക്കുന്നവരാണ്. മക്കളുടെ എണ്ണം കുറയ്ക്കാനായി അനധികൃതമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതു തെറ്റാണെന്നു സഭ പഠിപ്പിക്കുന്നുണ്ട്.**

**മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ**



ദൈവികഛായയാണു മനുഷ്യർക്കു ഓരോരുത്തർക്കുമുള്ളത്. കാരണം ദൈവം മനുഷ്യനെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചുവെന്നാണ് ഉത്പത്തിയുടെ പുസ്തകത്തിൽ നാം വായിക്കുന്നത്. മനുഷ്യനെ മെനഞ്ഞു ജീവൻനല്കിയ ദൈവം ആദാമിന്റെ വാരിയെല്ലിൽനിന്നു ഹവ്വയെ സൃഷ്ടിച്ചു. ആദാമും ഹവ്വയും ഭാര്യഭർത്താക്കന്മാരായിത്തീർന്നതിനുശേഷം

വലിയ ഇടയന്റെ ഹൃദയത്തിൽനിന്ന്

ജീവന്റെ സൂക്ഷിപ്പും ജീവന്റെ വർധനവും ദൈവം അവരെ ഏല്പിച്ചു. ദൈവം ആദിമാതാപിതാക്കളായ ആദത്തെയും ഹവായെയും ഏല്പിച്ച പ്രഥമവും പ്രധാനവുമായ ഉത്തരവാദിത്വവുമായിരുന്നു അത്. ആദവും ഹവയും



ഭാര്യാഭർത്താക്കന്മാരായശേഷമാണ് ദൈവം അവരെ ഈ ഉത്തരവാദിത്വം ഏല്പിച്ചത്. ദൈവം മനുഷ്യനു നല്കിയ ഏറ്റവും ഉന്നതമായ ഉത്തരവാദിത്വമാണ് ജീവന്റെ സൂക്ഷിപ്പും വർധനവും. അതുകൊണ്ടു ദൈവത്തിനുവേണ്ടി ജീവൻ കൈകാര്യം ചെയ്യുന്ന ഭാര്യാഭർത്താക്കന്മാർ, കുടുംബങ്ങൾ, ദൈവത്തിന്റെ കൈകളിലെ ഉപകരണങ്ങളാണ്.

പ്രായോഗികമായ കാരണങ്ങൾകൊണ്ടു പലപ്പോഴും ജീവൻ വേണ്ടെന്നുവയ്ക്കാനും ജീവൻ നശിപ്പിക്കാനും മനുഷ്യൻ നടത്തുന്ന എല്ലാ പരിശ്രമങ്ങളും ദൈവം നല്കിയ ജീവൻ സൂക്ഷിക്കാനും വർധിപ്പിക്കാനുമുള്ള വലിയ ഉത്തരവാദിത്വത്തിന്റെമേലുള്ള മനുഷ്യന്റെ പൈശാചികമായ കടന്നുകയറ്റമാണ്. ജീവനുണ്ടാകാനും അതു സമൃദ്ധമാകാനുംവേണ്ടിയാണ് താൻ വന്നിരിക്കുന്നത് എന്നാണല്ലോ കർത്താവു പറഞ്ഞിരിക്കുന്നത്. ആ ദൗത്യം നാം കർത്താവിൽനിന്ന് ഏറ്റെടുക്കണം. ജീവനുണ്ടാകാനും അതു സമൃദ്ധമാകുന്നതിനുംവേണ്ടി നാമെല്ലാവരും പരിശ്രമിക്കണം.

ഭാര്യഭർത്താക്കന്മാരുടെ കൗദാശികമായ ഉത്തരവാദിത്വം ജീവൻ സൂക്ഷിക്കാനും ജീവൻ വർധിപ്പിക്കാനും കാരണമാകട്ടെ. ജീവനെ നശിപ്പിക്കുന്നതും നഷ്ടപ്പെടുത്തുന്നതും തിന്മയാണെന്ന തിരിച്ചറിവു നമുക്കുണ്ടാക ണം.

മക്കൾ ദൈവത്തിന്റെ ദാനമാണ്, അതൊരിക്കലും ശാപമല്ല. അതുകൊണ്ടു മക്കളെ സ്വീകരിക്കാൻ കരം നീട്ടുന്നവർ ദൈവത്തോടു സഹകരിക്കുന്നവരാണ്. മക്കളുടെ എണ്ണം കുറയ്ക്കാനായി അനധികൃതമാർഗങ്ങൾ സ്വീകരിക്കുന്നതു തെറ്റാണെന്നു സഭ പഠിപ്പിക്കുന്നുണ്ട്.

ദൈവത്തിന്റെ നിയോഗത്തെ നശിപ്പിക്കുകയും ആ നിയോഗത്തിന് എതിരായി പ്രവർത്തിക്കുകയും ചെയ്യുന്നവർ ആ തെറ്റുതിരുത്തുമ്പോൾ ദൈവം സന്തോഷിക്കും. ജീവന്റെ വർധനവിനുവേണ്ടി ദാമ്പത്യങ്ങളും കുടുംബങ്ങളും കൂടുതൽ പ്രതിജ്ഞാബദ്ധമാകണമെന്ന് ഓർമിപ്പിക്കുന്നു, പ്രാർഥിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

---

കൂരിയ ബിഷപ്പിന്റെ സന്ദേശം

# ആൻമരിയായുടെ ജാന്നയും ഇറ്റലിയിലെ ജാന്നയും

**ബിഷപ്പ് സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**



1997 ലാണ് ആൻമരിയായെ ഞാൻ ആദ്യമായി പരിചയപ്പെടുന്നത്. ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ വാർഷികാഘോഷച്ചടങ്ങിൽ പങ്കെടുക്കാനെത്തിയപ്പോൾ സ്വാഗതമാശംസിച്ച വിദ്യാർഥിനിയായിരുന്നു അന്ന് ആൻമരിയ. ഇവൾ നല്ല മിടുക്കിക്കുട്ടിയാണല്ലോയെന്ന് അന്നേ എന്റെ മനസ്സ് പറഞ്ഞു. പിന്നീടു ഞാൻ അവളെ കാണുന്നത് 20 വർഷങ്ങൾക്കു ശേഷമായിരുന്നു. അപ്പോഴേയ്ക്കും അവൾ വിവാഹിതയും ഒരു പെൺകുഞ്ഞിന്റെ അമ്മയുമായിക്കഴിഞ്ഞിരുന്നു.

ഇക്കഴിഞ്ഞ ആഴ്ചയിൽ അവൾ വീണ്ടും എന്നെ കാണാൻ വന്നു. അപ്പോൾ അവൾക്കൊപ്പം മൂന്നു പെൺമക്കളുമുണ്ടായിരുന്നു. അന്ന് അവൾ പങ്കുവെച്ച ഒരു കാര്യം എന്നെ വളരെയേറെ സ്പർശിച്ചു. മൂന്നാമത്തെ കുഞ്ഞിനെ ഗർഭം ധരിച്ചിരുന്നപ്പോൾ ഡോക്ടർമാർ അവളോടു പറഞ്ഞത് ജനിക്കാൻ പോകുന്ന കുഞ്ഞിന് ശാരീരിക മാനസിക വൈകല്യമുണ്ടാകാനുള്ള സാധ്യതയുണ്ടെന്നും അതുകൊണ്ട് കുഞ്ഞിനെ നശിപ്പിക്കുന്നതായിരിക്കും നല്ലതെന്നുമായിരുന്നു.

''പക്ഷേ ഇതുകേട്ടപ്പോൾ ഭർത്താവിനും എനിക്കും ഭയമോ നിരാശയോ തോന്നിയില്ല. മറിച്ചു ഞങ്ങൾ ദൈവത്തിനു നന്ദിപറഞ്ഞു. കാരണം ദൈവം നല്കുന്ന അമൂല്യമായ സമ്മാനങ്ങൾ ആണ് കുഞ്ഞുങ്ങൾ എന്നു ഞങ്ങൾ പണ്ടേ തിരിച്ചറിഞ്ഞിരുന്നു. സാധാരണരീതിയിലുള്ള ശാരീരിക മാനസിക കഴിവുകളോടെ ദൈവം തന്ന ആദ്യത്തെ



രണ്ടു കുട്ടികളെപ്പോലെ ഭിന്നശേഷിയോടെ ജനിക്കാനിരുന്ന കുഞ്ഞിനെയും സ്വീകരിക്കാനാകുമെന്ന് ഞങ്ങൾ വിശ്വസിച്ചു. അമ്മമാരുടെ ഗർഭപാത്രങ്ങളിൽ രൂപംകൊള്ളുന്ന മനുഷ്യജീവനുകളെ ജനിക്കാൻ അനുവദിക്കാത്ത ചിന്താഗതികൾ ഉള്ള ലോകത്തിൽ ഈ വിധം രൂപപ്പെടുന്ന ഒരു ജീവനെ സംരക്ഷിക്കാൻ ഞങ്ങൾക്കു സാധിക്കുമെന്നുറപ്പുള്ളതുകൊണ്ടാണ് ദൈവം അങ്ങനെയൊരു കുഞ്ഞിനെ ഞങ്ങളുടെ പക്കലേക്കു പറഞ്ഞയ്ക്കുന്നതെന്നും ഞങ്ങൾ വിശ്വസിച്ചു. അതുകൊണ്ട് ആ കുഞ്ഞിനെ സ്വീകരിക്കാനുള്ള പ്രാർഥനയിലാണ് ഗർഭകാലം മുഴുവൻ ഞാൻ ചെലവഴിച്ചത്. പക്ഷേ അത്ഭുതകരമെന്നു പറയട്ടെ ഡോക്ടർമാർ നല്കിയ മുന്നറിയിപ്പുപോലെ ഒന്നും സംഭവിച്ചില്ല. മറ്റ് രണ്ടുപെൺമക്കളെയുംപോലെ നോർമലായ ഒരു പെൺകുട്ടി തന്നെയായിരുന്നു അവളും. അവൾക്കു ഞങ്ങൾ ജാന്നാ എന്നു പേരു നല്കി."

ആൻ മരിയ ഇതുപറയുമ്പോൾ ജാന്ന അമ്മയുടെ അരികിലിരുന്ന് എന്നെ നോക്കി ഹൃദയപൂർവ്വം ചിരിക്കുകയായിരുന്നു. നല്ല മിടുക്കിക്കുട്ടി. ഡോക്ടർമാരുടെ വാക്കുകളെ അന്ധമായി വിശ്വസിച്ച് അബോർഷൻ ചെയ്തിരുന്നുവെങ്കിൽ ഈ ഭൂമിയെ അലങ്കരിക്കാൻ അവളുണ്ടാകുമായിരുന്നില്ലല്ലോയെന്നായിരുന്നു ഞാൻ ആത്മഭാരത്തോടെ ചിന്തിച്ചത്. മറ്റൊരു ജാന്നയിലേക്കാണ് എന്റെ ചിന്ത അപ്പോൾ പോയത്.


ഇറ്റലിയിലെ മിലാൻ അടുത്തുള്ള മജന്ത എന്ന സ്ഥലത്ത് 1922 ൽ ജനിച്ച്, ബേർഗമോ എന്ന സ്ഥലത്ത് വളർന്നു, മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം 1955ൽ കുടുംബജീവിതത്തിലേക്കു പ്രവേശിച്ച ജാന്നാ ബെറേത്താ മോള എന്ന സ്ത്രീ 2004 ൽ വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ടു. തന്റെ ഉദരത്തിൽ രൂപംകൊണ്ട നാലു മക്കളിൽ ഏറ്റവും ഇളയവളായ കുഞ്ഞു ജനിക്കുന്നതിനുമുൻപ് ഡോക്ടർമാർ ഗർഭഛിദ്രത്തിന് അവൾക്ക് ഉപദേശം നല്കിയിരുന്നു. എന്നാൽ കുഞ്ഞിന്റെ ജീവൻ സംരക്ഷിക്കുന്നതിനുവേണ്ടി ജീവൻ ത്യജിക്കാൻപോലും സന്നദ്ധയാണെന്നാണ് അവൾ വ്യക്തമാക്കിയത്. ഡോക്ടറും അമ്മയുമായിരുന്ന ഈ വിശുദ്ധയുടെ ജീവിതസാക്ഷ്യം അനേകരെ സ്വാധീനിക്കുന്നു എന്നതിന്റെ ഉത്തമ ഉദാഹരണമാണ് ആൻ മരിയയുടെ ജാന്നായുടെ ജനനത്തിനു പിന്നിലുള്ളത്.

1968 ജൂലൈ 25നാണ് വിശുദ്ധ പോൾ ആറാമൻ മാർപാപ്പ 'മനുഷ്യജീവൻ' (ഹുമാനെ വീത്തെ) എന്ന പ്രസിദ്ധമായ ചാക്രികലേഖനം പുറപ്പെടുവിച്ചത്. അമ്മയുടെ ഗർഭപാത്രത്തിൽ മനുഷ്യജീവൻ രൂപം കൊള്ളുന്ന ആദ്യനിമിഷംമുതൽ അതു വിശുദ്ധമായി പരിപാലിക്കപ്പെടണം എന്നു ഈ ചാക്രികലേഖനത്തിലൂടെ പരിശുദ്ധ പിതാവു പ്രബോധിപ്പിച്ചു.

ഓരോ കുഞ്ഞും ദൈവത്തിന്റെ അമൂല്യദാനം ആണെന്നും ദൈവത്തിന്റെ ഇടപെടലിന്റെ അടയാളമാണെന്നും ചാക്രികലേഖനം ഓർമിപ്പിക്കുന്നു.

കുടുംബജീവിതത്തിൽ നേരിടുന്ന വെല്ലുവിളികളെ ധീരതയോടും ആത്മീയചൈതന്യത്തോടുംകൂടി നേരിടുന്ന ആൻ മരിയായെ പോലുള്ളവർ ജീവന്റെ സുവിശേഷം പ്രഘോഷിക്കുകയും കലർപ്പില്ലാതെ അതു ജീവിക്കുകയും ചെയ്യുന്നവരാണ്. സമകാലിക സംസ്കാരത്തിന്റെ നിഷേധഭാവങ്ങളെ ഇല്ലാതാക്കാൻ ഇത്തരം വഴിവിളക്കുകൾ ഇനിയും ഒളിമങ്ങാതെ പ്രകാശിക്കട്ടെ!


# കാട് കാട്ടുമൃഗങ്ങൾക്കും നാട് നാട്ടാർക്കും



കാലികം

ഡോ. ചാക്കോ കാളംപറമ്പിൽ

**എല്ലാ സുസ്ഥിരവികസനത്തിന്റെയും കേന്ദ്ര പരിഗണന മനുഷ്യനായിരിക്കണം – യുനെസ്കോ**



കേരളത്തിന്റെ ആകെ ഭൂവിസ്തൃതിയായ 9603256 ഏക്കർ ഭൂമിയിൽ മൂന്നര കോടിയോളം ജനങ്ങൾ വസിക്കുന്നതും ഒരു കോടിയോളം ഭവനങ്ങളും കൃഷിയിടങ്ങളും സ്ഥിതിചെയ്യുന്നതും കേവലം 28 ലക്ഷം ഏക്കർ ഭൂമിയിലാണ്. ബാക്കിയുള്ള പ്രദേശങ്ങൾ മുഴുവനും വനവും തോട്ടങ്ങളും റോഡുകളും ഡാമുകളും ജലവൈദ്യുത പദ്ധതികളും റെയിൽവേയും കേന്ദ്ര സംസ്ഥാന സർക്കാർ സംരംഭങ്ങളും സ്ഥാപനങ്ങളും മറ്റുമാണ്. കേരളത്തിലെ 200 പഞ്ചായത്തുകൾ രൂക്ഷമായ വന്യജീവി ആക്രമണങ്ങൾ ഉള്ളവയാണ്. 30 ലക്ഷത്തിലധികം ജനങ്ങൾ നിവസിക്കുന്ന പത്തുലക്ഷം കുടുംബങ്ങളാണ് പതിറ്റാണ്ടുകളായി ഈ പഞ്ചായത്തുകളിൽ വന്യജീവികളുടെ ആക്രമണംമൂലമുള്ള ദുരിതം അനുഭവിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ 10 വർഷത്തെ മാത്രം ഔദ്യോഗിക കണക്കനുസരിച്ച് 1310 പേർ വന്യജീവി ആക്രമണംമൂലം കൊല്ലപ്പെടുകയും 5000 ലധികം ആളുകൾ വന്യജീവി ആക്രമണത്തിൽ പരിക്കേല്ക്കുകയും 50000ലധികം ഇടങ്ങളിൽ കൃഷി നാശങ്ങൾ സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ഔദ്യോഗിക രേഖപ്രകാരം 2008 വർഷത്തിൽ 32 പേർ മാത്രം വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർ ആയിരുന്നെങ്കിൽ 2018ൽ 953 പേർക്കാണ് പരിക്കേറ്റത്. കേരളത്തിലെ വനാതിർത്തി പങ്കിടുന്ന 16846 കിലോമീറ്റർ നീളത്തിൽ കിടക്കുന്ന റവന്യുഭൂമിയിൽ കേവലം 2750 കിലോമീറ്റർ നീളത്തിൽ മാത്രമാണ് പരിമിതമായ തോതിലെങ്കിലും വനാതിർത്തികളിൽ, സംരക്ഷണ കവചം (വേലി) ഉള്ളത്. കേരളത്തിന്റെ ഭൂവിസ്തൃതിയിൽ 30% റിസർവ് ഫോറസ്റ്റ് ഉള്ളപ്പോൾ ദേശീയ ശരാശരി കേവലം 22 ശതമാനം ആണ്. 2015 – 19 വർഷകാലയളവിൽ ഔദ്യോഗികരേഖപ്രകാരം കേരളത്തിലെ വനാവരണം 5% വർധനയാണു കാണിക്കുന്നത്. കേരളത്തിലെ ആകെ വിസ്തൃതിയുടെ 45%വും വനസമാന വൃക്ഷനിബിഡതയുള്ളതാണെന്നാണ് ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ റിപ്പോർട്ട്.

കഴിഞ്ഞ രണ്ടര പതിറ്റാണ്ടുകൊണ്ട് കേരളത്തിലെ കാട്ടാനകളുടെ എണ്ണം 70 ശതമാനം വർധച്ചിട്ടുണ്ട്. ഇന്ത്യയിൽ ആകെയുള്ള 27000 കാട്ടാനകളിൽ 6500 എണ്ണവും ഇന്ത്യയുടെ മൊത്തം ഭൂവിസ്തൃതിയുടെ ഒരു ശതമാനം മാത്രംവരുന്ന കേരളത്തിലാണ് എന്നത് ആശങ്കയുളവാക്കുന്നതാണ്. വയനാട് ജില്ലയെ മാത്രം ഉദാഹരിച്ചാൽ, 345 ചതുരശ്രകിലോമീറ്റർ വനത്തിൽ 150ലധികം കടുവകളെയാണ് കണ്ടെത്തിയിട്ടുള്ളത്. ശാസ്ത്രീയമായി കേവലം 20 കടുവകളുടെ ആവാസവ്യവസ്ഥക്കുമാത്രം വലിപ്പമുള്ള വയനാട്ടിലെ സ്ഥിതിയാണിത്. വന സൗന്ദര്യവത്ക്കരണത്തിന്റെ ഭാഗമായി വനംവകുപ്പു വയനാട്ടിൽ അശാസ്ത്രീയമായി പത്തുവർഷം മുമ്പ് 14 ചതുരശ്ര കിലോമീറ്റർ വനത്തിൽ നട്ടുപിടിപ്പിച്ച സ്വർണകൊന്ന എന്ന വിദേശ ചെടി വയനാട്ടിലെ ആകെ വന വിസ്തൃതിയുടെ മൂന്നിലൊന്ന് ഭാഗത്തേക്ക് വ്യാപിച്ചു കഴിഞ്ഞു. കേരളത്തിന്റെ വനവിസ്തൃതിയിൽ 13 ശതമാനവും വാണിജ്യാവശ്യങ്ങൾക്കുള്ള തേക്കുതോട്ടങ്ങളും മറ്റു തോട്ടങ്ങളുമാണ്. കൂടാതെ കുറേ ഭാഗം സാമൂഹ്യവനവത്ക്കരണത്തിന്റെ ഭാഗമായി രൂപപ്പെടുത്തിയ അക്കേഷ്യ, മാഞ്ചിയം, യൂക്കാലി, മുള അടക്കമുള്ള കൃത്രിമവനങ്ങളാണ്.

### മനുഷ്യ–വന്യജീവിസംരക്ഷണവും കോടതിയും

RSA No .1341/2012 ഹൈക്കോടതി വിധിയിലെ 11,12 പാരഗ്രാഫുകളിൽ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് പൗരന്റെ വസ്തുവകകൾ സംരക്ഷിക്കുവാനുള്ള സർക്കാരിന്റെ Principle of Srict Liabiltiy of the State ഊന്നി പറയുന്നുണ്ട്. വനവും വന്യജീവികളും സർക്കാരിന്റെ സമ്പത്താണെന്നും പൗരന് അതിനെ ആക്രമിക്കാനോ നശിപ്പിക്കാനോ യാതൊരവകാശവുമില്ല എന്നും എടുത്തുപറയുന്നതോടൊപ്പം പൗരന്റെ സ്വത്തുക്കൾ വന്യജീവി ആക്രമണങ്ങളിൽനിന്നും സംരക്ഷിക്കുവാനുള്ള കടമ സർക്കാരിന്റേതാണെന്ന് പറയുന്നുമുണ്ട്. പന്ത്രണ്ടാമത്തെ ഖണ്ഡികയിൽ റിസർവ് ഫോറസ്റ്റിനോട് അടുത്തുകിടക്കുന്ന സ്വകാര്യഭൂമിയിലും സ്വത്തുക്കളിലും വന്യമൃഗങ്ങൾ കടന്നുകയറി അലഞ്ഞുതിരിയാൻ അസാധ്യമായ വിധത്തിൽ അത്യാവശ്യമായ വേലികളും സംരക്ഷണകവചങ്ങളും തീർക്കേണ്ടത് സർക്കാരിന്റെ പൂർണ ഉത്തരവാദിത്വമാണെന്ന് കോടതി ചൂണ്ടിക്കാണിക്കുന്നു. അതുകൊണ്ടുതന്നെ വന്യമൃഗങ്ങൾ പൗരന്റെ വാസകേന്ദ്രങ്ങളിലേക്കും കൃഷിഭൂമിയിലേക്കും അതിക്രമിച്ചു കയറുന്നില്ല എന്ന് ഉറപ്പാക്കേണ്ട പൂർണ ഉത്തരവാദിത്വം സർക്കാരിന്റേതാണ്. ഇതിനു മുന്നോടിയായി കേരളത്തിലെ മുഴുവൻ വനം റവന്യൂ അതിർത്തികളും ജോയിന്റ് സർവേയുടെ അടിസ്ഥാനത്തിൽ അളന്നുതിരിച്ചു ഗസറ്റ് വിജ്ഞാപനം ഇറക്കുവാൻ നടപടിയുണ്ടാവണം. ഇപ്പോഴത്തെ സാഹചര്യത്തിൽ സർക്കാർ നിർദേശങ്ങൾ ഇല്ലാത്തതിനാൽ ഇത്തരം സർവേയ്ക്കുവേണ്ടി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥവൃന്ദം നിഷ്ക്രിയമാണ്.

ഈ സാഹചര്യത്തിൽ വന്യജീവി ആക്രമണം നേരിടുന്ന മുഴുവൻ ജനങ്ങൾക്കുംവേണ്ടി വസ്തുതകളുടെയും പഠനത്തിന്റെയും അടിസ്ഥാനത്തിൽ ചില നിർദേശങ്ങൾ സമർപ്പിക്കുന്നു.

### ചെയ്യാൻ മനസ്സുണ്ടെങ്കിൽ

1. മൃഗസംഖ്യാവർദ്ധനവു തടയാൻ പാശ്ചാ ത്യ രാജ്യങ്ങളുടെ മാതൃകയിൽ വന്യജീവി പ്രത്യുല്പാദന നിയന്ത്രണം അടക്കമുള്ള ശാസ്ത്രീയമാർഗങ്ങൾ അവലംബിക്കണം. വനത്തിന്റെ വാഹകശേഷിക്കപ്പുറം നിലവിൽ അധികമുള്ള വന്യജീവികളെ കള്ളിങ്ങ് അഥവാ സെലക്ടീവ് ഹണ്ടിങ് വഴി ഉന്മൂലനം ചെയ്യുകയോ, മറ്റു സംസ്ഥാനങ്ങളിലേക്കോ രാജ്യങ്ങളിലേക്കോ മാറ്റിപ്പാർപ്പിക്കുകയും ചെയ്യണം.

2. വന്യമൃഗങ്ങളിൽനിന്നുള്ള സംരക്ഷണത്തിനു താല്ക്കാലിക പരിഹാരമായി സൗര വേലികൾ മതിയാവുന്ന പ്രദേശങ്ങളിൽ സൗര വേലികൾ നിർമിച്ച് അതോടൊപ്പം പ്രതിരോധ പ്രവർത്തനത്തിനാവശ്യമായ സാമ്പത്തികസ്വാതന്ത്ര്യം അതാതു പഞ്ചായത്തത്തുകൾക്കു കൈമാറണം. പഞ്ചായത്ത് ജനജാഗ്രതസമിതിയും റാപ്പിഡ് റെസ്പോൺസ് ടീമും സംയുക്തമായി ഇതിന്റെ നിയന്ത്രണം ഏറ്റെടുക്കുക. സോളാർ ഫെൻസിംഗിന് സംരക്ഷണം നല്കുന്നതിന്, രണ്ടു കിലോമീറ്റർ സൗരവേലിക്ക് ഒരു വാച്ചർ എന്ന നിലയിൽ പ്രാദേശികനിവാസികളായ കർഷകരെ മാസശമ്പള അടിസ്ഥാനത്തിൽ വേലിയുടെ സംരക്ഷണചുമതലയും മെയിന്റനൻസും ഏല്പ്പിക്കുക. അതിനുള്ള തുക ബന്ധപ്പെട്ട പഞ്ചായത്തുവഴി നല്കുക.

3. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിൽ ആനമതിൽ, V ആകൃതി കിടങ്ങുകൾ, റെയിൽ വേലികൾ, ഇരുമ്പുവടവേലികൾ (iron rope fencing) എന്നിവയിലേതെങ്കിലും ഒന്ന് ഭൂപ്രകൃതിക്ക് അനുസരിച്ച് സ്ഥാപിക്കുക. പത്ത് വർഷംകൊണ്ട് വനഭൂമിയും കൃഷി ഭൂമിയും വേർതിരിച്ചുകൊണ്ട് സ്ഥിരമായ ഫെൻസിങ് /ആനമതിൽ പൂർത്തിയാക്കുന്നതിനു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.

4. വന്യമൃഗങ്ങൾ ഉണ്ടാക്കുന്ന കൃഷിനാശങ്ങൾക്കും ജീവനാശത്തിനും ഇപ്പോൾ നല്കുന്ന തുച്ഛമായ ആശ്വാസധനം മാറ്റി ശാസ്ത്രീയമായി നഷ്ടം കണക്കാക്കി മതിയായ തുക ഇരകൾക്ക് നഷ്ടപരിഹാരമായി നൽകണം.

5. നിസാര പ്രീമിയത്തിൽ കർഷകർക്കു പഞ്ചായത്തുതല വിള ഇൻഷൂറൻസ് ഏർപ്പെടുത്തുക. മറ്റു ചില സംസ്ഥാനങ്ങൾ ചെയ്യുന്നതുപോലെ വോളണ്ടിയർമാരെ നിയമിച്ചു വിളനാശം സംഭവിച്ച ഉടൻതന്നെ ആദ്യഗഡു നഷ്ടപരിഹാരം എത്തിച്ചുകൊടുക്കുക. ഇൻഷുറൻസ് വക നഷ്ടപരിഹാരവും സർക്കാർ നഷ്ടപരിഹാരവും ഒരേസമയം കർഷകർക്കു ലഭ്യമാക്കണം.

6. വനാതിർത്തിയിൽനിന്ന് 500 മീറ്റർ ഉള്ളിൽവരെ ഹ്യൂമൻ സെൻസിറ്റീവ് സോണായി പ്രഖ്യാപിക്കുക. വന്യജീവികൾ കൃഷിയിടങ്ങളിൽ ഇറങ്ങിയാൽ അവയെ ഏതു മാർഗം ഉപയോഗിച്ചുനേരിടാനും സ്വന്തം ജീവനും കൃഷിയും സംരക്ഷിക്കാനുള്ള ഭരണഘടനാപരമായ അവകാശം (ആർട്ടിക്കിൾ 21) കർഷകർക്ക് ഉറപ്പുവരുത്തുകയും വന്യമൃഗങ്ങൾക്കു വനത്തിൽ ലഭിക്കുന്ന പരിരക്ഷയെങ്കിലും കർഷകനും അവന്റെ വളർത്തുമൃഗങ്ങൾക്കും കൃഷിക്കും വീടിനും റവന്യൂഭൂമിയിൽ ഉറപ്പുവരുത്തുകയും വേണം.

7. വനത്തിനകത്ത് വനേതരപ്രവർത്തനങ്ങൾ വാണിജ്യോദ്ദേശ്യത്തോടെ വ്യാപകമായി വനം വകുപ്പ് നടത്തുന്നതിനാൽ വന്യജീവികളുടെ സ്വാഭാവിക ആവാസവ്യവസ്ഥ നശിപ്പിക്കപ്പെടുകയും, വന്യജീവികൾ വനത്തിനുപുറത്തു ജനവാസമേഖലകളിലേക്ക് കടക്കുകയും ചെയ്യുന്നു. ആകെ വനവിസ്തൃതിയുടെ 13% ലധികം വരുന്ന തോട്ടങ്ങളും തേക്ക്, അക്കേഷ്യ, യൂക്കാലിപ്റ്റ്സ്, മാഞ്ചിയം തുടങ്ങിയ വനങ്ങളും അന്തരീക്ഷ താപനില വർധിപ്പിക്കുകയും, വനത്തിനകത്തു ജലലഭ്യത കുറക്കുകയും ചെയ്യുന്നു. വനംവകുപ്പിനു കീഴിലുള്ള എല്ലാത്തരം തോട്ടങ്ങളും കൃത്രിമ വനങ്ങളും വെട്ടിമാറ്റി ഇക്കോ കൺസർവേഷൻ നടപ്പിലാക്കി പ്ലാന്റേഷനുകൾ സ്വാഭാവികവനങ്ങളായി പരിണമിപ്പിക്കുകയും, അവിടെ പ്ലാവ്, മാവ്, വാഴ തുടങ്ങിയ ഫലവൃക്ഷങ്ങളൂം, കൈതച്ചക്ക തുടങ്ങിയ ഫലങ്ങളും വനത്തിനുള്ളിൽ മൃഗങ്ങൾക്ക് ആവശ്യാനുസരണം ഉപയോഗിക്കാനായി നട്ടുപിടിപ്പിക്കുക.

8 IUCN കൺസർവേഷൻ സ്റ്റാറ്റസ് പ്രകാരം LEAST CONCERN വിഭാഗത്തിൽപ്പെടുന്ന കാട്ടുപന്നിയെയും കുരങ്ങിനെയും മുള്ളൻ പന്നിയെയും ക്ഷുദ്രജീവികളായിയി പ്രഖ്യാപിച്ചു വന്യജീവി സംരക്ഷണ നിയമത്തിലെ 11(1b) സെക്ഷൻ പ്രകാരം വനത്തിനകത്തു മനുഷ്യർക്കു നിയമപരമായ സംരക്ഷണം ഇല്ലാത്തതുപോലെ, കൃഷിഭൂമിയിൽ എത്തുന്ന മൃഗത്തിനു വന്യജീവി Status എടുത്തുകളയുകയും അവയെ ഉപാധിരഹിതമായി കൊല്ലാനുള്ള അനുവാദം കർഷകർക്കു നല്കുകയും, കൃഷിയിടത്തിൽവെച്ചു വെടിവെക്കുന്നതിന് ആവശ്യമുള്ള/തയ്യാറുള്ള എല്ലാ കർഷകർക്കും തോക്ക് ലൈസൻസ് നല്കുകയും അല്ലാത്തവർക്ക് കെണിവെച്ചു പിടിക്കാനുള്ള അനുവാദം നല്കുകയും ചെയ്യുക. ഇങ്ങനെ കൊല്ലപ്പെടുന്ന കാട്ടുപന്നിയുടെയും മറ്റും മാംസം ലേലത്തിൽ വിറ്റ് പഞ്ചായത്തുകളുടെ ഈ മേഖലയിലെ പ്രവർത്തനങ്ങൾക്ക് കരുതൽ ഫണ്ട് ആക്കി മാറ്റുക.

9. മനുഷ്യവാസമേഖലയിൽ കടന്നുകയറുന്ന മൃഗങ്ങൾക്കു റേഡിയോ കോളർ ഘടിപ്പിക്കുകയും മനുഷ്യവാസ മേഖലയിൽ നിരന്തരം കടന്നുവരുന്ന അവയെ പിടികൂടി ബന്ധനത്തിലാക്കുകയും വേണം.

10. വന്യമൃഗശല്യത്തിനെതിരെയുള്ള പരിഹാരങ്ങൾ ഇതിനോടകം പഠിച്ചിട്ടുള്ള സമിതികളുടെ ശുപാർശകൾപ്രകാരം കാലതാമസംകൂടാതെ അടിയന്തരമായി നടപ്പിൽവരുത്തുക. ആവർത്തിച്ചാവർത്തിച്ചുള്ള ഇത്തരം പഠനങ്ങളുടെയും കമ്മിറ്റികളുടെയും മറവിൽ പ്രതിരോധനടപടികളെ ബോധപൂർവം താമസിപ്പിക്കുന്ന ശ്രമങ്ങൾ ഉപേക്ഷിക്കുക.

11. മരങ്ങൾ നട്ടുപിടിപ്പിച്ചും മണ്ണ് സംരക്ഷിച്ചും കർഷകർ നടത്തുന്ന മഹത്തായ പരിസ്ഥിതി പ്രവർത്തനം അംഗീകരിച്ചു കർഷകർക്ക് പ്രോത്സാഹനവും സാമ്പത്തിക സഹായവും കാർബൺ ക്രെഡിറ്റ് അവകാശവും നല്കുക.

12. വന്യജീവി ആക്രമണത്തിന് നഷ്ടപരിഹാരം നൽകുന്നതിന് statutary സംവിധാനം ഏർപ്പെടുത്തുക. മോട്ടോർ വാഹന അപകട ഇൻഷുറൻസ് മാതൃകയിൽ, വന്യജീവി ആക്രമണംനേരിടുന്ന പഞ്ചായത്തുകളിലെ ജനങ്ങളെ പഞ്ചായത്ത് ഗ്രൂപ്പ് ഇൻഷുറൻസിൽ ഉൾപ്പെടുത്തി സംരക്ഷിക്കുകയും നഷ്ടപരിഹാരം ഉറപ്പാക്കുകയും ചെയ്യുക. ഓരോ അപകടവും പ്രത്യേകമായി പരിഗണിച്ചു നഷ്ടപരിഹാരം നിർണയിക്കുന്നതിനും, സമയബന്ധിതമായി നഷ്ടപരിഹാരംനല്കുന്നതിനും അടിയന്തിര നഷ്ടപരിഹാരം (ഇടക്കാലാശ്വാസം) ജീവഹാനി, പരിക്കുകൾ, നിത്യവൈകല്യം ഇവക്കു ഉടൻ നല്കുന്നതിന് സംവിധാനം ഉണ്ടാക്കുക. പഞ്ചായത്ത് തലത്തിൽ മോണിറ്ററിങ് (നിരീക്ഷണ മേൽനോട്ട) സമിതികൾ രൂപീകരിക്കുക.

13. വന്യജീവി ആക്രമണത്തിൽ മരിച്ച കുടുംബങ്ങളുടെ സംരക്ഷണം സർക്കാർ ഏറ്റെടുക്കുക. വന്യജീവി ആക്രമണം മൂലം കൃഷി അസാധ്യമായ സ്ഥല ഉടമകൾക്ക് കൃഷിയിൽനിന്നു കിട്ടേണ്ട ആദായത്തിനു തുല്യമായ തുക വർഷംതോറും നല്കുക.

14. വന്യജീവി ആക്രമണത്തിന് ഉത്തരവാദി സർക്കാരായിരിക്കും എന്നതിനാൽ, വന്യജീവി ആക്രമണം ഉണ്ടായാൽ സർക്കാരിനെതിരെ/ വനം വകുപ്പിനെതിരേ നിയമനടപടിക്കു നിയമം ഉണ്ടാക്കുക. വന്യമൃഗങ്ങൾക്കു വനത്തിനു പുറത്തു നിയമപരമായ സംരക്ഷണം ഉണ്ടായിരിക്കുകയില്ല എന്നതു നിയമാക്കുക.

15. 1972ലെ വന്യജീവി സംരക്ഷണ നിയമം കാലാനുസൃതമായി പരിഷ്കരിച്ചു നിയമത്തിൽ ഭേദഗതികൾകൊണ്ടുവന്ന് Wild Life Management എന്നതിലേക്കു കേന്ദ്രീകരിക്കുക. ഈ നിയമത്തിലെ അപാകതകൾ പരിഹരിക്കുന്നതിനു ആവശ്യമായ ഓർഡിനൻസുകൾ സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുക.

16. വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട കർഷകന്റെ നിലനില്പ്പിനും അതിജീവനത്തിനും വേണ്ടി നടത്തിയ പ്രക്ഷോഭങ്ങളുടെയും, സമരങ്ങളുടെയും പേരിൽ കർഷകർക്കെതിരേ എടുത്തിരിക്കുന്ന എല്ലാവിധ നടപടികളും നിറുത്തുകയും, പിൻവലിക്കുകയും ചെയ്യുക.

17. കോടതികളിൽനിന്നും കർഷകർക്ക് ലഭിക്കുന്ന അനുകൂലവിധിയുടെ ഗുണം കർഷകർക്ക് നിഷേധിക്കുന്ന വനംവകുപ്പ് നിലപാടു തിരുത്തുക. വനപാലകരുടെ താമസവും ഓഫീസും വനാതിർത്തിക്കടുത്തേക്കു മാറ്റി സ്ഥാപിക്കുക.

# Missionary Mandate is the Right and Duty of the Entire Church

**Bishop Prince Antony Panengadan**



Mission is the life-breath of the Church. The Church came into existence as a result of the mission of the Son and the mission of the Holy Spirit. The Church spreads to the ends of the earth with the mission of the apostles and subsequent disciples. Similarly, the Church grows today through mission. The moment the Church ceases to be missionary, she ceases to grow.

"Go into all the world and proclaim the good news to the whole creation" (Mk 16:15). This missionary mandate is the most important command of Jesus for two reasons. First, the context of this mandate is very crucial. He gave this instruction to his disciples just before he was taken up into heavens. Therefore, we can conclude that these are the final words of Jesus on the earth. In other words, it is Jesus' "Last Will". In general, people attach great importance to the Last Will of parents, founders or great leaders as it is indicative of their greatest desire to be respected by their children or followers. If Jesus has spoken these words as his final words, we can conclude, this is the desire closest to his heart. Second, Good News is the sum total of all the commandments. While preaching good news, we are, in fact, teaching all the commandments (cf. Mt 28:19-20). In sum, all commandments are included the Good News and while preaching the Good News, all the commandments are taught. So, we can conclude that the missionary commandment is the most important commandment of Jesus.

The missionary responsibility is not limited to the so-called missionaries, rather it is the common task of the Church. The call to preach or bear witness to Jesus does not come from the priestly ordination or religious profession, instead from the sacrament of baptism. All the baptized, therefore, are missionaries. The Church teaches that "lay Christians are entrusted by God with the apostolate by virtue of their Baptism and Confirmation, they have the right and duty, individually or grouped in associations, to work so that the divine message of salvation may be known and accepted by all men throughout the earth" (CCC, 900). The entire Church, therefore, has to be involved in the mission. It is very insightful to see that at the initial stage of the growth of the Church, the ordinary faithful did play a crucial rule in spreading the Word of God along with the apostles. A telling example can be seen in the book of Acts. The scattered faithful following the persecutions in Jerusalem went about preaching the Gospel bringing Good News to many villages in Samaria. They announced the good news, taught the people and even baptized them before they were given the Holy Spirit by the apostles (Acts 8:1-17). Ordinary Christians started the mission, whereas it was completed by the apostles. This episode teaches that preaching the Good News is the common task of the entire Church.

# ദൈവഹിതത്തിനു കീഴ്പ്പെട്ട്...

**ഇന്ത്യയിലെ ആദ്യത്തെ തദ്ദേശീയ സന്യാസസമൂഹമായ സിഎംഐ സന്യാസസമൂഹത്തിന്റെ പ്രവർത്തനങ്ങളെയും ദർശനങ്ങളെയുംകുറിച്ച്**

ദൈവവചനത്തിന്റെ അകക്കാമ്പു മനസ്സിലാക്കി അതനുസരിച്ചു ലോകത്തെയും മനുഷ്യരെയും സേവിച്ചും സ്നേഹിച്ചും ഭൂമിയിൽ ദൈവരാജ്യസ്ഥാപനത്തിന്റെ സഹകാരികളാകാൻ സന്നദ്ധരായി മുന്നോട്ടുവരുന്നതിന്റെ സൂചകങ്ങളാണ് ഈ ലോകത്തിലുള്ള എല്ലാ സന്യാസസമൂഹങ്ങളും. കാലത്തിന്റെ അടയാളങ്ങളോടു സവിശേഷാത്മകമായും സുവിശേഷാത്മകമായും അവയോരോന്നും പ്രത്യുത്തരിക്കുന്നുണ്ട്. അത്തരമുള്ള മറുപടിയും പ്രതികരണവുമായി ഇന്ന് പീഠത്തിൽ വച്ച വിളക്കുപോലെ ശോഭിക്കുന്ന ഒരു സന്യാസസമൂഹമാണ് കാർമലൈറ്റ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് അഥവാ സിഎംഐ.

1831 മെയ് 11 ന് വരാപ്പുഴ വികാർ അപ്പസ്തോലിക്ക ആയിരുന്ന ബിഷപ് മൗറേലിയസ് സ്റ്റാബിലിനിയുടെ അനുവാദത്തോടെ മല്പാൻ തോമസ് പാലക്കലും മല്പാൻ തോമസ് പോരുക്കരയും വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചനും ബ്രദർ ജേക്കബ് കണിയാന്ത്രയും ചേർന്ന് ഒരു താപസഭവനം ആരംഭിച്ചതിൽ നിന്നായിരുന്നു ഇന്നത്തെ സിഎംഐ സന്യാസസമൂഹത്തിന്റെ പിറവി. 1855 ഡിസംബർ എട്ടിന് ഈ സന്യാസസമൂഹത്തിന് കാനോനികമായ അംഗീകാരം ലഭിച്ചു. തുടർന്ന് സന്യാസസമൂഹത്തിലേക്ക് കടന്നുവന്ന ആദ്യ പതിനൊന്ന്പേർ സന്യാസവ്രതവാഗ്ദാനം നടത്തുകയും അപ്പോൾ ജീവിച്ചിരിക്കുന്നതിലെ ഏക സ്ഥാപകനായ കുര്യാക്കോസ് ചാവറയച്ചൻ- പില്ക്കാലത്തെ വിശുദ്ധ ചാവറയച്ചൻ-സഭയുടെ ആദ്യത്തെ സുപ്പീരിയർ ആയി നിയമിതനാവുകയും ചെയ്തു. 1958 മുതല്ക്കാണ് കാർമലൈറ്റ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് എന്ന പേരിൽ ഈ സന്യാസസമൂഹം അറിയപ്പെട്ടു തുടങ്ങിയത്.

കേരളത്തിന്റെ അതിർത്തികൾ ഭേദിച്ചുകൊണ്ടുള്ള സിഎംഐയുടെ പ്രവർത്തനങ്ങളുടെ തുടക്കം കുറിക്കപ്പെട്ടത് 1962 ലായിരുന്നു. സീറോമലബാർസഭയുടെ ആദ്യ മിഷൻകേന്ദ്രമായ ഛാന്ദാമിഷൻ സിഎംഐ സമൂഹം ഏറ്റെടുത്തതോടെയായിരുന്നു അത്. അന്നുമുതൽ നിരവധി മിഷൻകേന്ദ്രങ്ങളിലും രൂപതകളിലും സിഎംഐ സമൂഹാംഗങ്ങൾ ശുശ്രൂഷ ചെയ്യുന്നു.

ഓരോ പ്രത്യേക അവസരത്തിലും കാലഘട്ടം ആവശ്യപ്പെടുന്നത് അനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് തുടക്കംമുതൽ സിഎംഐ കാഴ്ചവച്ചത്. ഇന്നും അതേ പതിവാണ് തുടർന്നുപോരുന്നത്. സുവിശേഷപ്രഘോഷണം, വിദ്യാഭ്യാസം, കാരുണ്യപ്രവർത്തനങ്ങൾ, ജീവകാരുണ്യസ്ഥാപനങ്ങൾ എന്നിവയാണ് സിഎംഐ സമൂഹാംഗങ്ങൾ പ്രധാനമായും സേവനനിഷ്ഠരായിരിക്കുന്ന മേഖലകൾ. അതിരുകൾക്കപ്പുറത്തേക്കും സാക്ഷ്യമേകുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ ആറുവർഷമായി പുതിയ ചില മേഖലകളിലേക്കു കൂടി ഈ സമൂഹം ശ്രദ്ധപതിപ്പിച്ചിട്ടുണ്ട്. സിഎംഐ കമ്മ്യൂണിറ്റേറിയൻ മിഷന്റെ നവീകരണവും ശാക്തീകരണവും, ദരിദ്രരോടുള്ള അനുകമ്പാർദ്രമായ സ്നേഹം, കുട്ടികളെയും ചെറുപ്പക്കാരെയും കുടുംബങ്ങളെയും അനുധാവനം ചെയ്യൽ, നമ്മുടെ പൊതുഭവനമായ ഭൂമിയെന്ന അമ്മയുടെ പരിപാലനം, ഡിജിറ്റൽ മീഡിയ എന്നിവയാണ് അവ.



പ്രവർത്തിക്കുന്ന ഇടമോ മേഖലയോ എന്തുതന്നെയുമായിരുന്നുകൊള്ളട്ടെ അവിടെയെല്ലാം ക്രിസ്തീയമൂല്യങ്ങളുടെ സ്പർശവും സ്നേഹത്തിന്റെ സാക്ഷ്യവും സുതാര്യമായ ഇടപെടലുകളും വഴിയാണ് സിഎംഐ സമൂഹം ശ്രദ്ധേയമാകുന്നത്.

സഭയുടെ ചാരിറ്റിപ്രവർത്തനങ്ങൾ എല്ലാംതന്നെ ശാക്തീകരണ മാതൃകകൾ കൂടിയാണ്. ശാരീരിക വൈകല്യം നേരിടുന്നവർക്കായുള്ള സ്ഥാപനങ്ങൾ, എച്ച്ഐവി- എയ്ഡ്സ് പുനരധിവാസകേന്ദ്രങ്ങൾ, അനൗപചാരിക വിദ്യാഭ്യാസം, ചിൽഡ്രൻസ് ഹോം, വൃദ്ധഭവനം. ചെറുകിട വ്യവസായസംഘങ്ങൾ, സ്വാശ്രയസംഘങ്ങൾ, രജിസ്ട്രേഡ് എൻ ജി ഒ കൾ, സോഷ്യൽ റിസേർച്ച് സെന്ററുകൾ തുടങ്ങിയവയെല്ലാം സന്യാസസമൂഹത്തിന്റെ സാമൂഹികപ്രതിബദ്ധതയുടെ അടയാളങ്ങളാണ്.

സിഎംഐ സമൂഹത്തിന്റെ സാമൂഹികപ്രതിബദ്ധതയുടെയും സുവിശേഷാത്മകമായ ജീവിതത്തിന്റെയും പ്രേഷിതതീക്ഷ്ണതയുടെയും വർത്തമാനകാലതെളിവുകളിലൊന്നാണ് മണിപ്പൂർ കലാപത്തിന്റെ ഇരകളായ യുവജനങ്ങളുടെ നേരെ നീട്ടിയ സഹായഹസ്തം. സാമുദായികസംഘർഷങ്ങളുടെ ഭാഗമായി പലായനം ചെയ്യേണ്ടിവന്ന ആ ചെറുപ്പക്കാരുടെ വിദ്യാഭ്യാസാവശ്യങ്ങൾക്കും ഭാവി ജീവിതത്തിന്റെ കരുപിടിപ്പിക്കലിനുമായി തങ്ങളാലാവുംവിധം അവരെ സഹായിക്കാനായി സിഎംഐ സന്യാസസമൂഹം അവർക്കൊപ്പം സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്.

കാക്കനാട് ചാവറ ഹിൽസിലാണ് ആസ്ഥാനം. ഭരണനിർവഹണത്തിനായി 15 പ്രോവിൻസുകളും രണ്ടു റീജിയനുകളും ആറു സബ് റീജിയനുകളുമായി തിരിച്ചിട്ടുണ്ട്. പ്രയർ ജനറലും നാലു കൗൺസിലേഴ്സും അടങ്ങുന്നതാണ് ഭരണനേതൃത്വം. ഫാ.തോമസ് ചാത്തംപറമ്പിൽ സിഎംഐ ആണ് നിലവിലെ പ്രയർ ജനറൽ. 2028 പേരാണ് സന്യാസസമൂഹത്തിൽ ഇപ്പോഴുള്ളത്. അതിൽനിന്ന് 9 പേർ മെത്രാന്മാരുമായിട്ടുണ്ട്.

ലോകത്തിനുമുഴുവൻ സന്തോഷവും സമാധാനവും ക്രിസ്തുസ്നേഹത്തിന്റെ സാന്നിധ്യവും അനുഭവിച്ചറിയാൻ കഴിയത്തക്കവിധത്തിൽ സിഎംഐ സന്യാസസമൂഹം ക്രൈസ്തവലോകത്തിനുത്തന്നെ ക്രിസ്തുസാക്ഷ്യമായി തുടരുന്നു.

# സഭയിലെ വിവിധ ആശിർവാദങ്ങൾ


പ്രബോധനപാത

റവ. ഡോ. സജി മാത്യു കണയങ്കൽ CST

**വിശ്വാസതിരുസംഘം പുറപ്പെടുവിച്ച പ്രമാണരേഖയായ ഫിദൂച്ച സുപ്ലിക്കൻസ് (Fiducia Supplicans) യഥാർഥത്തിൽ എന്താണ് അർഥമാക്കുന്നത്? ആ പ്രമാണരേഖയെ നാം എങ്ങനെയാണ് മനസ്സിലാക്കേണ്ടത്?**

വിശ്വാസതിരുസംഘം 2023 ഡിസംബർ 18ന് 'ആശിർവാദത്തിന്റെ അജപാലനപരമായ അർഥ'മെന്ന ഉപശീർഷകത്തോടെ പുറപ്പെടുവിച്ച പ്രമാണരേഖയാണ് 'Fiducia Supplicans'. 'വിശ്വാസപൂർണമായ പ്രാർഥന' എന്നോ 'ആശ്രയമർപ്പിച്ചുകൊണ്ടുള്ള യാചന' എന്നോ ഇത് പരിഭാഷപ്പെടുത്താവുന്നതാണ്. ഈ രേഖയുടെ ആമുഖത്തിൽ സൂചിപ്പിക്കുന്നതുപോലെ, പിതാവായ ദൈവത്തിന്റെ അനന്തമായ കരുണ, വിധികല്പിതമല്ലാത്ത (non judgemental) ഉദാരമായ സമീപനരീതി നമ്മോട് ആവശ്യപ്പെടുന്നുണ്ട്. സഭമുഴുവനും തങ്ങളുടെ ഗുരുവായ ക്രിസ്തുവിന്റെ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വക്താക്കളാകുവാൻവേണ്ടിയാണ് വിളിക്കപ്പെട്ടിരിക്കുന്നത് (ഫിദൂച സുപ്ലിക്കൻസ്, നം.3).

ഈ രേഖയുടെ ആദ്യഭാഗം വിവിധതരത്തിലുള്ള ആശിർവാദങ്ങളെപ്പറ്റി പരാമർശിക്കുന്നു. സഭയുടെ കൗദാശികമായ ആശിർവാദപ്രാർഥനകളെല്ലാം ആരാധനാക്രമവുമായി ബന്ധപ്പെട്ടാണ് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. ആരാധനക്രമപരമായ ആശീർവാദങ്ങൾക്കു നിയതമായ മാനദണ്ഡങ്ങളും നിശ്ചിതരൂപങ്ങളുമുണ്ടെങ്കിലും, 'ആശിർവാദ'ത്തിന് അനുഷ്ഠാനങ്ങളെക്കാൾ വിശാലമായ മാനമുണ്ട്. യേശുവിന്റെ ജീവിതത്തിൽ ആശിർവാദങ്ങൾ ദുർബലരായ മനുഷ്യരിലേയ്ക്കു കൃപയുടെയും സംരക്ഷണത്തിന്റെയും അടയാളമായി ചൊരിയപ്പെടുന്ന ദൈവകാരുണ്യത്തിന്റെ




പ്രവാഹമായിരുന്നു. ജീവിതയാഥാർഥ്യത്തിന്റെ സംഘർഷാത്മകമായ പ്രതിസന്ധിയിലൂടെ കടന്നുപോകുന്നവർക്ക്, തങ്ങളുടെ പ്രത്യേകമായ ജീവിതാവസ്ഥയിൽ സമാശ്വാസത്തിന്റെയും സാന്ത്വനത്തിന്റെയും സ്പർശമായി അവ മാറുകയും ചെയ്തിരുന്നു (നം.18–19).

ദൈവത്തിന്റെ കാരുണ്യത്തിലും സ്നേഹത്തിലും ആശ്രയിച്ചു കൂടുതൽ അർഥപൂർണമായ ജീവിതം നയിക്കാൻ ഒരാൾ ആഗ്രഹിക്കുമ്പോൾ, കരുണാമയനായ ദൈവപിതാവിന്റെ പ്രതിനിധി എന്ന നിലയിൽ ഒരു പുരോഹിതൻ ആ ആഗ്രഹം സ്വീകരിക്കുവാൻ ബാധ്യസ്ഥനാണ്. ഒരാൾ സഭയിൽ അനുഗ്രഹം തേടുന്നതു ദൈവകരുണയിൽ ആശ്രയിച്ചുകൊണ്ടു കൂടുതൽ നല്ലരീതിയിൽ മുമ്പോട്ടു പോകാനും മെച്ചപ്പെട്ട' ജീവിതംനയിക്കാനും തന്നെ സംബന്ധിച്ചിടത്തോളമുള്ള കർത്താവിന്റെ ഇഷ്ടത്തോടു ക്രിയാത്മകമായി പ്രതികരിക്കാനും സഹായിക്കുന്നു (നം. 20–21, 31). ഇത്തരം സന്ദർഭങ്ങളിൽ, തങ്ങളുടെ പാപങ്ങൾക്കിടയിലും അവരുടെ ദൈനംദിനജീവിതത്തിൽ നിന്നും ഉയർന്നുവന്ന ദൈവസഹായം ചോദിക്കുവാൻ ഹൃദയം തുറക്കുന്ന ദൈവജനത്തിന്റെ ലളിതമായ വിശ്വാസത്തെ വിലമതിക്കാനാണ് പരിശുദ്ധ പിതാവ് പ്രത്യേകമായി ആവശ്യപ്പെടുന്നത്.

കൂദാശയുടെ ആശീർവാദവും അജപാലനപരമായ ലളിതമായ ആശിർവാദവും തമ്മിലുള്ള വ്യത്യാസം ഈ രേഖ വ്യക്തമാക്കുന്നു. കൂദാശയുടെ ആശിർവാദം സഭയുടെ ആരാധനക്രമം നിർദേശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ നിശ്ചയമായും പാലിക്കേണ്ട ഒന്നാണ്. എന്നാൽ ആരാധനാക്രമബദ്ധമായ പ്രാർഥനയോ അനുഷ്ഠാനങ്ങളോ ഇല്ലാതെ ലളിതമായ ഒരു ആശിർവാദമാണ് ഈ രേഖയിൽ വിവക്ഷിച്ചിരിക്കുന്ന ആശീർവാദം. ഇത് സ്വവർഗപങ്കാളികളുടെ ജീവിതമോ ക്രമരഹിതമായ വിവാഹബന്ധത്തിലുള്ളവരുടെ ജീവിതരീതിയോ സഭ അംഗീകരിക്കുന്നതുകൊണ്ടല്ല, മറിച്ച് ദൈവസഹായംതേടുന്ന എല്ലാ മനുഷ്യരുമായും മാതൃമസഹജമായ കാരുണ്യത്തോടെ സഭാമാതാവു തന്റെ അടുപ്പം പ്രകടിപ്പിക്കുകയും കാരുണ്യം കാട്ടുകയും ചെയ്യുന്നതിന്റെ അടയാളമാണ്. പരിശുദ്ധാത്മാവിന്റെ സാന്നിധ്യത്താലും അനുഗ്രഹത്താലും വ്യക്തികൾ സൗഖ്യമാക്കപ്പെടും എന്ന വിശ്വാസമാണ് ഇതിന്റെ പിന്നിൽ (നവം.43).

വിവാഹത്തെക്കുറിച്ചും ലൈംഗികതയെക്കുറിച്ചുമുള്ള സഭയുടെ പഠനം മാറ്റമില്ലാത്തതും കൃത്യവുമാണെന്ന് ഈ രേഖയിലും തുടർന്നു നല്കിയ വിശദീകരണകുറിപ്പിലും വിശ്വാസതിരുസംഘം വ്യക്തമാക്കുന്നുണ്ട്. വിവാഹത്തെക്കുറിച്ചുള്ള സഭയുടെ പരമ്പരാഗത പഠനങ്ങൾക്ക് യാതൊരു തരത്തിലുള്ള മാറ്റവും വരുത്തിയിട്ടില്ല. ഈ രേഖ വിഭാവനം ചെയ്യുന്ന ലളിതമായ ആശിർവാദത്തിന് ആരാധനാക്രമത്തിന്റെ സമാനമായ ശൈലിയോ നിയതമായ അനുഷ്ഠാനങ്ങളോ പ്രത്യേക പ്രാർഥനയോ ഉപയോഗിക്കാൻ പാടില്ല. ഗവൺമെന്റ് തലത്തിലുള്ള സിവിൽ യൂണിയന്റെ ചടങ്ങുകളോട് അനുബന്ധിച്ചോ, വിവാഹത്തിന് യോജ്യമായ വസ്ത്രങ്ങളോ ആംഗ്യങ്ങളോ വാക്കുകളോ ഉപയോഗിച്ചോ ഈ ആശിർവാദം നടത്താനും പാടില്ല. സഭ തുറന്ന മനോഭാവം പുലർത്തുമ്പോൾ തങ്ങളുടെ ജീവിതം ആദർശവത്ക്കരിക്കാനോ മഹത്വവത്കരിക്കാനോ ഉള്ള അവസരമായി അവർ കണക്കാക്കുകയുമരുത്. മറിച്ച്, ക്രമരഹിതമായ ജീവിതം നയിക്കുന്നവർക്ക് അവരുടെ സാഹചര്യത്തിന്റെ സങ്കടവും സങ്കീർണതയും അസ്വസ്ഥതയും മനസ്സിലാക്കി ഏറ്റവും വൈവിധ്യമാർന്ന സാഹചര്യങ്ങൾക്കിടയിൽ ദൈവത്തോടു തുറവിയുള്ളവരാകുവാൻ പ്രേരിപ്പിക്കുന്നതിനുള്ള കരുണയുടെയും ആശ്വാസത്തിന്റെയും ഔഷധമായി വേണം ഈ ആശീർവാദത്തെ കാണേണ്ടത്.

---

ലിറ്റർജിക്കൽ റിസർച്ച് സെന്റർ പഠനപരമ്പര

റവ. ഡോ. ജയിംസ് പുലിയുറുമ്പിൽ

# തോമാശ്ലീഹായുടെ വരവിനു സഹായിച്ച ഇന്ത്യയുടെ റോമൻ വാണിജ്യബന്ധം

**● റോമുമായുള്ള വാണിജ്യബന്ധത്തിന്റെ ഭാഗമായുള്ള യാത്രകൾ തോമാശ്ലീഹായെ അലക്സാണ്ട്രിയായിൽനിന്നു ഇന്ത്യയിൽ എത്താൻ സഹായിച്ചു**

പൗരാണികകാലംമുതൽ കേരളത്തിനു വിദേശരാജ്യങ്ങളുമായി ബന്ധമുണ്ടായിരുന്നു. ദൂരദേശങ്ങളിൽനിന്നും കച്ചവടക്കാരും യാത്രികരും വിജ്ഞാനികളും ഇന്ത്യയിലേക്കു വന്നിരുന്നു. ക്രിസ്തുവിനുമുൻപ് ആറാം നൂറ്റാണ്ടുമുതൽ പേർഷ്യക്കാരും ഗ്രീക്കുകാരും ഇന്ത്യയെക്കുറിച്ചു മനസ്സിലാക്കാൻ ആരംഭിച്ചിരുന്നു. കേരളവും മെഡിറ്ററേനിയൻ ലോകത്തെ പ്രധാന പട്ടണമായ അലക്സാണ്ടറിയായുംതമ്മിലുള്ള ബന്ധമാണ് തോമസിന്റെ ഇന്ത്യയിലേക്കുള്ള വരവ് എളുപ്പമാക്കിത്തീർത്തത്. ഈ രണ്ട് പട്ടണങ്ങൾ – അലക്സാഡ്രിയായും മുസീറിസും – തമ്മിലുള്ള ബന്ധം അങ്ങോട്ടുമിങ്ങോട്ടുമുള്ള യാത്രയ്ക്കു സഹായകമായി. ക്രിസ്തുവർഷം 44ൽ ക്ലാവോടിയോസിന്റെ ഭരണകാലത്ത് റോമിലേക്ക് തെക്കേ ഇന്ത്യയിൽനിന്നു പ്രതിനിധികളെ അയക്കുന്നത് റോമൻ ചരിത്രത്തിൽ ഉണ്ട്. തുടർന്ന് 107 ൽ ട്രാജനും 148 ൽ അന്തോണിയോസ് പയസും 361ൽ ജൂലിയനും 542 ൽ ജസ്റ്റീനിയനും പ്രതിനിധികളെ സ്വീകരിക്കുന്നുണ്ട്. 226 ൽ രചിക്കപ്പെട്ട Peutengerian Tables മുസീറിസിലുള്ള റോമൻ താവളത്തെകുറിച്ച് സൂചിപ്പിക്കുന്നുണ്ട്. കൂടാതെ അഗസ്റ്റസിന്റെ പേരിലുള്ള ഒരു ക്ഷേത്രവും അക്കാലത്ത് മുസിരിസിൽ ഉണ്ടായിരുന്നു. ഈ ബന്ധം പല ഇന്ത്യൻ ആശയങ്ങളും റോമാക്കാർ സ്വീകരിക്കാൻ കാരണമായെന്ന് 'മലബാർ മാനുവൽ' ന്റെ കർത്താവായ വില്യം ലോഗൻ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടുത്ത കാലത്തു കണ്ടുകിട്ടിയ 'വിയന്ന പപ്പിറസ്' മുസിരിസും



അലക്സാണ്ടറിയായുംതമ്മിലുള്ള ബന്ധം കൃത്യമായി കാണിക്കുന്നുണ്ട്.

റോമൻ എഴുത്തുകാരനായിരുന്ന പ്ലീനി (എ.ഡി 23–79) കേരളത്തിലേക്കുള്ള സമുദ്രമാർഗത്തെയും മലബാർപ്രദേശത്തെയും അവിടെ ലഭ്യമാകുന്ന വസ്തുക്കളെയുംകുറിച്ച് വിവരിക്കുന്നുണ്ട്. മുസീറിസിലും കൊല്ലത്തും കിടക്കുന്ന യവന കപ്പലുകളെപറ്റി അദ്ദേഹം എഴുതുന്നുണ്ട്. പ്ലീനിയുടെ സമകാലികനായ അരിയാൻ (എ. ഡി. 92–175) മുസീറിസിനെക്കുറിച്ച് എഴുതുന്നത് 'a ctiy at the heights of its prospertiy' എന്നാണ്. ടോളമിയും കേരളത്തെപ്പറ്റി എഴുതുന്നുണ്ട്. ക്രിസ്തുവർഷം 139 ൽ അദ്ദേഹം രചിച്ച 'ജിയോഗ്രഫി' എന്ന ഗ്രന്ഥത്തിൽ കേരളത്തിലെ വിവിധ സ്ഥലങ്ങളെക്കുറിച്ച് പറയുന്നുണ്ട്. കേരളത്തെ തമിഴകത്തിന്റെ ഭാഗമായാണ് അദ്ദേഹം ചിത്രീകരിക്കുന്നത്. കേരളം ഭരിക്കുന്നത് 'കേര പുത്ര'യാണെന്നും തലസ്ഥാനം 'കാരൂർ' ആണെന്നും അദ്ദേഹം എഴുതുന്നു. ഈ കച്ചവടബന്ധംവഴി റോമൻ സ്വർണ, വെള്ളി നാണയങ്ങൾ ധാരാളമായി തെക്കേ ഇന്ത്യയിലേയ്ക്കു വരാൻ തുടങ്ങി. തെക്കേ ഇന്ത്യയിൽ പല സ്ഥലങ്ങളിൽ അടുത്തകാലത്തായി റോമൻ നാണയങ്ങൾ കണ്ടെത്തിയിട്ടുള്ളത് ഇതിന് വലിയ തെളിവാണ്. ബി സി 27 മുതൽ എ ഡി 491 വരെയുള്ള കാലഘട്ടത്തിന് ഇടയ്ക്കുള്ള റോമൻ ചക്രവർത്തിമാരുടെ പേരിലുള്ള നാണയങ്ങളാണ് കണ്ടെത്തിയിരിക്കുന്നത്. ഇന്ത്യയിൽനിന്നു വരുന്ന സുഗന്ധ വ്യഞ്ജനങ്ങൾ പരിശോധിക്കാനും നികുതി നിശ്ചയിക്കാനുമുള്ള റോമൻ കസ്റ്റംസ് ഓഫീസ് അലക്സാണ്ട്രിയയിൽ പ്രവർത്തിച്ചിരുന്നതിനെപ്പറ്റിയും പ്ലീനി എഴുതുന്നു.

മലബാറും റോമുമായുള്ള വ്യാപാരബന്ധം മൂന്നാം നൂറ്റാണ്ട് ആയപ്പോഴേക്കും ക്ഷയിച്ചു തുടങ്ങാൻ കാരണം റോമിൽ നടന്നിരുന്ന അരാജകഭരണം ആയിരുന്നു. അഞ്ചാം നൂറ്റാണ്ടിൽ റോമാസാമ്രാജ്യത്തിന്റെ അധഃപതനത്തോടെ ഈ റോമൻ വ്യാപാരബന്ധം വളരെ കുറയുകയും ഏഴാം നൂറ്റാണ്ടിൽ മധ്യേഷ്യയിൽ ഇസ്ലാംമതത്തിന്റെ ആവിർഭാവത്തോടെ പൂർണമായി ഇല്ലാതാവുകയും ചെയ്തു. 330 ൽ കോൺസ്റ്റാന്റിനോപ്പിൾ റോമാസാമ്രാജ്യത്തിന്റെ പുതിയ തലസ്ഥാനമായതോടെ പിന്നീട് ഈ പട്ടണം ആയിരുന്നു പൗരസ്ത്യനാടുകളുമായുള്ള വ്യാപാരത്തിന്റെ കേന്ദ്രമായി പ്രവർത്തിച്ചത്. ഇന്ത്യയിൽനിന്നു റോമിൽ ഇറക്കുമതി ചെയ്യുന്ന വസ്തുക്കളുടെ ലിസ്റ്റ് കൊടുത്തിട്ട് പ്ലീനി പറയുകയാണ് 'കേരളത്തിൽ നിന്നുള്ള കുരുമുളക് ആണ് ഇവയിൽ ഏറ്റവും പ്രധാന ഇനം' എന്ന്. കുരുമുളക് ഉപയോഗിക്കുക എന്നത് യൂറോപ്യരുടെ ഒരു ഫാഷനായി തീർന്നിരിക്കുകയാണ് എന്നുകൂടി അദ്ദേഹം എഴുതുന്നു. കുരുമുളകിന്റെ ഉപയോഗത്തിന്റെ കാര്യത്തിൽ റോമിലെ സമ്പന്നരുടെ ധൂർത്ത് കണ്ടിട്ട് റോമൻ അധികാരികൾ പരാതിപ്പെടുന്നത് പ്ലീനിയുടെ 'നാച്ചുറൽ ഹിസ്റ്ററി'യിൽ ഉണ്ട്. ' ഇങ്ങനെ പോയാൽ റോമൻ ഖജനാവ് ഒരിക്കൽ ദരിദ്രമായി തീരും' എന്ന് റോമൻ സെനറ്റ് ആശങ്ക പ്രകടിപ്പിക്കുന്നുമുണ്ട്.


റോമുമായുള്ള വാണിജ്യബന്ധത്തിന്റെ ഭാഗമായുള്ള യാത്രകൾ തോമാശ്ലീഹായെ അലക്സാണ്ട്രിയായിൽ നിന്നു ഇന്ത്യയിൽ എത്താൻ സഹായിച്ചു.

## സ്നേഹസ്മരണയ്ക്ക്



**കർദിനാൾ മാർ വർക്കി വിതയത്തിൽ**
സീറോമലബാർസഭയുടെ രണ്ടാമത്തെ മേജർ ആർച്ചുബിഷപ്പ്
(1996 നവംബർ 11 2011 ഏപ്രിൽ 1)

## നാമഹേതുകദിനാശംസകൾ (ഏപ്രിൽ 24)



കർദിനാൾ മാർ ജോർജ് ആലഞ്ചേരി



ആർച്ചുബിഷപ്പ് മാർ ജോർജ് വലിയമറ്റം



ആർച്ചുബിഷപ്പ് മാർ ജോർജ് ഞരളക്കാട്ട്



ബിഷപ് മാർ ജോർജ് പുന്നക്കോട്ടിൽ



ബിഷപ് മാർ ജോർജ് രാജേന്ദ്രൻ



ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ

# മരിച്ചവർ എങ്ങനെ മരിച്ചവരെ സംസ്കരിക്കും?

**ബൈബിൾ സംശയങ്ങൾ**

**റവ. ഡോ. ആന്റണി വടക്കേകര വി. സി.**



''അവൻ പറഞ്ഞു: മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്കരിക്കട്ടെ; നീ പോയി ദൈവരാജ്യം പ്രസംഗിക്കുക'' (ലൂക്ക 9:60).

മനസ്സിലാക്കാൻ ഏറെ പ്രയാസമുള്ളതും ആശയക്കുഴപ്പം സൃഷ്ടിക്കുന്നതുമായ വചനഭാഗമാണിത്. ശിഷ്യത്വത്തെക്കുറിച്ചു യേശു നല്കുന്ന ഉപദേശമാണ് ലൂക്കാ സുവിശേഷം 9:60ൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്ന ഈ വചനത്തിന്റെ പശ്ചാത്തലം. ജറുസലേമിലേക്കുള്ള യാത്രാമധ്യേ യേശുവിനെ അനുഗമിക്കാനാഗ്രഹിക്കുന്ന മൂന്നുപേരിൽ ഒരുവനു നല്കുന്ന മറുപടിയാണീ വചനം. പിതാവിനോടുള്ള പുത്രധർമത്തിന്റെ ഭാഗമായി ''കർത്താവേ, ഞാൻ ആദ്യം പോയി എന്റെ പിതാവിനെ സംസ്കരിക്കാൻ അനുവദിച്ചാലും'' (ലൂക്ക 9:59) എന്ന അപേക്ഷയോടു പരുഷമെന്നു തോന്നിക്കുന്ന തരത്തിലാണ് ഈശോ പ്രതികരിക്കുന്നത്.

''ദൈവത്തിനു പ്രീതികരമായ കാരുണ്യപ്രവൃത്തിയായാണ് മരിച്ചവരെ സംസ്ക്കരിക്കുന്നതിനെ പഴയനിയമം അവതരിപ്പിക്കുന്നത്. മാത്രവുമല്ല, പിതാവിനെ സംസ്കരിക്കുന്നത് പുത്രന്റെ കടമയുമാണ് '' (ഉൽപ്പത്തി 25:9; 35:29; 50:5; തോബിത്ത് 1:17; 2:7; 4:34; 6:14; 14:11-13). ഇത്രയും ശ്രേഷ്ഠമായൊരുകാര്യം എന്തുകൊണ്ടാണ് യേശു അനുവദിക്കാത്തതെന്നത് ആശ്ചര്യപ്പെടുത്തുന്നതാണ്. സമാന്തരസുവിശേഷകനായ മത്തായിയും ഇതേ വാക്കുകൾ ഉദ്ധരിക്കുന്നുണ്ട്: ''യേശു പറഞ്ഞു: നീ എന്നെ അനുഗമിക്കുക; മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്കരിക്കട്ടെ'' (8:22). ഈ യേശുവചനത്തിന്റെ പൊരുളെന്താണ്?

1. മരിച്ചവരെ, സംസ്കരിക്കുന്നവർക്കു വിട്ടുകൊടുക്കുക.
2. ആധ്യാത്മികമായി മരിച്ചവർ ശാരീരികമായി മരിച്ചവരെ സംസ്കരിക്കട്ടെ.
3. ആസന്നമാകുന്ന യുഗാന്ത്യത്തിൽ അതിശീഘ്രം എടുക്കേണ്ട തീരുമാനമാണ് യേശുശിഷ്യത്വം.
4. കുടുംബബന്ധങ്ങളെക്കാൾ ദൈവരാജ്യപ്രഘോഷണം മുൻഗണന അർഹിക്കുന്നു.
5. പിതൃത്വം ദൈവദാനമാണ്; പിതാവിനെക്കാൾ ദൈവത്തിനു പ്രഥമസ്ഥാനം നല്കണം.
6. ചടങ്ങുകളുടെ അർഥമില്ലായ്മയിൽനിന്നു ക്രിസ്തുശിഷ്യത്വത്തിന്റെ ഔന്നത്യത്തിലേക്കുള്ള വിളി.

ഇപ്രകാരം വ്യത്യസ്തങ്ങളായ പല വിശദീകരണങ്ങളും വ്യാഖ്യാതാക്കൾ നല്കുന്നുണ്ടെങ്കിലും പൊതുവേ സ്വീകാര്യമായ അർഥമിതാണ്: യേശുവിന്റെ ജനനത്തിനും നൂറ്റാണ്ടുകൾക്കുമുമ്പ് മധ്യപൂർവ്വദേശത്ത് പറയപ്പെട്ടിരുന്ന പഴമൊഴിയാണിത്. ഈജിപ്തിലും സമീപപ്രദേശങ്ങളിലും നിലനിന്നിരുന്ന അന്ധവിശ്വാസമായിരുന്നു മരിച്ചുപോയവരുടെ ആത്മാക്കൾ പിന്നീട് മരിക്കുന്നവരെ പരലോകത്തേയ്ക്ക് ആനയിച്ചു സ്വീകരിക്കുമെന്നത്. ഈ വിശ്വാസത്തെ അടിസ്ഥാനപ്പെടുത്തി രൂപംകൊണ്ടതാകാം ''മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്കരിക്കട്ടെ'' എന്ന ചൊല്ല്. കാലക്രമത്തിൽ 'ഓരോ കാര്യത്തിനും അതതിന്റെ ആളുകൾ ഉണ്ട്' എന്ന അർഥത്തിൽ ഈ പഴഞ്ചൊല്ല് പ്രചരിക്കാൻ തുടങ്ങി. യേശു ഈ പഴമൊഴി ഉപയോഗിച്ചു പഠിപ്പിക്കാൻ ഉദ്ദേശിച്ചതിതാണ്: ''പിതാവിനെ സംസ്കരിക്കുന്ന കാര്യം ഓർത്തു നീ ഉത്കണ്ഠപ്പെടേണ്ട. ശിഷ്യത്വവും ദൈവരാജ്യപ്രഘോഷണവുമാകണം നിന്റെ മുൻഗണന. മറ്റു ഉത്തരവാദിത്വങ്ങളെല്ലാം ഇവയ്ക്കു ശേഷംമാത്രം.''

ചുരുക്കത്തിൽ മരിച്ചവരെ സംസ്കരിക്കുന്നതിനെ മുടക്കുകയല്ല, ദൈവരാജ്യപ്രഘോഷണത്തിന്റെ പ്രാധാന്യം എടുത്തുകാട്ടുകയാണ് ഈ വാക്യം.

# സീറോമലബാർസഭയിലെ കല്യാണക്കുറികൾ

**വിവാഹത്തോടനുബന്ധിച്ചു സീറോമലബാർ സഭയിൽ ഏതെല്ലാം കുറികളാണ് (Forms) കൈമാറ്റം ചെയ്യേണ്ടത്? ഓരോ കുറികളുടെയും ഉദ്ദേശ്യം എന്താണ്?**

**CANON LAW**

**റവ.ഡോ ജോസഫ് മറ്റത്തിൽ**

വിവാഹത്തോടനുബന്ധിച്ച് അഞ്ചു തരം കുറികളാണ് (Forms) കൈമാറ്റം ചെയ്യേണ്ടതെന്ന് സീറോമലബാർസഭയുടെ പ്രത്യേക നിയമം Article 151 അനുശാസിക്കുന്നു.

**1. A കുറി (Form A)**

ആദ്യത്തെ കുറിയെ 'A കുറി' അല്ലെങ്കിൽ 'മനസ്സമ്മതക്കുറി' എന്നു വിളിക്കുന്നു. മനസ്സമ്മതത്തോടനുബന്ധിച്ചാണ് 'A കുറി' നല്കുന്നത്. സാധാരണഗതിയിൽ വരന്റെ ഇടവകവികാരി വധുവിന്റെ ഇടവകവികാരിക്കു കൈമാറുന്ന കുറിയാണു മനസ്സമ്മതക്കുറി. മനസ്സമ്മതത്തിനായിട്ടു വരുന്ന ആൾ തന്റെ ഇടവകയിൽപ്പെട്ട ആളാണെന്നു വരന്റെ വികാരി സാക്ഷ്യപ്പെടുത്തുന്ന സാക്ഷ്യപത്രമായി ഇതിനെ കാണാവുന്നതാണ്. വധുവിന്റെ ഇടവകയിലല്ല മനസ്സമ്മതം നടക്കുന്നതെങ്കിൽ വരന്റെ വികാരിയും വധുവിന്റെ വികാരിയും മനസ്സമ്മതം നടക്കുന്ന പള്ളിയിലെ വികാരിക്ക് 'A കുറി' കൈമാറണം.

**2. B കുറി (Form B)**

രണ്ടാമത്തെ കുറിക്കു പറയുന്ന പേര് 'B കുറി' എന്നാണ്. സാധാരണഗതിയിൽ മനസമ്മതം പരികർമംചെയ്ത വധുവിന്റെ ഇടവകവികാരി, വരന്റെ ഇടവകവികാരിക്കു മുകളിൽ പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് നല്കുന്ന കുറിക്കാണ് 'B കുറി' എന്ന് പറയുന്നത്. മനസമ്മതം ഇന്ന ഇടവകയിൽ നടന്നുവെന്നും വിവാഹത്തിനുമുമ്പുള്ള വിളിച്ചുചൊല്ലൽ നടത്തേണ്ട തീയതികളെക്കുറിച്ചും വിവാഹം നടത്താൻ ഉദ്ദേശിക്കുന്ന ദിവസത്തേക്കുറിച്ചും 'B കുറി' യിൽ പരാമർശിച്ചിരിക്കും. മനസ്സമ്മതം നടന്നതിനുള്ള Certification ആയിട്ടാണ് ഈ കുറിയെ കാണുന്നത്. വരന്റെയും വധുവിന്റെയും ഇടവകയിലല്ല മനസമ്മതം നടന്നതെങ്കിൽ വരന്റെയും വധുവിന്റെയും ഇടവകകളിലേക്കു മനസമ്മതം നടത്തിയ പള്ളിയിൽനിന്നു 'B കുറി' നല്കേണ്ടതാണ്.

**3. C കുറി (Form C)**

മൂന്നാമത്തെ കുറിക്കു പറയുന്ന പേര് "C കുറി' അഥവാ 'കെട്ടുകുറി' എന്നാണ്. 'ദേശക്കുറി' എന്നും ഇതിനു പേരുണ്ട്. വിവാഹം നടത്തുന്നതിനു വധുവിനും വരനും കാനോനികമായി യാതൊരു തടസ്സവും ഇല്ല എന്നുള്ള സാക്ഷ്യപത്രമായി "C കുറി'യെ കാണാവുന്നതാണ്. സാധാരണഗതിയിൽ വധുവിന്റെ ഇടവകയിൽനിന്നു വിവാഹം നടക്കുന്ന വരന്റെ ഇടവകവികാരിക്ക് 'C കുറി' കൈമാറണം. വരന്റെയും വധുവിന്റെയും ഇടവകയിലല്ല വിവാഹം നടക്കുന്നതെങ്കിൽ വരന്റെയും വധുവിന്റെയും വികാരിമാർ വിവാഹം പരികർമം ചെയ്യപ്പെടുന്ന ദൈവാലയത്തിലെ വികാരിക്കു കെട്ടുകുറി കൈമാറേണ്ടതാണ്.

**4. D കുറി (Form D)**

നാലാമത്തെ കുറിക്കു പറയുന്ന പേര് 'D കുറി' എന്നാണ്. വിവാഹം നടന്നു എന്നതിന്റെ സാക്ഷ്യപത്രമാണ് 'D കുറി'. വിവാഹം നടന്ന ഇടവകയിൽനിന്നു കൊടുത്തുവിടുന്ന കുറിക്കാണ് 'D കുറി' എന്നു പറയുന്നത്. വരന്റെ ഇടവകയിലാണ് വിവാഹം നടന്നതെങ്കിൽ വധുവിന്റെ ഇടവകയിലേക്കും, രണ്ടുപേരുടെയും ഇടവകയിലല്ലെങ്കിൽ വരന്റെയും വധുവിന്റെയും ഇടവകകളിലേക്കും വരന്റെയും വധുവിന്റെയും മാമ്മോദീസാ അവരുടെ ഇടവകളിലല്ല നടന്നതെങ്കിൽ അവരെ മാമ്മോദീസാ മുക്കിയ ഇടവകകളിലേക്കും 'D കുറി' അഥവാ വിവാഹസാക്ഷ്യക്കുറി നല്കേണ്ടതാണ് (CCEO c. 841§ 2). വിവാഹം നടന്നു എന്നതു വിവാഹ രജിസ്റ്ററിലും മാമ്മോദീസാ രജിസ്റ്ററിലും രേഖപ്പെടുത്തുന്നതിനാണ് 'D കുറി' നല്കുന്നത്.

**5. E കുറി (Form E)**

അഞ്ചാമത്തെ കുറിക്ക് പറയുന്ന പേര് 'E കുറി' എന്നാണ്. 'D കുറി'യുടെ അടിസ്ഥാനത്തിൽ വിവാഹ രജിസ്റ്ററിലും, മാമ്മോദീസാ രജിസ്റ്ററിലും ഇന്ന വ്യക്തിയുടെ വിവാഹം നടന്നു എന്ന് എഴുതിച്ചേർക്കണമെന്നു നിയമം പറയുന്നു. ഇത് രജിസ്റ്ററുകളിൽ രേഖപ്പെടുത്തി എന്ന വിവരം വിവാഹം നടന്ന ദൈവാലയത്തിലെ വികാരിയെ അറിയിക്കുന്നതിനാണ് 'E കുറി' നല്കുന്നത്.

# വോട്ടു ചെയ്യുന്നത് മനുഷ്യരാണ് വന്യമൃഗങ്ങളല്ല: മാർ ജോർജ് മഠത്തിക്കണ്ടത്തിൽ

- **കാട് വന്യജീവികൾക്കും നാട് മനുഷ്യനും എന്ന ആപ്തവാക്യം ഉയർത്തി കോതമംഗലം രൂപതയുടെ നേതൃത്വത്തിൽ മനുഷ്യാവകാശ പ്രഖ്യാപനറാലി നടന്നു.**
- **വനംവകുപ്പ് കർഷകർക്കെതിരേ അന്യായമായി ചുമത്തുന്ന കേസുകളിൽ നിയമസഹായം ലഭ്യമാക്കാൻ രൂപത ലീഗൽസെൽ സ്ഥാപിക്കും**






**വോ**ട്ടു ചെയ്യുന്നതു വന്യമൃഗങ്ങളല്ല മനുഷ്യരാണെന്ന് എല്ലാവരും ഓർമിക്കണമെന്ന് കോതമംഗലം ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ. രൂപതയുടെ നേതൃത്വത്തിൽ നടത്തിയ വൻ മനുഷ്യാവകാശ പ്രഖ്യാപനറാലിയിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കർഷകന്റെ കണ്ണീരൊപ്പാനും അവരെ സഹായിക്കാനും ആരും ഇല്ലാത്ത സാഹചര്യത്തിലാണ് ഇങ്ങനെ പറയേണ്ടിവരുന്നത്. വന്യമൃഗങ്ങൾക്ക് അതീവ സുരക്ഷനല്കുകയും മനുഷ്യജീവനെ അവഗണിക്കുകയും ചെയ്യുന്ന കാട്ടുനിയമം ഉടനടി അവസാനിപ്പിച്ചില്ലെങ്കിൽ കനത്ത തിരിച്ചടി നേരിടേണ്ടി വരും. മനുഷ്യരുടെ ജീവനും സ്വത്തിനും സംരക്ഷണംനല്കുന്ന പ്രാഥമിക കടമ നിർവഹിക്കുന്നതിൽ ഭരണാധികാരികളും ഉദ്യോഗസ്ഥരും പരാജയപ്പെടുന്നത് അംഗീകരിക്കാനാവില്ല. കർഷകരെ ദ്രോഹിക്കുന്ന വനംവകുപ്പ് ഉദ്യോഗസ്ഥരെ നിലയ്ക്കുനിറുത്താനുള്ള ഇച്ഛാശക്തി ഭരണാധികാരികളും രാഷ്ട്രീയനേതാക്കളും കാണിക്കണം. കാലഹരണപ്പെട്ട നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കണം, മാർ മഠത്തിക്കണ്ടത്തിൽ ആവശ്യപ്പെട്ടു.

വന്യജീവി ആക്രമണം നേരിടുന്ന സ്ഥലങ്ങളിലെ ആളുകൾ വലിയ മാനസിക സമ്മർദങ്ങളിലൂടെയാണ് കടന്നുപോകുന്നത്. കർഷകരെ സാമ്പത്തികമായും സാമൂഹികമായും പിന്നോട്ടടിക്കുന്ന സാഹചര്യങ്ങൾ ഉണ്ടാകുന്നു. കുട്ടികളിൽ വല്ലാത്ത ഭീതിയും അരക്ഷിതാവസ്ഥയും നിരാശയും ഉണ്ടായി അവരുടെ വ്യക്തിത്വവികസനത്തെ പോലും നിഷേധാത്മകമായി സ്വാധീനിക്കുന്ന അവസ്ഥ സംജാതമാകുന്നു, ബിഷപ്പ് തുടർന്നു പറഞ്ഞു.

സ്ത്രീകൾ ഉൾപ്പെടെ പതിനായിരങ്ങൾ റാലിയിൽ പങ്കെടുത്തു. രൂപത വികാരി ജനറൽ മോൺ. പയസ് മലേക്കണ്ടത്തിൽ റാലി ഫ്ളാഗ് ഓഫ് ചെയ്തു.

- വന്യജീവിശല്യം നിയന്ത്രിക്കുവാൻ ശാസ്ത്രീയമായ പരിഹാരങ്ങൾ ഉണ്ടാവണം.
- വിദേശ നാടുകളിൽ ഉൾപ്പെടെ പരീക്ഷിച്ച് വിജയിച്ച വന്യജീവികളുടെ ശാസ്ത്രീയ എണ്ണ നിയന്ത്രണം പ്രാവർത്തികമാക്കണം.
- വംശനാശ ഭീഷണി നേരിടാത്ത ആന ഉൾപ്പെടെയുള്ള ജീവികളെ നിശ്ചിതകാലത്ത് എണ്ണം നിയന്ത്രിക്കാനുള്ള നടപടികൾ ഉണ്ടാകണം.
- വന്യജീവികൾ നാട്ടിൽ ഇറങ്ങാതിരിക്കാനുള്ള ട്രഞ്ച് നിർമിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണം.
- മോട്ടോർ വാഹന ആക്ട് പോലെ വന്യജീവി ഉപദ്രവം മൂലം നഷ്ടം അനുഭവിക്കുന്നവർക്ക് നീതി ലഭിക്കാനുള്ള സംവിധാനം വരണം.
- നഷ്ടത്തിന് ആനുപാതികമായ നഷ്ടപരിഹാരം ലഭ്യമാക്കണം.
- വന്യജീവി ആക്രമണങ്ങളിൽ ചികിത്സയിലാകുന്നവരുടെ മുഴുവൻ ചെലവും സർക്കാർ ഏറ്റെടുക്കണം.

# കന്നിമണ്ണിൽ കനകം വിളയിച്ച കർഷകരാണ് യഥാർത്ഥ പരിസ്ഥിതി സ്നേഹികൾ: മാർ ജോൺ നെല്ലിക്കുന്നേൽ

- **ഇടുക്കിയിൽ പ്രതിഷേധ കടൽ ഇരമ്പി; പൂപ്പാറയിലെ ബഹുജനറാലി ഭരണകൂടത്തിനു താക്കീതായി**





**ക**ന്നിമണ്ണിൽ കനകം വിളയിച്ച കർഷകരാണ് യഥാർഥ പരിസ്ഥിതി സ്നേഹികളും മനുഷ്യസ്നേഹികളും എന്ന് ഇടുക്കി രൂപതാധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ. വന്യമൃഗശല്യത്തിന് ശാശ്വതപരിഹാരം ആവശ്യപ്പെട്ടും വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടവരോടും അവരുടെ കുടുംബാംഗങ്ങളോടും ഐക്യദാർഢ്യം പ്രഖ്യാപിച്ചും ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ പൂപ്പാറയിൽ നടത്തിയ ബഹുജനറാലി ഉദ്ഘാടനംചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇടുക്കിയിലെ ജനത കയ്യേറ്റക്കാരല്ല അവർ കുടിയേറ്റക്കാരാണ്. മലയോരമേഖലകളിൽ അനുദിനം വർധിച്ചുവരുന്ന വന്യമൃഗ ആക്രമണംമൂലം ദുരിതമനുഭവിക്കുന്ന കർഷകരുടെയും അവരുടെ കുടുംബാംഗങ്ങളെയും സ്ഥിതി വളരെ ദയനീയമാണ്. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ കുടുംബങ്ങൾക്കു നല്കുന്ന നഷ്ടപരിഹാരത്തുക യഥാർഥത്തിൽ അവരെ അവഹേളിക്കുന്നതിനു തുല്യമാണ്. വന്യമൃഗ ആക്രമണത്തിൽ പരിക്കേറ്റ മൃതപ്രായമായവരുടെയും ശയ്യാവലമ്പികളായവരുടെയും എണ്ണമോ അവർക്കു നഷ്ടപ്പെടുന്ന കൃഷിയിടങ്ങളുടെയും ദേഹണ്ഡങ്ങളുടെയും കണക്കോ സർക്കാർ പരിഗണിക്കുന്നില്ല.

നീതിക്കുവേണ്ടി പോരാട്ടം നടത്തുന്ന ജനപ്രതിനിധികൾക്കും പ്രദേശവാസികൾക്കുമെതിരേ നിയമനടപടി സ്വീകരിക്കുന്ന സർക്കാർ നിലപാടിൽ മാർ നെല്ലിക്കുന്നേൽ അതിശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. വന്യമൃഗങ്ങളെ കാട്ടിൽ നിലനിറുത്താൻ ഉചിതമായ നടപടികൾ സ്വീകരിക്കണമെന്നും വനത്തിന്റെ പരിധിയിൽ ഒതുങ്ങാത്ത വിധം വർധിച്ചിരിക്കുന്ന വന്യമൃഗങ്ങളുടെ എണ്ണം നിയന്ത്രിക്കുവാൻ ശാസ്ത്രീയമാർഗങ്ങൾ അവലംബിക്കണമെന്നും അദ്ദേഹം സർക്കാരിനോടു ആവശ്യപ്പെട്ടു.

കത്തോലിക്കാ കോൺഗ്രസ് രൂപത പ്രസിഡണ്ട് ജോർജ് കോയിക്കൽ മുഖ്യപ്രഭാഷണം നടത്തി. ഇടുക്കി രൂപത വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ, കത്തോലിക്ക കോൺഗ്രസ് രൂപത ജനറൽ സെക്രട്ടറി സിജോ ഇലന്തൂർ, മീഡിയ കമ്മീഷൻ ഡയറക്ടർ ഫാ. ജിൻസ് കാരക്കാട്ട്, ഫാ.ഫ്രാൻസിസ് ഇടവക്കണ്ടം, ഫാ.തോമസ് പുത്തൻപുരയിൽ, ഫാ.ജോബി വാഴയിൽ , ഫാ. ജോബി മാതാളികുന്നേൽ തുടങ്ങിയവർ പ്രസംഗിച്ചു.



27 ാമത് പാലയൂർ മഹാതീർഥാടനത്തോട് അനുബന്ധിച്ച് മദ്രാസ് മൈലാപ്പൂർ ആർച്ചുബിഷപ്പ് മോസ്റ്റ് റവ. ഡോ. ജോർജ്ജ് അന്തോണി സ്വാമി, തൃശൂർ അതിരൂപതാ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത്, മുൻ മെത്രാപ്പോലീത്ത മാർ ജേക്കബ് തൂങ്കുഴി, സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ എന്നിവർ ചേർന്ന് നയിക്കുന്ന പദയാത്ര പാലയൂർപള്ളിയിൽ എത്തിയപ്പോൾ

# 27 –ാമത് പാലയൂർ മഹാതീർഥാടനം വിശ്വാസസാഗരമായി

തൃശ്ശൂർ അതിരൂപതയുടെ 27ാമത് പാലയൂർ മഹാതീർഥാടനം വിശ്വാസപ്രഘോഷണസംഗമമായി. എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന വിശ്വാസമന്ത്രണം ഏറ്റുപറഞ്ഞ് ആയിരങ്ങൾ തീർഥാടനത്തിൽ പങ്കെടുത്തു. മാർച്ച് 17 ഞായറാഴ്ച രാവിലെ 4 മണിക്കു ലൂർദ് കത്തീഡ്രലിൽ അർപ്പിച്ച ദിവ്യബലിക്കുശേഷം മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വികാരി ഫാ. ഡേവിസ് പുലിക്കോട്ടിലിനു തീർഥാടനപതാക കൈമാറി. തീർത്ഥാടനത്തിന്റെ മുഖ്യപദയാത്രയോടൊപ്പം അതിരൂപതയിലെ 16 ഫൊറോനകളെ പ്രതിനിധീകരിച്ചു 10 മേഖലപദയാത്രകൾ ആരംഭിച്ചു.

ചേലക്കര, എരുമപ്പെട്ടി, വടക്കാഞ്ചേരി, കൊട്ടേക്കാട്, വേലൂർ, മറ്റം, പഴുവിൽ, കണ്ടശാങ്കടവ്, വലപ്പാട്തീരദേശം, നിർമലപുരം, എന്നീ മേഖലകളിൽനിന്നും പദയാത്രകൾ പാലയൂർ തീർഥകേന്ദ്രത്തിൽ എത്തിച്ചേർന്നു. മുഖ്യപദയാത്രയുടെ പതാക പാലയൂർ മാർതോമാ മേജർ ആർക്കിഎപ്പിസ്കോപൽ തീർഥകേന്ദ്രം ആർച്ചുപ്രീസ്റ്റ് റവ ഡോ. ഡേവിസ് കണ്ണമ്പുഴ ഏറ്റുവാങ്ങികൊണ്ട് മുഖ്യപദയാത്രയെ സ്വീകരിച്ചു.

രണ്ടാംഘട്ട മഹാതീർഥാടനം പാവറട്ടി തീർഥകേന്ദ്രത്തിൽ വിശുദ്ധ കുർബാനയ്ക്കുശേഷം മാർ ടോണി നീലങ്കാവിൽ പിതാവിൽ നിന്നു പാവറട്ടി ഇടവക വികാരി ഫാ. ആന്റണി ചെമ്പകശ്ശേരി, കെ. സി. വൈ. എം, സി. എൽ. സി, ജീസസ് യൂത്ത് സംഘടനകളിലെ പ്രതിനിധികൾചേർന്നു പതാക ഏറ്റുവാങ്ങി. മോൺ. ജോസ് വല്ലൂരാന്റെ നേതൃത്വത്തിലുള്ള പദയാത്രയുടെ സമാപനത്തിൽ പതാക അഭിവന്ദ്യ പിതാക്കന്മാർ ഏറ്റുവാങ്ങി സമ്മേളനവേദിയിൽ പ്രതിഷ്ഠിച്ചു. പൊതു സമ്മേളനം മദ്രാസ് മൈലാപ്പൂർ ആർച്ചുബിഷപ്പ് മോസ്റ്റ് റവ. ഡോ. ജോർജ് അന്തോണിസാമി ഉദ്ഘാടനം ചെയ്തു. മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷത വഹിച്ചു. സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ സ്വാഗതം ആശംസിച്ചു. മുൻ തൃശ്ശൂർ അതിരൂപതാധ്യക്ഷനും പാലയൂർ മഹാതീർഥാടന സ്ഥാപകനുമായ മാർ ജേക്കബ് തൂങ്കുഴി അനുഗ്രഹപ്രഭാഷണം നടത്തി. തൃശ്ശൂർ അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന വിശ്വാസപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പാലയൂർ മഹാതീർഥാടനത്തിന്റെ ജനറൽ കൺവീനർ. ഫാ ജോസഫ് വൈക്കാടൻ നന്ദിപറഞ്ഞു.

പാലയൂർ മഹാതീർഥാടനം ചെയർമാൻ മോൺ. ജോസ് വല്ലൂരാൻ, വൈസ് ചെയർമാൻ മോൺ. ജോസ് കോനിക്കര എന്നിവർ പ്രസംഗിച്ചു. പാലയൂർ മഹാതീർത്ഥാടനത്തിനോടനുബന്ധിച്ച് രാവിലെ 6:30 മുതൽ തുടർച്ചയായി ദിവ്യബലി അർപ്പിക്കപ്പെട്ടു. നേർച്ച ഭക്ഷണ വിതരണവും നടന്നു.

# ജോൺ പോൾ പാപ്പാ പുരസ്കാരം കർദിനാൾ മാർ ജോർജ് ആലഞ്ചേരിക്ക്



കാത്തലിക് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ എട്ടാമത് ജോൺ പോൾ പാപ്പാ പുരസ്കാരം കർദിനാൾ മാർ ജോർജ് ആലഞ്ചേരിക്കും ഗോവ ഗവർണർ പി.എസ്. ശ്രീധരൻ പിള്ളയ്ക്കും. ഒരു പതിറ്റാണ്ടിലേറെ സഭയ്ക്കും സമൂഹത്തിനും നൽകിയ സമഗ്രസംഭാവനകൾ പരിഗണിച്ചു കർദിനാൾ മാർ ജോർജ് ആലഞ്ചേരിക്കും 200ലധികം ഗ്രന്ഥങ്ങൾ രചിച്ച് സാംസ്കാരിക ലോകത്തിനു സമ്മാനിച്ച പി. എ. സ്. ശ്രീധരൻ പിള്ളയുടെ അരനൂറ്റാണ്ടിന്റെ എഴുത്തുസപര്യക്കും പുരസ്കാരം നല്കും. പ്രശസ്തിപത്രവും ഫലകവും അടങ്ങുന്ന അവാർഡ് കോട്ടയത്തു നടക്കുന്ന ചടങ്ങിൽ സമ്മാനിക്കുമെന്ന് കാത്തലിക് ഫെഡറേഷൻ ഓഫ് ഇന്ത്യ ഡയറക്ടറും കുടമാളൂർ ഇടവകയുടെ ആർച്ചുപ്രീസ്റ്റുമായ റവ. ഡോ. മാണി പുതിയിടം അറിയിച്ചു.

# ഈസ്റ്റർ ദിനത്തിൽ മൂല്യനിർണയക്യാമ്പ് നടത്താനുള്ള പൊതുവിദ്യാഭ്യാസവകുപ്പിന്റെ ഉത്തരവിനെതിരേ രൂപത

ഈസ്റ്റർദിനത്തിൽ ഹയർസെക്കൻഡറി പരീക്ഷ ഉത്തരക്കടലാസ് മൂല്യനിർണയ ക്യാമ്പ് നടത്താനുള്ള പൊതുവിദ്യാഭ്യാസവകുപ്പിന്റെ ഉത്തരവു മതവിശ്വാസത്തിന്റെ മേലുള്ള കടന്നുകയറ്റവും സ്വതന്ത്രമായി മതാനുഷ്ഠാനങ്ങൾ നടത്താനുള്ള പൗരന്റെ ഭരണഘടനാഅവകാശത്തിന്റെ ലംഘനവുമാണെന്നും അതുകൊണ്ട് ഈ ഉത്തരവ് അടിയന്തരമായി പിൻ വലിക്കണമെന്നും പാലക്കാട് രൂപത പാസ്റ്ററൽ കൗൺസിൽ ആവശ്യപ്പെട്ടു.

ക്രൈസ്തവർ ഏറ്റവും പൂജ്യവും പരിപാവനവുമായി കരുതുന്ന ഉയിർപ്പുതിരുനാൾ വ്യക്തിപരമായ അനുഭവവും മതപരമായ വിശ്വാസ ആചാരവുമാണ്. ഈ മൗലിക അവകാശങ്ങൾ ഒരു ഉത്തരവിലൂടെ സർക്കാർ മറികടക്കാൻ ശ്രമിക്കുന്നതിനെതിരേ പാസ്റ്ററൽ കൗൺസിൽ ശക്തമായി പ്രതിഷേധിച്ചു. പാലക്കാട് രൂപതയുടെ സുവർണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ദ്വീതീയ എപ്പാർക്കിയൽ അസംബ്ലിയുടെ പഠന വിഷയങ്ങൾ ചർച്ച ചെയ്യാൻ ചേർന്ന പാസ്റ്ററൽ കൗൺസിൽ രൂപതാധ്യക്ഷൻ ബിഷപ് മാർ പീറ്റർ കൊച്ചുപുരയ്ക്കൽ ഉദ്ഘാടനം ചെയ്തു.

# മാർ ജോസഫ് പവ്വത്തിൽ സീറോമലബാർസഭയുടെ ഉഷ:കാലനക്ഷത്രം: മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ്

ആധുനിക സീറോമലബാർസഭയുടെ സൂര്യോദയം പ്രഖ്യാപിക്കാൻ കടന്നുവന്ന ഉഷ:കാലനക്ഷത്രമാണ് മാർ ജോസഫ് പവ്വത്തിൽ എന്നു സീറോമലബാർസഭാ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ്. ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായിരുന്ന മാർ ജോസഫ് പവ്വത്തിലിന്റെ ഒന്നാം ചരമവാർഷികത്തിൽ അനുസ്മരണക്കുർബാനയക്കു കാർമികത്വം വഹിച്ച് ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ വചനസന്ദേശം നല്കുകയായിരുന്നു തട്ടിൽപിതാവ്.

സീറോമലബാർസഭയുടെ നഷ്ട പൈതൃകങ്ങളെ വീണ്ടെടുക്കാൻ പ്രവാചകധീരതയോടെ പ്രവർത്തിച്ച കർമയോഗിയാണ് മാർ പവ്വത്തിലെന്നും സഭയുടെ കാഴ്ചപ്പാടുകൾ സ്വന്തം കാഴ്ചപ്പാടുകളാക്കി മാറ്റിയ പിതാവിന്റെ മിശിഹാവിജ്ഞാനീയം സഭയോടുള്ള സ്നേഹബന്ധത്തിലൂടെയാണു വെളിവാക്കപ്പെട്ടതെന്നും സീറോമലബാർസഭയുടെ ചക്രവാളങ്ങൾക്ക് ഇന്ത്യമുഴുവനിലും ഇന്ത്യയ്ക്കുപുറത്തും വ്യാപ്തിയൊരുക്കിയതു പവ്വത്തിൽപിതാവിന്റെ പരിശ്രമങ്ങളാണെന്നും മേജർ ആർച്ചുബിഷപ്പു കൂട്ടിച്ചേർത്തു.

പവ്വത്തിൽപിതാവിന്റെ അജപാലനശുശ്രൂഷ മെത്രാൻമാർക്കും വൈദികർക്കും മികച്ച മാതൃകനല്കുന്ന ഒരു ഐക്കണായി നിലകൊള്ളും. പിതാവ് ഉയർത്തിപ്പിടിച്ച ദർശനങ്ങൾ സീറോമലബാർസഭയുടെ പൈതൃകത്തെ അടിസ്ഥാനമാക്കിയ ദർശനങ്ങളായിരുന്നു. അതു പിന്നീടു സീറോമലബാർസഭയിൽ മുഴുവനും സ്വീകാര്യതയുള്ളതായെന്നും കർദിനാൾ മാർ ജോർജ് ആലഞ്ചേരി അനുസ്മരിച്ചു.



ചങ്ങനാശ്ശേരി അതിരൂപതാധ്യക്ഷൻ മാർ ജോസഫ് പവ്വത്തിലിന്റെ ഒന്നാം ചരമവാർഷികത്തിൽ അനുസ്മരണക്കുർബാനയ്ക്ക് കാർമ്മികത്വം വഹിക്കുന്ന സീറോമലബാർസഭ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ്. ഇടത്തു നിന്ന് ബിഷപ്പുമാരായ മാർ ജോർജ് രാജേന്ദ്രൻ, മാർ ജോസ് പുളിക്കൽ, ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം, കർദിനാൾ മാർ ജോർജ് ആലഞ്ചേരി, ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്.

അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം, പാലാ രൂപതാ മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട്, കാഞ്ഞിരപ്പള്ളി രൂപതാ മെത്രാൻ മാർ ജോസ് പുളിയ്ക്കൽ, തക്കല രൂപതാ മെത്രാൻ മാർ ജോർജ് രാജേന്ദ്രൻ,സീറോമലങ്കര മാവേലിക്കര രൂപതാ മെത്രാൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ചങ്ങനാശ്ശേരി അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ, ഷംഷാബാദ് രൂപതാ സഹായമെത്രാൻ മാർ തോമസ് പാടിയത്ത്, അപ്പസ്തോലിക് നുൺഷ്യോ എമെരിത്തൂസ് മാർ ജോർജ് കോച്ചേരി, കാഞ്ഞിരപ്പള്ളി രൂപത ബിഷപ് എമെരിത്തൂസ് മാർ മാത്യു അറയ്ക്കൽ, ചങ്ങനാശ്ശേരി അതിരൂപതാ പ്രോവിൻസിലെ വൈദികർ എന്നിവർ വി. കുർബാനയിൽ സഹകാർമികരായിരുന്നു. കർദിനാൾ മാർ ജോർജ് ആലഞ്ചേരി പരിശുദ്ധ കുർബാനയ്ക്കുശേഷം അനുസ്മരണസന്ദേശം നടത്തി.

മാർ ജോസഫ് പവ്വത്തിലിന്റെ ഒന്നാം ചരമവാർഷികാചരണം സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ ആർച്ചുബിഷപ്പ് പവ്വത്തിൽ ലിറ്റർജിക്കൽ റിസേർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ 'മാർ പവ്വത്തിൽ സഭാചാര്യനും സാമൂഹികപ്രതിഭയും' എന്ന വിഷയത്തെ അധികരിച്ച് നടത്തപ്പെട്ട പ്രഥമ അനുസ്മരണ സിംപോസിയത്തോടെ ആരംഭിച്ചു. അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം, ഷംഷാബാദ് രൂപത സഹായമെത്രാൻ മാർ തോമസ് പാടിയത്ത്, സി.എം.സി. ചങ്ങനാശ്ശേരി ഹോളി ക്യൂൻസ് പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ഡോ. ആനി പ്രസന്ന, സംസ്ഥാന മുൻ വിവരാവകാശ കമ്മിഷണർ ഡോ. കുര്യാസ് കുമ്പളക്കുഴി എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

# കുടിയേറ്റ അനുസ്മരണ സമ്മേളനവും ക്നായി തോമാദിനാചരണവും

കോട്ടയം അതിരൂപതയുടെ നേതൃത്വത്തിൽ അല്മായ സംഘടനകളായ ക്നാനായ കത്തോലിക്കാ കോൺഗ്രസ്സ്, ക്നാനായ കാത്തലിക് വിമെൻസ് അസോസിയേഷൻ, ക്നാനായ കാത്തലിക് യൂത്ത് ലീഗ് എന്നിവയുടെ മുഖ്യപങ്കാളിത്തത്തോടെ കൊടുങ്ങല്ലൂരിൽ കുടിയേറ്റ അനുസ്മരണ സമ്മേളനവും ക്നായി തോമാദിനാചരണവും നടത്തി. സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽപിതാവ് ഉദ്ഘാടനംചെയ്തു. ക്നാനായ സമുദായം സീറോ മലബാർ സഭയ്ക്കു പാഠപുസ്തകമാണെന്നും പൊതുസമൂഹത്തിനു തന്നെ മാതൃകയാണെന്നും മേജർ ആർച്ചുബിഷപ്പ് പറഞ്ഞു.

കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ടിന്റെ അധ്യക്ഷതയിൽ ചേർന്ന ക്നാനായ പ്രേഷിത കുടിയേറ്റ അനുസ്മരണ സമ്മേളനത്തിൽ ഇരിങ്ങാലക്കുട രൂപതാ മെത്രാൻ മാർ പോളി കണ്ണൂക്കാടൻ, കോട്ടയം അതിരൂപതാ സഹായമെത്രാന്മാരായ മാർ ജോസഫ് പണ്ടാരശ്ശേരിൽ, ഗീവർഗീസ് മാർ അപ്രേം എന്നിവർ അനുഗ്രഹ സന്ദേശങ്ങൾ നൽകി. കോട്ടപ്പുറം ഹോളി ഫാമിലി ദേവാലയത്തിൽ മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്തായുടെ കാർമികത്വത്തിൽ കൃതജ്ഞതാബലി അർപ്പിച്ചു.

കോട്ടപ്പുറം കോട്ടയ്ക്കു സമീപം അതിരൂപത നിർമിക്കുന്ന ഓർമക്കൂടാരത്തിന്റെ അടിസ്ഥാനശില മാർ മൂലക്കാട്ട് ആശീർവദിച്ചു.

# കരകവിഞ്ഞൊഴുകുന്ന കാരുണ്യം

## ● തക്കലരൂപതയുടെ കന്യാകുമാരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ

വിളക്ക്

**ഫാ. എബി പൂവത്തുംമൂട്ടിൽ**
കെ.കെ.എസ്.എസ്. തക്കല രൂപത

1972ൽ കന്യാകുമാരി ജില്ലയിൽ ആരംഭിച്ച കന്യാകുമാരി സോഷ്യൽ സർവ്വീസ് സൊസൈറ്റി ( [KKSSS])തക്കല രൂപതയുടെ സാമൂഹ്യപ്രവർത്തനങ്ങളുടെ നെടുംതൂണായി നില്ക്കുന്നു. കുടുംബക്ഷേമ പദ്ധതികൾ, ഉന്നതവിദ്യഭ്യാസം, ആരോഗ്യക്ഷേമ പരിപാടികൾ, ദുരന്തനിവാരണം, പരിസ്ഥിതി സംരക്ഷണം, സ്ത്രീ വിദ്യാഭ്യാസം, പാലിയേറ്റീവ് കെയർ, കരുണ്ണെയില്ലം സ്പെഷ്യൽ സ്കൂൾ തുടങ്ങി ഓരോ കുടുംബത്തിനും സമൂഹത്തിനും വികസനത്തിന് ഉതകുന്നതെല്ലാംചെയ്തു വരുന്നതിൽ അഭിമാനംകൊള്ളുന്നു.

**സ്ത്രീ ശാക്തീകരണം:**

സമൂഹത്തിന്റെ മുൻനിരയിലേക്ക് സ്ത്രികളെ കൊണ്ടുവരുന്നതിനു വേണ്ടി ഏറെ ക്രിയാത്മകമായ പ്രവർത്തനങ്ങൾ ചെയ്തുവരുന്നതിൽ സ്വാശ്രയസംഘങ്ങൾ മുഖ്യ പങ്കുവഹിക്കുന്നു. ഏകദേശം 35 കേന്ദ്രങ്ങളിലായി 400ൽ പരം സ്വാശ്രയസംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. അവരുടെ ചെറുസമ്പാദ്യ ശേഖരണത്തിലൂടെ കുടുംബത്തിന്റെ നിലവാരം ഉയർത്തുവാനും ചെറുതൊഴിൽചെയ്തും, ആട്, പശു, കോഴി എന്നിവ വളർത്തുന്നതിനുള്ള ലോണുകൾ കുറഞ്ഞ പലിശനിരക്കിൽ നല്കി അവരെ സഹായിച്ചും സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കി കെ.കെ.എസ്.എസ്. എസ് പ്രവർത്തിച്ചു വരുന്നു. വിദ്യഭ്യാസം പൂർത്തിയാക്കിയിട്ടും തൊഴിൽരഹിതരായ നിരവധി ഗ്രാമീണസ്ത്രീകൾക്കു തുടർപദ്ധതി എന്ന രീതിയിൽ VStar കമ്പനിയുമായി സഹകരിച്ചു നാലു ഗാർമെന്റ്സ് യൂണിറ്റുകളിലൂടെയും gloves packing യൂണിറ്റിലൂടെയും 500 ഓളം സ്ത്രീകൾക്കു പരിശീലനം കൊടുത്ത് ജോലി നല്കിവരുന്നു. അതോടൊപ്പംതന്നെ ജാതി മത ഭേദമെന്യേ Save A Family Plan പ്രോജക്ടിലൂടെ 2500ൽ കൂടുതൽ കുടുംബങ്ങളെ സ്വയംപര്യാപ്തയിലേക്കു കൊണ്ടുവരാൻ സാധിച്ചു. കൂടാതെ ഈ പദ്ധതി വഴി HIV ബാധിച്ച ഭവനരഹിതരായ വിധവകൾക്ക് സൗജന്യ ഭവന പദ്ധതിയിലും സ്ത്രീശാക്തീകരണത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കന്യാകുമാരിയിലുള്ള ജനങ്ങൾക്കു മാത്രമല്ല തെങ്കാശി ജില്ലയിൽപ്പെട്ട ആളുകൾക്കുവേണ്ടികൂടി ഒരു യുണിറ്റ് കെ.കെ.എസ്.എസ്. എസ്.ന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു.



**എഡ്യുകെയർ**

നിർധനരായ വിദ്യാർഥികൾക്കു പഠന, പാഠ്യേതരപ്രവർത്തനങ്ങളിൽ അഭിവൃദ്ധി പ്രാപിക്കാൻ അവസരമൊരുക്കുക, വിദ്യാർഥികളിൽ ഒളിഞ്ഞുകിടക്കുന്ന കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക, മൂല്യാധിഷ്ഠിത ജീവിതശൈലി വളർത്തിയെടുക്കുക, അതുവഴി സമൂഹത്തിന്റെ മുൻനിരയിൽ വിദ്യാർഥികളെ എത്തിക്കുക എന്ന ലക്ഷ്യത്തോടെ 2015ൽ ആരംഭിച്ചതാണ് എഡ്യുകെയർ . ഇതിലൂടെ ഏകദേശം 200ലധികം വിദ്യാർഥികൾ ഇതിനകം പരിശീലനം പൂർത്തിയാക്കി, ഉന്നത വിദ്യാഭ്യാസത്തിനു പ്രവേശനം നേടിയിട്ടുണ്ട്. ജോലിസാധ്യതയുള്ള മേഖലകളിലേയ്ക്കു കുട്ടികളെ കൈപിടിച്ചുനടത്തുന്നതിനും സാധിച്ചു. ഇപ്പോൾ 100ലധികം കുട്ടികൾ പല ബാച്ചുകളിലായി എഡ്യുകെയർ പരിശീലനം നേടിവരുന്നു.

അഞ്ചു പതിറ്റാണ്ടിനുമേലെ കന്യാകുമാരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രവർത്തനം വഴി കന്യാകുമാരി മുതൽ തെങ്കാശിവരെ ദൈവം ക്രമീകരിച്ച നന്മകൾ നിരവധിയാണ്. സൊസൈറ്റിയെ നയിച്ച ഫാ. മാത്യു വടക്കേമുറിയിൽ തുടർന്ന് ഫാ. ലൂക്ക് പീടിയേക്കൽ, ഫാ. ജോൺ തെക്കേൽ, ഫാ. ആന്റണി പോരുക്കര, ഫാ. ആന്റണി എളേച്ചങ്ങളം, ഫാ. മാത്യു കുഴിഞ്ഞാലിൽ, ഫാ. ജോസഫ് മുതുപ്ലക്കൽ, ഫാ. തോമസ് തെക്കേൽ, ഫാ. സജി ഇളമ്പാശ്ശേരിൽ SDB എന്നിവരുടെ സേവനവും ഈ സൊസൈറ്റിക്കു മാത്രമല്ല തക്കലരുപതയുടെ വളർച്ചയ്ക്കും മുതൽക്കുട്ടാണ്.

പുതിയ ചുവടുവയ്പുകളിലൂടെ അനുദിനം യാത്രതുടരുന്ന ഈ സൊസൈറ്റിക്ക് തക്കല രൂപതയുടെ ആദ്യത്തെ മെത്രാനായിരുന്ന കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെയും ഇപ്പോഴത്തെ രൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് രാജേന്ദ്രൻ പിതാവിന്റെയും മാർഗദർശനത്തോടൊപ്പം നിലവിലെ പ്രസിഡന്റ് ഫാ. തോമസ് പൗവ്വത്ത് പറമ്പിലും ഡയറക്ടർ . ഫാ തോമസ് പൂവത്തുമുട്ടിലും അസി. ഡയറക്ടർ ഫാ. അജിൻ സി. ജോസഫും മികച്ചരീതിയിൽ നേതൃത്വം നല്കിക്കൊണ്ടിരിക്കുന്നു.



ഹോളിഫാമിലി കോൺഗ്രിഗേഷന്റെ 2024-2027 വർഷത്തേക്കുള്ള പ്രൊവിൻഷ്യൽ സുപ്പീരിയർമാരായി തിരഞ്ഞെടുക്കപ്പെട്ട സിസ്റ്റർ ട്രീസ ജോസ് ( പാവനാത്മ), സിസ്റ്റർ ജെസിൻ തെരേസ (നവജ്യോതി), സിസ്റ്റർ വത്സ തെരേസ് (മരിയൻ), സിസ്റ്റർ ലിസി തെരേസ തെക്കേൽ (അരുണോദയ), സിസ്റ്റർ അരുണ ജോസ് (ശാന്തിധാര), സിസ്റ്റർ മരിയ പോൾ (ജീവോദയ), സിസ്റ്റർ ഷാലി ഡേവിസ് (മേരി മാതാ), സിസ്റ്റർ ആശാ ജോൺ (കൃപാജ്യോതി) സിസ്റ്റർ സുജ തോമസ് (ദിവ്യോദയ), സിസ്റ്റർ ഡോ. പുഷ്പ (ആരോഗ്യമാതാ) സിസ്റ്റർ റൂബി തെരേസ (സെന്റ് മറിയം ത്രേസ്യ) റീജിയനൽ സുപ്പീരിയറായി തിരഞ്ഞെടുക്കപ്പെട്ട സിസ്റ്റർ ഗ്രേസ് മരിയ (പാവനാത്മാ മിഷൻ റീജിയൻ)



സിഎസ്ടി കോൺഗ്രിഗേഷന്റെ വിവിധ പ്രോവിൻസുകളിൽ പുതിയ സുപ്പീരിയർമാരായി തിരഞ്ഞെടുക്കപ്പെട്ട ഫാ. ജിജോ ജെയിംസ് ഇടിപ്പറമ്പിൽ (സെന്റ് ജോസഫ് പ്രോവിൻസ്, ആലുവ), ഫാ. ജോൺസൺ വരകപറമ്പിൽ (സെന്റ് തോമസ് പ്രോവിൻസ്, കോഴിക്കോട്), ഫാ.ജോർജ് ആലുക്ക (ക്രിസ്ത് ജ്യോതി പ്രോവിൻസ്, പഞ്ചാബ് – രാജസ്ഥാൻ), ഫാ. സാബു കണ്ടംകെട്ടിയിൽ (ലിറ്റിൽ ഫ്ളവർ പ്രോവിൻസ്, ഖോരക്പൂർ – നേപ്പാൾ)




സിസ്റ്റേഴ്സ് ഓഫ് ഡെസ്റ്റിറ്റ്യൂട്ട്സ് (എസ്ഡി) ന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർമാരായി തിരഞ്ഞെടുക്കപ്പെട്ട സിസ്റ്റർ റെയ്സി തളിയൻ എസ്ഡി (െ സന്റ് മേരീസ് പ്രോവിൻസ്) സിസ്റ്റർ കൊച്ചുറാണി എസ്ഡി നെടുങ്കല്ലേൽ (സെന്റ് വിൻസെന്റ് പ്രോവിൻസ്) സിസ്റ്റർ ദീപ്തി ജോസ് വയലിൽ എസ്ഡി (സെന്റ് ജോസഫ് പ്രോവിൻസ്), സിസ്റ്റർ ഷീൻ മരിയ പുറവക്കാട്ട് എസ്ഡി (ശാന്തിധാം പ്രോവിൻസ്) സിസ്റ്റർ സ്മിത വെമ്പിള്ളി എസ്ഡി (പുഷ്പാധാം പ്രോവിൻസ്) സിസ്റ്റർ ഗ്രെയ്സ്ലെറ്റ് പുല്ലന്താനിക്കൽ എസ്ഡി (കൃപാധാം പ്രോവിൻസ്)

### അഭിനന്ദനങ്ങൾ



സീറോമലബാർസഭയുടെ കേന്ദ്ര കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിലെ ചാൻസറിയിൽ നോട്ടറിയായി 2022 മുതൽ സേവനംചെയ്തിരുന്ന സിസ്റ്റർ സോജാ ജോൺ എംഎസ്എംഐ, മേരി മാതാ കോഴിക്കോട് പ്രോവിൻസിന്റെ സുപ്പീരിയറായി തിരഞ്ഞെടുക്കപ്പെട്ടു. സന്യാസിനീ സമൂഹത്തിൽ നേതൃത്വശുശ്രൂഷ ആരംഭിക്കുന്ന സി. സോജയ്ക്ക് മൗണ്ട് സെന്റ് തോമസ് കമ്മ്യൂണിറ്റിയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനകളും.



എംഎസ്എംഐ സന്യാസിനീ സമൂഹത്തിന്റെ സുപ്പീരിയർ ജനറലായി തിരഞ്ഞെടുക്കപ്പെട്ട മദർ എൽസി വടക്കേമുറി എംഎസ്എംഐ, കോഴിക്കോട് മേരി മാതാ പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ സോജ ജോൺ എംഎസ്എംഐ, വർധാ പാവനാത്മാ പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ ലിയോൺസ, കണ്ണൂർ സാൻജോസ് പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ ലൂസി ജോസ് എംഎസ്എംഐ, ബത്തേരി ക്രിസ്തുജ്യോതി പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ ഗ്ലാഡിസ് മാത്യു എംഎസ്എംഐ.



കോൺഗ്രിഗേഷൻ ഓഫ് ദ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റിയുടെ പ്രൊവിൻഷ്യൽ സുപ്പീരിയറായി തിരഞ്ഞെടുക്കപ്പെട്ട സിസ്റ്റർ വെൺമ സിഎസ്സി, (മരിയ പ്രോവിൻസ് കൂർക്കഞ്ചേരി) സിസ്റ്റർ ലൂസിന സിഎസ്സി (ഡീപോൾ പ്രൊവിൻസ് പോട്ട) സിസ്റ്റർ ബെറ്റ്സി സിഎസ്സി (യുപി ഗാസിയാബാദ് സാന്തോം പ്രോവിൻസ്)



ഇറ്റലി ആസ്ഥാനമായ ഡോട്ടേഴ്സ്ഓഫ് ഡിവൈൻ പ്രോവിഡൻസ് സന്യാസിനീ സമൂഹത്തിന്റെ ഇന്ത്യൻ ഡെലഗേഷന്റെ സുപ്പീരിയറാ യി തിരഞ്ഞെ ടുക്കപ്പെട്ട ഇരിങ്ങാലക്കുട രൂപതാംഗം സിസ്റ്റർ മരീന മുട്ടത്തൊട്ടി




## കല്യാൺ രൂപത മാതൃവേദി വനിതാദിനം ആഘോഷിച്ചു

ബിഷപ് മാർ തോമസ് ഇലവനാലിന്റെ അധ്യക്ഷതയിൽ വനിതാദിനത്തോടനുബന്ധിച്ച് പൊതുസമ്മേളനം നടന്നു. വാഴ്ത്തപ്പെട്ട സിസ്റ്റർ റാണി മരിയയുടെ അനുജത്തി സിസ്റ്റർ സെൽമി മുഖ്യ അതിഥിയായിരുന്നു. ഫാ. റോയ് കണ്ണഞ്ചിറ ക്ലാസെടുത്തു. കല്യാൺ മാതൃസംഘം ഡയറക്ടർ ഫാ ഷാജി പാരിക്കാപിള്ളി, അസിസ്റ്റന്റ് ഡയറക്ടർ റോയ്സ് കളപറമ്പിൽ, ആനിമേറ്റർ സിസ്റ്റർ സുജ, അനിത ജെയിംസ് എന്നിവർ നേതൃത്വംനല്കി. കലാപരിപാടികളും ഉണ്ടായിരുന്നു.




സമുദായസംഘടനയായ കത്തോലിക്കാ കോൺഗ്രസിന്റെ അംഗത്വവിതരണം തലശ്ശേരി അതിരൂപതയുടെ അധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനി ഇൻഫാം എടൂർ മേഖല പ്രസിഡന്റ് ജോർജ് ജോസഫ് വിലങ്ങുപാറയ്ക്കു നല്കി ഉദ്ഘാടനം ചെയ്യുന്നു.

വചന വിരുന്ന്

ഫാ. നൗജിൻ വിതയത്തിൽ

# സീറോമലബാർസഭയിലെ ഞായറാഴ്ചകളിലെ സുവിശേഷഭാഗം അടിസ്ഥാനപ്പെടുത്തിയുള്ള വചനവിചിന്തനം

### ഉയിർപ്പുകാലം രണ്ടാം ഞായർ (ഏപ്രിൽ 7) – അഞ്ചാം ഞായർ (ഏപ്രിൽ 28 )



**ഏപ്രിൽ 7 ഉയിർപ്പുകാലം രണ്ടാം ഞായർ**
**യോഹ 20: 24–31**

## 1. ഏറ്റു പറയേണ്ട വിശ്വാസം

തോമാശ്ലീഹ, ഈശോയെ 'കർത്താവും ദൈവവുമായി' ഏറ്റുപറയുന്നതാണ് ഇന്നത്തെ സുവിശേഷത്തിന്റെ high light. ഈശോയെ കർത്താവും ദൈവമായി ഏറ്റുപറയുക എന്നുള്ളതാണ് ഒരു ക്രിസ്ത്യാനിയുടെ യുടെ പ്രധാനപ്പെട്ട ഉത്തരവാദിത്വം. കാരണം ഒരുപാട് 'Semi Gods' & 'Dummy Gods' അരങ്ങു വാഴുന്ന ഒരു കാലഘട്ടമാണിത്. ഒരുപാട് ദൈവങ്ങൾക്കിടയിൽ ഒരാൾ മാത്രമായി ഈശോയെ അവതരിപ്പിക്കാനുമുള്ള ശ്രമങ്ങൾ ഒതുക്കത്തിൽ നടക്കുന്നുണ്ട്. ഈ കാലത്ത് കർത്താവായ ഈശോയാണ് എന്റെ ദൈവം, അവൻ മാത്രമാണ് എന്റെ നാഥൻ എന്നു വിശ്വസിക്കാനും വിളിച്ചുപറയാനുള്ള ആർജവം നമുക്ക് ഉണ്ടാവണം. വിശ്വാസം ഒളിച്ചുവെക്കാനുള്ളതല്ല, വിളിച്ചുപറയാനുള്ളതാണ്. അതിനു സാധിക്കണം.

## 2. അപ്പന്റെ സ്വഭാവമുള്ള മക്കൾ

AD 2000ൽ ജോൺ പോൾ II മൻ മാർപാപ്പ ഈസ്റ്റർ കഴിഞ്ഞ ഞായർ കരുണയുടെ തിരുന്നാൾ ആയി പ്രഖ്യാപിച്ചു. പോളണ്ടിലെ വി. ഫൗസ്റ്റീനയാണ് കരുണയുടെ പ്രവാചിക. ഫ്രാൻസിസ് മാർപാപ്പ കരുണയുടെ ഈശോക്കും ഈ തിരുന്നാളിനും വേണ്ടത്ര പ്രാധാന്യം നല്കിയിട്ടുണ്ട്. മാർപാപ്പയുടെ അഭിപ്രായത്തിൽ ദൈവത്തിന്റെ സ്ഥായിയായ സ്വഭാവം കരുണയാണ്. ദൈവത്തിന്റെ കരുണയുടെ മുഖം ക്രിസ്തുവിലൂടെയാണ് മനുഷ്യന് വെളിപ്പെട്ടത്. ക്രിസ്തുവിന്റെ ഈ കരുണയുള്ള കണ്ണിലൂടെ നമ്മൾ ലോകത്തെ നോക്കിക്കാണണം എന്നൊക്കെ Etxraordinary Jubilee വർഷത്തിൽ (2015) ഇറക്കിയ 'കരുണയുടെ മുഖം'( Mesericordia Vultus) എന്ന തന്റെ പേപ്പൽ ബുള്ളിൽ മാർപാപ്പ പറയുന്നുണ്ട്. അതുകൊണ്ടു കുറേക്കൂടെ കരുണയുള്ള മനുഷ്യരായി മാറാൻ നമ്മൾ ശ്രമിക്കണം. 'നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ' (ലൂക്ക 6:36) എന്നാണ് ഈശോ പറയുന്നത്. ചില പിള്ളേരെ കാണുമ്പോൾ നമ്മൾ പറയാറില്ലേ ഇവന് ഇവന്റെ അപ്പന്റെ സ്വഭാവമാണ്, അവൾക്ക് അവളുടെ അമ്മയുടെ സ്വഭാവമാണ് എന്നൊക്കെ. അതുപോലെ നമ്മുടെ പെരുമാറ്റവും സ്വഭാവവും കണ്ടിട്ട് മറ്റുള്ളവർക്ക് തോന്നണം നമ്മൾ കരുണയുള്ള അപ്പന്റെ മക്കൾ തന്നെയാണ് എന്ന് .

**ഏപ്രിൽ 14 ഉയിർപ്പുകാലം മൂന്നാം ഞായർ**
**യോഹ: 21:15–19**

## 1. ക്വോ വാദിസ്?

പത്രോസിന്റെ നടപടി പുസ്തകം എന്ന അപ്രമാണികഗ്രന്ഥത്തിൽ ഒരു സംഭവം വിവരിക്കുന്നുണ്ട്. റോമിലെ നീറോ ചക്രവർത്തിയുടെ മതമർദ്ദനം ഭയന്നു അവിടെനിന്നു ഓടിപ്പോരുന്ന പത്രോസ് വഴിയിൽവച്ച് തനിക്കെതിരേ നടന്നുവരുന്ന ഈശോയെ കാണുന്നു. പത്രോസ് ഈശോയോടു ചോദിക്കുന്നുണ്ട്: ''ദോമിനേ, ക്വോ വാദിസ്?'' (കർത്താവേ, നീ എങ്ങോട്ടാണ് പോകുന്നത്?)

പീഡനങ്ങളുടെ മധ്യത്തിൽനിന്നു ഓടിപ്പോരുന്ന പത്രോസിനുവേണ്ടി താൻ വീണ്ടും കുരിശിലേറാൻ പോവുകയാണ് എന്നാണ് ഈശോയുടെ മറുപടി. ഇത് കേട്ടു പത്രോസിന് തന്റെ തെറ്റു മനസ്സിലാവുകയും അദ്ദേഹം കുറേക്കൂടി ധൈര്യം സംഭരിച്ചു വീണ്ടും റോമിലേക്കുതന്നെ തിരിച്ചുപോവുകയും അവിടെവെച്ച് രക്തസാക്ഷിയായി മരിക്കുകയുംചെയ്തു എന്നാണ് പാരമ്പര്യം. റോമിൽ ഇപ്പോഴും പത്രോസ് ക്രിസ്തുവിനെ കണ്ടുമുട്ടിയതായി കരുതപ്പെടുന്ന സ്ഥലവും അവിടെ 'ക്വോ വാദിസ്' എന്ന പേരിൽ പള്ളിയും ഉണ്ട്. ക്രിസ്തുവിനെപ്രതി സഹനങ്ങൾ ഏറ്റെടുക്കാനാണ് ഓരോ ക്രിസ്തുശിഷ്യനും വിളിക്കപ്പെട്ടിരിക്കുന്നത്.

വിശ്വാസത്തെപ്രതി ജീവിതത്തിലുണ്ടാവുന്ന സഹനങ്ങളെ പത്രോസിനെപ്പോലെ ഏറ്റെടുക്കുവാൻ നമ്മൾ പഠിക്കണം. സഹനങ്ങളിൽനിന്നു ഓടി അകലാനുള്ള പ്രലോഭനത്തെ നമ്മൾ അതിജീവിക്കണം.

തന്റെ ഗുരുവിനെപ്പോലെ കുരിശിൽ മരിക്കാനുള്ള യോഗ്യത തനിക്കില്ല എന്നുപറഞ്ഞുകൊണ്ടു പത്രോസ് തലകീഴായുള്ള കുരിശുമരണംവരിച്ചു എന്നാണ് വിശ്വാസം. ഈശോയ്ക്കുവേണ്ടി അവന്റെ പഠനങ്ങൾക്കുവേണ്ടി, അവന്റെ സഭയ്ക്കുവേണ്ടി എന്തു സഹനം ഏറ്റെടുക്കുവാൻ നമുക്കു സാധിച്ചിട്ടുണ്ട്.? ഓർക്കുക, സഹനമാണ് സ്നേഹത്തിന്റെ ആഴം നിശ്ചയിക്കുന്നത്.

## 2. വൃദ്ധന്മാരെ 'സൂക്ഷിക്കുക'

ഈശോ പത്രോസിനോടു പറയുന്ന കാര്യങ്ങളിൽ ഒന്ന്, ഇപ്പോൾ നീ സ്വയം അരമുറുക്കുന്നു, പ്രായമാകുമ്പോൾ മറ്റൊരുവൻ നിന്റെ അരമുറുക്കുന്നു, നിന്നെ ഇഷ്ടമില്ലാത്തിടത്തു കൊണ്ടുപോകുന്നു എന്നുള്ളതാണ്. ഈശോ സൂചിപ്പിച്ചത് പത്രോസിന്റെ മരണത്തെക്കുറിച്ചാണ് എന്ന് സുവിശേഷകന്റെ വ്യാഖ്യാനം. എങ്കിലും പ്രായമാകുമ്പോൾ ഏതൊരു മനുഷ്യനും സംഭവിക്കാവുന്ന അവസ്ഥയാണിത്. അവരുടെ ഇഷ്ടങ്ങൾ പലതും നിറവേറ്റാൻ സാധിക്കാതെ വരുന്നു. മനസ്സ് എത്തുന്നിടത്തു ശരീരം എത്താതെവരുന്നു, അവർക്കു ഇഷ്ടമില്ലാത്ത ഇടങ്ങളിലേക്കു കൂട്ടിക്കൊണ്ടുപോകുന്നു എന്നതൊക്കെ. കേരളത്തിലെ പ്രായമായവരുടെ എണ്ണം കൂടിവരുന്നു, പ്രത്യേകിച്ച് ക്രിസ്ത്യാനികൾക്കിടയിൽ. നമ്മുടെ ഓരോ ഇടവകകളിലും പ്രായമായവരുടെ എണ്ണം താരതമ്യേന കൂടുതലാണ്. അതുകൊണ്ട് പ്രായമായവരെ പരിഗണിക്കുക. അവരുടെ ആവശ്യങ്ങൾ നിർവഹിച്ചുകൊടുക്കുക. അവർ ആഗ്രഹിക്കുന്നിടത്തു അവരെ കൊണ്ടുപോവുക. അവരോടൊപ്പം ആയിരിക്കാനും അവർക്ക് ഒന്നു ചേർന്നിരിക്കാനും തമാശകൾ പറയാനുമുള്ള സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കുക.

New brooms are good, but old one knows every corner of the house എന്നു പറയാറില്ലേ. പുതിയ ചൂലുകൾ നല്ലതാണ്, പക്ഷേ പഴയ ചൂലിന് വീടിന്റെ ഓരോ മുക്കും മൂലയും അറിയാം. അതുകൊണ്ട് പ്രായംചെന്നവർക്ക് അർഹിക്കുന്ന പരിഗണന കൊടുത്തുകൊണ്ട് സ്നേഹംകൊണ്ടു 'പൊതിഞ്ഞു സൂക്ഷിക്കുക'.

**ഏപ്രിൽ 21 ഉയിർപ്പുകാലം നാലാം ഞായർ**
**മത്തായി 28:16–20**

## 1.കൂടെയുള്ള ദൈവം

ഇന്നത്തെ സുവിശേഷം ദൈവം കൂടെയുണ്ട് എന്നുള്ള ഒരു ഓർമപ്പെടുത്തലാണ്.

ദൈവം കൂടെയുണ്ട് എന്ന വിശ്വാസമാണ് ഒരാൾക്ക് ഉണ്ടാക്കിയെടുക്കാവുന്ന ആത്മവിശ്വാസത്തിന്റെ കാതൽ. ആരെല്ലാം ഉപക്ഷിച്ചാലും ഒറ്റപ്പെടുത്തിയാലും കുറ്റപ്പെടുത്തിയാലും ഈശോ നമ്മോടു കൂടെയുണ്ട് എന്നു വിശ്വസിക്കുക.

ഇസ്രായേൽ ജനത്തെ മരുഭൂമിയിൽ വഴിനടത്തിയ ദൈവം രാത്രി പ്രകാശം നല്കുന്ന അഗ്നി സ്തഭമായും പകൽ മേഘത്തണലായും കൂടെ ഉണ്ടായിരുന്നവൻ. വിശന്നപ്പോൾ മന്നയും കാടപ്പക്ഷിയും നല്കിയവൻ, ദഹിച്ചപ്പോൾ ജലം നല്കിയവൻ, പ്രവാചകനു കല്ലിൽ ചുട്ട അപ്പവും വെള്ളവും തണലും നല്കിയവൻ, അഗ്നി ചൂളയിൽ യുവാക്കൾ വെന്തു നീറിയപ്പോൾ കൂടെ ഉണ്ടായിരുന്നവൻ... ആ ദൈവം നമ്മുടെ ആവശ്യങ്ങളിൽ നമ്മുടെ കൂടെ ഉണ്ട്. ആ ഒരു ഉറപ്പു ഉണ്ടാക്കിയെടുക്കുക. സ്നേഹിക്കുക എന്നതിന്റെ അർഥം കൂടെയായിരിക്കുക എന്നാണ്. To love means 'to be with' യുഗാന്ത്യംവരെ നമ്മോടു കൂടെയായിരിക്കാൻ നമ്മോടുള്ള സ്നേഹത്തെപ്രതി ദിവ്യകാരുണ്യം ആയവനാണ് ഈശോ. കുർബാനയിലുള്ള ഈശോയുടെ സാന്നിധ്യത്തെ തിരിച്ചറിയുക. അവനോടു ഒപ്പമായിരിക്കാൻ ശ്രമിക്കുക. അവൻ നമ്മുടെ ഒപ്പമുണ്ട് പക്ഷേ നമ്മൾ അവനോട് ഒപ്പമുണ്ടോ?

## 2. ആരാധനയും സംശയവും

ഈശോയെ കണ്ട ശിഷ്യന്മാർക്ക് ഉണ്ടായത് രണ്ട് പ്രധാന പ്രതികരണങ്ങളാണ്. ചിലർ അവനെ ആരാധിച്ചു. മറ്റു ചിലർ സംശയിച്ചു. ഈശോയെ കണ്ടുമുട്ടുന്ന നമുക്കുണ്ടാകുന്ന പ്രതികരണരീതി ഏതാണ്ട് ഇതൊക്കെ തന്നെയാണ്. പരിശുദ്ധ കുർബാനയിൽ ദിവ്യകാരുണ്യഈശോയെ ആരാധിക്കാം, അല്ലെങ്കിൽ സംശയിച്ചു മാറിനില്ക്കാം. ഇതിൽ ഏതാണ് ഞാൻ തിരഞ്ഞെടുക്കുന്നത് എന്നു ചിന്തിക്കുക.

സംശയങ്ങളുടെ തലംവിട്ടു ആരാധനയുടെ ആത്മീയതലത്തിലേക്ക് നമുക്ക് ഉയരാം. എന്നു കരുതി സംശയം ഉണ്ടാകില്ല എന്നല്ല. മറിച്ച് നമ്മുടെ സംശയങ്ങൾ വിശ്വാസത്തിലേക്ക്, ആരാധനയിലേക്ക് നയിക്കുന്നതായിരിക്കണം എന്നാണ്. അതുകൊണ്ടാണ് സെൻറ് അഗസ്റ്റിൻ പറഞ്ഞത് "ഞാൻ വിശ്വസിക്കുന്നു; മനസ്സിലാക്കുന്നതിനുവേണ്ടി വിശ്വസിക്കുന്നു" (I believe, in order to understand'). സംശയങ്ങളുടെ മേൽകുപ്പായങ്ങളെ ദൂരെ എറിഞ്ഞു ആരാധനയുടെ ഉള്ളറകളിലേക്കു നമുക്കു കടക്കാം.

**ഏപ്രിൽ 28 ഉയിർപ്പുകാലം അഞ്ചാം ഞായർ**
**ലൂക്ക 10: 1–12**

## 1. കൂട്ടിന് ഒരാൾ

ഇന്നത്തെ സുവിശേഷം ദൈവം കൂടെയുണ്ട് എന്നുള്ള ഓർമപ്പെടുത്തലാണ്. എന്നു പറഞ്ഞാൽ ഒരു കാര്യത്തിന് അയക്കുമ്പോൾ ദൈവം നമ്മളെ ഒറ്റക്കു വിടുന്നില്ല. കൂട്ടിന് ഒരാളെ, ചങ്ങാതിയെ, പങ്കാളിയെ, സഖിയെ, സ്നേഹിതയെ അങ്ങനെ ആരെങ്കിലും അവിടുന്നു സഹായത്തിനു കൂടെ അയക്കും. ആരും ഒറ്റപ്പെട്ടുപോകാൻ അവിടന്നു ആഗ്രഹിക്കുന്നില്ല. നല്ല സൗഹൃദം ഉണ്ടാവുക എന്നത് ഇന്നത്തെ കാലത്ത് വലിയ കാര്യമാണ്. ഈശോയ്ക്കു യോഹന്നാനെപോലെ അസീസിയിലെ വി. ഫ്രാൻസിസിനു ബ്ര. ലിയോയെപോലെ ബുദ്ധന് ആനന്ദനെപോലെ കൂട്ടിന് അവിടന്നു നിനക്കു ആരെയെങ്കിലും നല്കും. കാരണം നീ പോകേണ്ട വഴികൾ ദുർഘടംപിടിച്ചവയാണെന്നും ഒറ്റക്കുള്ള യാത്രകൾ അപകടത്തിലേക്കു ആണെന്നും അവിടത്തേക്ക് നന്നായി അറിയാം.

വചനം പറയുന്നു: "രണ്ടുപേർ ഒരാളെക്കാൾ മെച്ചമാണ്. കാരണം അവർക്ക് ഒരുമിച്ച് കൂടുതൽ ഫലപ്രദമായി അധ്വാനിക്കാൻ കഴിയും. അവരിൽ ഒരുവൻ വീണാൽ അപരനു താങ്ങാൻ കഴിയും. ഒറ്റയ്ക്കായിരിക്കുന്നവൻ വീണാൽ താങ്ങാനാരുമില്ല. അവന്റെ കാര്യം കഷ്ടമാണ്' (സഭാപ്രസംഗകൻ 4 :8–10). അതുകൊണ്ടു ഒറ്റയ്ക്കുപോകുന്നവരെ, ഒറ്റപ്പെട്ടുപോകുന്നവരെ ചേർത്തുനിറുത്തുക, അവരുടെ കൂട്ടത്തിൽപോവുക.

## 2. Less luggage more comftort

യാത്രയ്ക്കു മടിശീലയും സഞ്ചിയും ചെരിപ്പും ഒന്നും എടുക്കരുത് എന്നാണ് ഈശോ പറയുന്നത്. ഇത്തരം കാര്യങ്ങൾ യാത്രയുടെ സ്വാതന്ത്ര്യവും സൗകര്യവും നഷ്ടപ്പെടുത്തും എന്നു കർത്താവിനു നല്ലപോലെ അറിയാമായിരുന്നു. Less luggage more comfort എന്നു പറയാറില്ലേ, അതുതന്നെ കാര്യം. അതുകൊണ്ടുതന്നെ ഏറ്റവും ലളിതമായി ജീവിക്കാനും ഉള്ളതുകൊണ്ട് തൃപ്തിപ്പെടാനും ഈ വചനം ഓർമിപ്പിക്കുന്നു. ലാളിത്യം എന്ന പുണ്യം കൈമോശം വന്നുപോയിട്ടുണ്ടോ എന്നു വല്ലപ്പോഴും ആത്മപരിശോധന ചെയ്യുന്നത് നല്ലതായിരിക്കും. ആവശ്യത്തിനും അനാവശ്യത്തിനും സാധനങ്ങൾ വാങ്ങിക്കൂട്ടുകയും സൂക്ഷിക്കുകയും കൊണ്ടുനടക്കുകുംചെയ്യുന്ന ജീവിതശൈലി മാറ്റിപ്പിടിക്കണം എന്നു സുവിശേഷം ഓർമിപ്പിക്കുന്നു. പറഞ്ഞുവിടുന്ന ശിഷ്യന്മാർക്ക് ഈശോ കൊടുക്കുന്ന ഉപദേശങ്ങളിൽ ഒന്ന് നിങ്ങൾക്കു മേശയിൽ വിളമ്പുന്നതു ഭക്ഷിക്കുക എന്നുള്ളതാണ്. എന്താണോ നിങ്ങൾക്ക് നല്കപ്പെട്ടത് അതു പരാതി കൂടാതെ സ്വീകരിക്കുക എന്നർഥം. ഭക്ഷണത്തിന്റെ കാര്യത്തിൽ മാത്രമല്ല ജീവിതത്തിലെ കാര്യത്തിലും അങ്ങനെതന്നെ. ജീവിതമാകുന്ന വിരുന്നുമേശ നമുക്കു മുമ്പിൽ വിളമ്പിയത് സന്തോഷത്തിന്റെ മുന്തിരിചാറായാലും സങ്കടത്തിന്റെ കയ്പ്പുനീരായാലും പരാതി കൂടാതെ വാങ്ങിഭക്ഷിക്കുക എന്നുള്ളതാണ് പ്രധാനം. അതാണ് ഒരു ക്രിസ്തുശിഷ്യന് ഉണ്ടാകേണ്ട മനോഭാവം.

# ചെന്നായ്ക്കളുടെ ഇടയിൽനിന്ന് ആട്ടിൻകുട്ടിയെ രക്ഷിക്കാൻ

**● അറിഞ്ഞും അറിയാതെയും പലപല അപകടങ്ങളിൽ മക്കൾ ചെന്നു ചാടുന്നതിന്റെ വാർത്തകൾ തുടർക്കഥയാകുമ്പോൾ നമ്മുടെ കുട്ടികളെ അവയിൽ നിന്നെല്ലാം രക്ഷിക്കാൻ മാതാപിതാക്കളെന്ന നിലയിൽ എന്തു ചെയ്യാനാവും? ഇതാ സഭാപരമായ ചില കാഴ്ചപ്പാടുകൾ**

റവ. ഡോ. ബിൽജു വാഴപ്പിള്ളി



ദമ്പതികളുടെ ഗൗരവമായ കടമയും പ്രാഥമികാവകാശവും യഥാർഥ ദൗത്യവുമാണ് മക്കളെ വളർത്തൽ (സഭ ആധുനികലോകത്തിൽ, 50). കുഞ്ഞുങ്ങളുടെ സാമൂഹികവും സാംസ്കാരികവും ധാർമികവും മതപരവുമായ ശിക്ഷണവും വളർച്ചയും ഉറപ്പാക്കാൻ തങ്ങളാലാവുന്നതെല്ലാം ചെയ്യുന്നതിന് മാതാപിതാക്കൾ കടപ്പെട്ടിരിക്കുന്നു (പൗരസ്ത്യസഭകളുടെ കാനോനസംഹിത, കാനൻ, 776§1). മറ്റൊരുതരത്തിൽ പറഞ്ഞാൽ, സ്വയം പര്യാപ്തതയിലേക്ക്, ജീവിതപക്വതയിലേക്ക് മക്കളെ വളർത്തുക, ജീവിതത്തിന്റെ ഉത്തരവാദിത്വം സ്വന്തമായി ഏറ്റെടുക്കുവാൻ മക്കളെ പ്രാപ്തരാക്കുക എന്നിവ മാതാപിതാക്കന്മാരുടെ ദൗത്യമാണ് (മാതാപിതാക്കളും വിശ്വാസപരിശീലനവും, 21). ഇതാണ് സന്താനപരിപാലനം.

'യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു' (ലൂക്കാ 2:52) എന്ന തിരുവചനമാണ് സന്താനപരിപാലനത്തിന്റെ സ്വഭാവവും ലക്ഷ്യവും വ്യക്തമാക്കുന്നത്. കൂടാതെ, സന്താനപരിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്ന മാതാപിതാക്കൾ കുട്ടികളിൽ കോപം ഉളവാക്കരുതെന്നും അവരെ പ്രകോപിപ്പിച്ചാൽ അവർ നിരുന്മേഷരാകുമെന്നും അതുകൊണ്ട്, അവരെ കർത്താവിന്റെ ശിക്ഷണത്തിലും ഉപദേശത്തിലും വളർത്തണമെന്നും വിശുദ്ധ പൗലോസ് ഉദ്ബോധിപ്പിക്കുന്നു (എഫേ. 6:4; കൊളോ. 3:21).

'ദൈവം നിങ്ങൾക്ക് നല്കുന്ന മക്കളെ സന്തോഷപൂർവ്വം സ്വീകരിക്കുന്നതിനും അവരെ വിശുദ്ധിയുടെ മാർഗ്ഗത്തിൽ നയിക്കുന്നതിനും അവിടുന്ന് നിങ്ങളെ സഹായിക്കട്ടെ'' (സീറോമലബാർ സഭയുടെ കൂദാശകൾ: വിവാഹം, 145) എന്ന് വിവാഹാശീർവാദസമയത്ത് പ്രാർഥിക്കുമ്പോൾ സന്താനപരിപാലനത്തിന്റെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധകൊടുക്കണം എന്നാണ് ദമ്പതികളെ ഓർമ്മിപ്പിക്കുന്നത്.

അതുപോലെ, 'മാതാപിതാക്കൾക്ക് ആശാകേന്ദ്രവും കുടുംബത്തിന് പ്രകാശവും നാടിനു സേവനമാതൃകയും ആകുംവിധം' മക്കളെ വളർത്താനുള്ള കൃപാവരത്തിനായി മാമ്മോദീസവേളയിലെ കാറോസൂസയിൽ സമൂഹം പ്രാർഥിക്കുന്നതു സന്താനപരിപാലനത്തിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുന്നു (സീറോ മലബാർ സഭയുടെ കൂദാശകൾ: മാമ്മോദീസ, 24).

അതിനാൽ, 'സ്വതന്ത്രമായ തീരുമാനങ്ങളെടുത്തു വ്യക്തിത്വത്തിൽ വളരുവാൻ സഹായിക്കുന്ന രീതിയിൽ ആയിരിക്കണം അവരുടെ വളർച്ചയിൽ മാതാപിതാക്കളുടെ ശ്രദ്ധ' (ഒന്നായ് മുന്നോട്ട്, 9). ഒപ്പം, 'കുട്ടികളെയും യൗവ്വനത്തിലെത്തുന്ന മക്കളെയും മാതാപിതാക്കൾ കരുതലോടെ സഹയാത്ര ചെയ്യണം. അവരുടെ വിദ്യാഭ്യാസം, ധാർമികശിക്ഷണം എന്നിവ വിവേകപൂർവം നിർവഹിക്കണം' (ഒന്നായ് മുന്നോട്ട്, 9).

'നവമാധ്യമങ്ങളുടെ ഉപയോഗം ക്രിസ്തീയമൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ട് നിർവഹിക്കാൻ കുട്ടികൾക്ക് മാർഗനിദർശനം നൽകുക' മാതാപിതാക്കളുടെ കടമയാണ് (ഒന്നായ് മുന്നോട്ട്, 9).

ഈ സാഹചര്യത്തിലാണ്, സഹയാത്രയുടെ കല അഭ്യസിക്കുവാൻ മാതാപിതാക്കൾ മുന്നോട്ടുവരണം എന്ന് ഫ്രാൻസിസ് മാർപാപ്പ അഭ്യർത്ഥിക്കുന്നത്. മാതാപിതാക്കൾ സഹയാത്ര നടത്തുന്നില്ലെങ്കിൽ കുട്ടികൾ ഒഴുക്കിനൊത്തു നീന്തുന്നവരും തങ്ങൾക്കു ചുറ്റും ചിറകടിച്ചുപറക്കുന്നവരും ഒരിക്കലും ഒരിടത്തും എത്തിച്ചേരാത്തവരുമായിത്തീരുന്നു. തങ്ങളിലേക്ക് തന്നെ ഒതുങ്ങി പോകാൻ ഇടവരുത്തുന്നു, ദൈവികതയിലേക്കു അവർ ഉയരാതിരിക്കുകയും ചെയ്യുന്നു (സുവിശേഷത്തിന്റെ ആനന്ദം, 170).

അതിനാൽ, ദൈവതിരുമുമ്പാകെ ഓരോ കുട്ടിയുടെയും അവസ്ഥയും ദൈവകൃപയിലുള്ള ജീവിതവും പുറമെനിന്ന് ആർക്കും പൂർണമായി ഗ്രഹിക്കാനാവാത്തവിധം രഹസ്യാത്മകമാണെന്നു കുട്ടികളെ അനുഗമിക്കുന്ന മാതാപിതാക്കൾ മനസ്സിലാക്കിയിരിക്കണം (സുവിശേഷത്തിന്റെ ആനന്ദം, 172).

കുട്ടികളെ സഹയാത്രചെയ്യുന്ന മാതാപിതാക്കൾക്ക് വിവേകം, ധാരണാശക്തി (മനസ്സിലാക്കാനുള്ള കഴിവ്), സഹനശീലം, ക്ഷമ, ആത്മാവിന്റെ പ്രചോദനത്തോടു വിധേയത്വം, ആശയവിനിമയം, ശ്രവണം എന്നിവ അത്യന്താപേക്ഷിതമാണ്. വെറുതെ കേൾക്കലല്ല, ഹൃദയതുറവിയോടെ സഹതാപപൂർണവും ആദരപൂർവകവുമായ ശ്രവണം മാതാപിതാക്കൾ അഭ്യസിക്കണം (സുവിശേഷത്തിന്റെ ആനന്ദം, 171). സഹയാത്ര ദൈവത്തിൽ അടിയുറച്ച വിശ്വാസവും പ്രത്യാശയും തെറ്റുകളോട് ക്ഷമാപൂർവകമായ സമീപനവും ക്ഷമിക്കാനുള്ള സദ്ധതയും മാതാപിതാക്കളിൽനിന്ന് ആവശ്യപ്പെടുന്നു.

സുരക്ഷിതതീരങ്ങൾ ഉപേക്ഷിച്ചു മറ്റുള്ളവർക്ക് ജീവിതം പകർന്നു നൽകുകയും കൊടുക്കപ്പെടുകയും ചെയ്യുന്നതുവഴി ജീവിതം വളരുന്നു. ഒറ്റപ്പെട്ട' അവസ്ഥയിലും അനവധാനതയിലും അത് ദുർബലമാകുന്നു' എന്ന് മക്കളെ പഠിപ്പിക്കുകയും ചെയ്യുക എന്നതും സഹയാത്ര ചെയ്യുന്ന മാതാപിതാക്കളുടെ കടമയാണ് (സുവിശേഷത്തിന്റെ ആനന്ദം, 10). തന്മൂലം, ആട്ടിൻകൂട്ടത്തെ ചിതറിക്കുന്ന ചെന്നായ്ക്കളുടെ ഇടയിൽ നിന്ന് തങ്ങളുടെ കുട്ടികളെ രക്ഷിക്കാൻ ഇവർക്ക് കഴിയും (സുവിശേഷത്തിന്റെ ആനന്ദം, 171).

'ഇടപെടുകയും പിന്താങ്ങുകയും ഫലം പുറപ്പെടുത്തുകയും സന്തോഷിക്കുകയും ചെയ്തുകൊണ്ട്' (സുവിശേഷത്തിന്റെ ആനന്ദം, 24) സന്താനപരിപാലനത്തിൽ ആദ്യകാൽവയ്പ് നടത്താൻ മാതാപിതാക്കൾ മക്കളുടെ മണമുള്ളവരായിരിക്കണം. അവരുടെ ശബ്ദം കേൾക്കാൻ ഇഷ്ടപ്പെടുകയും ചെയ്യണം. 'സ്വാതന്ത്ര്യത്തിലും പക്വതയിലും മുഴുവനായ ശിക്ഷണത്തിലും യഥാർത്ഥമായ ആത്മനിയന്ത്രണത്തിലും വളരാൻ അവരെ സ്നേഹപൂർവ്വം സഹായിക്കുക' (സ്നേഹത്തിന്റെ ആനന്ദം, 261),

'ദയവായി', 'നന്ദി', 'എനിക്ക് ഖേദമുണ്ട്' എന്നൊക്കെ പറയാനും ക്ഷമ ചോദിക്കാനും മറ്റുള്ളവരോട് ചെയ്ത ദ്രോഹത്തിനു പരിഹാരംചെയ്യാനും കുട്ടികളെ പരിശീലിപ്പിക്കുക, കുട്ടികളുടെ പരിശ്രമങ്ങളെ വിലമതിക്കുക, അംഗീകരിക്കുക, തെറ്റു തിരുത്തുക എന്നിവയും സന്താനപരിപാലനത്തിൽ ഉൾപ്പെടുത്തേണ്ടവയാണ്' (സ്നേഹത്തിന്റെ ആനന്ദം, 266, 268, 269).

# നിങ്ങളുടേത് കത്തോലിക്കാകുടുംബമാണോ?

സവിശേഷമായ ചില അടയാളങ്ങളും പ്രത്യേകതകളുമുള്ളവയാണ് ഓരോ കത്തോലിക്കാകുടുംബവും. നിങ്ങളുടെ കുടുംബം കത്തോലിക്കാകുടുംബമാണോയെന്ന് അറിയണമെങ്കിൽ ആദ്യം കത്തോലിക്കാകുടുംബങ്ങളുടെ പ്രത്യേകതകൾ മനസിലാക്കിയിരിക്കണം.

*** കത്തോലിക്കാകുടുംബാംഗങ്ങൾ ഒരുമിച്ച് ദൈവാലയത്തിൽ പോകുന്നവരാണ്**

ദിവ്യകാരുണ്യത്തിൽനിന്ന് ശക്തി സംഭരിച്ചു മുന്നോട്ടുപോകുന്നവരാണ് കത്തോലിക്കാകുടുംബാംഗങ്ങൾ. ഞായറാഴ്ചകളിലും സാധ്യമായ ഇടദിവസങ്ങളിലും അവർ ദൈവാലയങ്ങളിൽ ഒരുമിച്ചുപോകുന്നു. കത്തോലിക്കാകുടുംബങ്ങളിലെ ഇഴയടുപ്പത്തിനും ദമ്പതികൾക്കിടയിലുള്ള സന്തോഷത്തിനും ദമ്പതികളും മക്കളും ഒരുമിച്ചു പള്ളിയിൽ പോകുന്നത് പ്രധാനകാരണമാണൊണ് ചില പഠനങ്ങൾ പറയുന്നത്. ഒരുമിച്ചു ദൈവാലയത്തിൽ പോകുന്ന ദമ്പതികൾ സന്തോഷമുള്ളവരായിരിക്കുമത്രെ. ഭൂരിപക്ഷം കുടുംബങ്ങളിലും കണ്ടുവരുന്ന രീതി ഭർത്താവ് വൈകുന്നേരത്തെ കുർബാനയ്ക്ക്, ഭാര്യ രാവിലത്തെ കുർബാനയ്ക്ക്, മക്കൾ വേദപാഠ കുർബാനയ്ക്ക് എന്ന രീതിയാണ്. ഈ രീതിക്കൊരു മാറ്റംവരുത്തി സാധിക്കുമെങ്കിൽ അപ്പനും അമ്മയും മക്കളും കൂടി ഒരുമിച്ച് ഒരു കുർബാനയിൽ (വേദപാഠമില്ലാത്തപ്പോൾ) ഒരേ മനസ്സോടെ പങ്കെടുക്കുമ്പോഴാണ് കത്തോലിക്കാകുടുംബത്തിന്റെ പൂർണത കൈവരുകയുള്ളൂ. മാത്രവുമല്ല ഇത് കൂടുതൽ അനുഗ്രഹപ്രദവുമാണ്.

*** കത്തോലിക്കാകുടുംബങ്ങൾ ഒരുമിച്ചുപ്രാർഥിക്കുന്നവരാണ്.**



ദൈവാലയത്തിൽ സന്ധ്യാമണി മുഴങ്ങുമ്പോൾ പ്രാർഥനയ്ക്കായി മുട്ടുകുത്തിയിരുന്ന ഒരു തലമുറ നമുക്കുണ്ടായിരുന്നു. പിന്നീട് ആ പതിവു തെറ്റി. ടിവിയും സീരിയലുംചേർന്ന് ആ പതിവ് കുറച്ചുമുമ്പുവരെ തെറ്റിച്ചുവെങ്കിൽ ഇപ്പോൾ അതിന്റെ സ്ഥാനത്ത് മൊബൈലും ഇന്റർനെറ്റും കടന്നുവന്നിരിക്കുന്നു. പേരിനുള്ള കുടുംബപ്രാർഥനകളാണ് പല കുടുംബങ്ങളിലും നടക്കുന്നത്. പ്രാർഥനയ്ക്കിടയിൽ മൊബൈൽ മുഴങ്ങുമ്പോൾ ഫോണെടുത്ത് പുറത്തേക്ക് പോകുന്ന അപ്പനമ്മമാരും മക്കളും കുറവൊന്നുമല്ല. സാധിക്കുന്നിടത്തോളം നിശ്ചിതസമയത്ത് എല്ലാവരുംകൂടി ഒരുമിച്ചുപ്രാർഥിക്കുമ്പോൾ ദൈവം ആഗ്രഹിക്കുന്നതുപോലെയുള്ള ഒരു കുടുംബാനുഭവം നമുക്ക് ലഭിക്കും.

*** കുടുംബാംഗങ്ങൾ തമ്മിൽ ആഴമായ ബന്ധം കാത്തുസൂക്ഷിക്കുന്നവരാണ്**

അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ (യോഹ 17:21) ഹൃദയൈക്യം കത്തോലിക്കാകുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും പരസ്പരമുണ്ടായിരിക്കും. ഭാര്യഭർത്താക്കന്മാർ തമ്മിലും മക്കൾ തമ്മിലും അപ്പനും അമ്മയും മക്കളും തമ്മിലുമെല്ലാം ആഴമുള്ള സ്നേഹബന്ധങ്ങൾ. അപ്പനമ്മമാരുടെ സ്നേഹം കണ്ടായിരിക്കും മക്കൾ വളരുന്നത്. ആരോഗ്യപരമായ ബന്ധങ്ങൾ സാമൂഹികജീവിതത്തിൽ സൃഷ്ടിക്കാൻ കഴിയുന്ന വിധത്തിലുള്ള സ്നേഹത്തിന്റെ ബാലപാഠങ്ങൾ മക്കൾക്ക് പഠിക്കാനുള്ള പാഠശാലയായിരിക്കും കുടുംബം. സഭ്യമല്ലാത്ത വാക്കുകളോ ധാർമികതയില്ലാത്ത പ്രവൃത്തികളോ അവിടെ സംഭവിക്കുന്നില്ല. സഹായിച്ചും പരിഗണിച്ചും ശുശ്രൂഷിച്ചും മുന്നോട്ടുപോകുന്നതാണ് കത്തോലിക്കാകുടുംബം.

*** മുൻഗണന കുടുംബത്തിനുതന്നെ**

പ്രഫഷൻ, സമ്പത്ത്, സൗന്ദര്യം എന്നിങ്ങനെയുള്ള ബാഹ്യഘടകങ്ങളെക്കാളേറെ കുടുംബത്തിന്, കുടുംബബന്ധങ്ങൾക്ക് ഒന്നാംസ്ഥാനം കൊടുക്കുന്നവരായിരിക്കും കത്തോലിക്കാകുടുംബാംഗങ്ങൾ. എവിടെ പോയാലും എത്രയും വേഗം വീട്ടിലെത്താൻ തിടുക്കം കാണിക്കുന്നവർ, കുടുംബത്തിലെ സ്നേഹത്തിന്റെ കൂട്ടായ്മ അനുഭവിക്കുന്നവർ–അവരാണ് യഥാർഥ കത്തോലിക്കാകുടുംബാംഗങ്ങൾ. എല്ലാ കാര്യങ്ങളും തുറന്നുസംസാരിക്കാനും ഭാവിപദ്ധതികൾ പ്ലാൻ ചെയ്യാനും കളിക്കാനും പ്രാർഥിക്കാനും വിനോദങ്ങളിൽ ഏർപ്പെടാനുമെല്ലാം അവർ സമയം കണ്ടെത്തുന്നു.

*** വിശ്വാസസാക്ഷ്യമാകാൻ കഴിയുന്നു**

കുടുംബങ്ങളിലൂടെയാണ് ദൈവികപദ്ധതികൾ പൂവണിയുന്നത്. സ്ത്രീപുരുഷന്മാരെ വിവാഹത്തിലൂടെ ഒന്നിച്ചുചേർക്കുമ്പോൾ അവരെക്കുറിച്ച്, അവരിലൂടെ സമൂഹത്തിലും സഭയിലും ഉണ്ടാകേണ്ട നന്മകളെക്കുറിച്ചു ദൈവത്തിനു സ്വപ്നങ്ങളുണ്ട്. പക്ഷേ ദൈവത്തിന്റെ പദ്ധതികൾക്ക് പകരം സ്വന്തം പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കുന്നവരാണ് പല ദമ്പതികളും. ദൈവം ആഗ്രഹിക്കുന്നതുപോലെയുള്ള കുടുംബജീവിതം നയിക്കാൻ, ആരോഗ്യത്തിലും അനാരോഗ്യത്തിലും സമ്പത്തിലും ദാരിദ്ര്യത്തിലും ഒരുപോലെ നിലയുറപ്പിക്കാൻ ദമ്പതികൾക്ക് കഴിയുന്നില്ലെങ്കിൽ യേശു 'ഈ വീടിന്റെ നാഥൻ' എന്ന് വാതിൽപ്പടിയിൽ എഴുതിവച്ചതുകൊണ്ടോ പള്ളിയിൽ പോകുകയും പ്രാർഥിക്കുകയും ചെയ്യുന്നതുകൊണ്ടോ മാത്രം ആ കുടുംബം യഥാർഥത്തിലുള്ള കത്തോലിക്കാകുടുംബമാകുന്നില്ല. ഈ സവിശേഷതകൾ എത്രത്തോളം നിങ്ങളുടെ കുടുംബങ്ങൾക്ക് ബാധകമാണ്? ഇവ നിങ്ങളുടെ കുടുംബത്തിന്റെ സ്വഭാവസവിശേഷതകളാകുമ്പോൾ മാത്രമേ നിങ്ങളുടേത് കത്തോലിക്കാ കുടുംബമാണോയെന്ന് പറയാൻ കഴിയൂ.



# മേജർ ആർച്ചുബിഷപ്പിന്റെ ഡയറി

## ഫെബ്രുവരി 2024

**23 വെള്ളി:** റോഗേഷനിസ്റ്റ് സന്യാസ സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ ഫാ. ബ്രൂണോ, ജനറൽ ട്രഷറർ ഫാ. ബ്രിസോ ഗ്രെക്കോ, പ്രൊവിൻഷ്യൽ സുപ്പീരിയർ ഫാ. ഷാജൻ എന്നിവരെ സ്വീകരിച്ചു.

**24 ശനി:** മലങ്കര ഓർത്തഡോക്സ്സഭയുടെ ആസ്ഥാനമായ ദേവലോകം അരമനയിൽ വച്ചു നല്കിയ സ്വീകരണത്തിൽ പങ്കെടുത്തു.

- പുത്തൻകുരിശിലുള്ള യാക്കോബായ സഭയുടെ ആസ്ഥാനമായ പാത്രിയർക്കാ സെന്റർ സന്ദർശിക്കുകയും മെത്രാഭിഷേകത്തിന്റെ സുവർണ ജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യ ബസേലിയോസ് തോമസ് പ്രഥമൻ ബാവാക്ക് ആശംസകൾ നേരുകയും ചെയ്തു.

**25 ഞായർ:** 2024ആഗസ്റ്റു മാസത്തിൽ നടത്തപ്പെടുന്ന മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിക്ക് ഒരുക്കമായി സംഘടിപ്പിച്ച പഠനശിബിരത്തിൽ പങ്കെടുക്കാനായി മൗണ്ടിലെത്തിയ യുവജനങ്ങളെ അഭിസംബോധന ചെയ്തു സംസാരിച്ചു.

- കലൂർ ഈശോസഭാ ഭവനത്തിൽ സുപ്പീരിയർ ജനറൽ റവ. ഫാ. ആർതുർ എസ്.ജെയെ സന്ദർശിച്ചു.
- തൃശൂർ ടൗൺഹാളിൽ പൗരാവലി നൽകിയ സ്വീകരണത്തിൽ പങ്കെടുത്തു.

**26 തിങ്കൾ:** തൃശൂർ പുത്തൻപള്ളിയിൽ വി. കുർബാന അർപ്പിച്ചു. തുടർന്നു അതിരൂപതയിലെ പ്രീസ്റ്റ് ഹോമുകൾ സന്ദർശിച്ചു.

- തൃശൂർ സെന്റ്തോമസ് കോളേജിൽ സ്വീകരണയോഗത്തിൽ പങ്കെടുത്തു.
- സി.എസ്.സി. സിസ്റ്റേഴ്സിന്റെ ജനറലേറ്റു സന്ദർശിച്ചു.
- ഒല്ലൂർ വി. എവുപ്രാസിയമ്മയുടെ കബറിടം സന്ദർശിച്ചു പ്രാർഥിച്ചു.

**27 ചൊവ്വ:** എറണാകുളം മെത്രാസനമന്ദിരത്തിൽവച്ചു നടത്തപ്പെട്ട എറണാകുളം പ്രോവിൻസിലെ കൂരിയ അംഗങ്ങളുടെ സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു.

- സെന്റ് തോമസ് മൗണ്ടിൽ ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെ മീറ്റിംഗിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്തു.
- നോർബെർടൈൻ സന്യാസസമൂഹത്തിന്റെ പ്രൊവിൻഷ്യൽ ഫാ. ജോസ് മുരിക്കനെയും കൗൺസിലേഴ്സിനെയും ഉൾപ്പെടുന്ന സംഘത്തെ സ്വീകരിച്ചു.

**28 ബുധൻ:** സീറോമലബാർ സഭയിലെ മേജർ ആർകിഎപ്പിസ്കോപ്പൽ പദവിയുള്ള സന്യാസിനിസമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു സംസാരിച്ചു.

- എം. സി. ബി. എസ് ജനറലേറ്റു സന്ദർശിച്ചു.

**29 വ്യാഴം:** എം.എം.ബി. സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ ബ്രദർ ബാസ്റ്റിൻ കരുവേലിയെയും കൗൺസിലേഴ്സിനെയും സ്വീകരിച്ചു.

- സി. എസ്. ടി. സന്യാസസമൂഹത്തിന്റെ ആലുവ സെന്റ് ജോസഫ്സ് പ്രോവിൻസിന്റെ പുതിയ പ്രൊവിൻഷ്യൽ ഫാ. ജിജോ ഇൻഡ്യപറമ്പിലിനെയും കൗൺസിലേഴ്സിനെയും സ്വീകരിച്ചു.

## മാർച്ച് 2024

**02 ശനി:** ചെറുപുഷ്പ മിഷൻലീഗ് ദേശീയസമിതിയുടെ വാർഷികത്തോടനുബന്ധിച്ചു നടത്തിയ വെബിനറിൽ പങ്കെടുത്തു സന്ദേശം നല്കി.

- പെർമെനന്റ് സിനഡിന്റെ ഓൺലൈൻ യോഗത്തിൽ അധ്യക്ഷത വഹിച്ചു.

**04 തിങ്കൾ:** എസ്.എ.ബി.എസ്. സന്യാസിനീസമൂഹത്തിന്റെ കോതമംഗലം പ്രൊവിൻഷ്യൽ സി. മെർലിയെയും കൗൺസിലർമാരെയും സ്വീകരിച്ചു.

- നടവയൽ ഇൻഫന്റ് ജീസസ് മേജർ ആർക്കിഎപ്പിസ്കോപ്പൽ ഇടവക വികാരി ഫാ. ഗർവാസീസ് മറ്റത്തെയും സഹവികാരിമാരെയും കൈക്കാരൻമാരെയും സ്വീകരിച്ചു.
- തൊടുപുഴ ഡിവൈൻ മേഴ്സി തീർഥാടനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഓൺലൈനായി നടത്തിയ സമർപ്പിതസമൂഹങ്ങളുടെ കൂട്ടായ്മയിൽ സന്ദേശം നൽകി.

**06 ബുധൻ:** സി .എസ്. എൻ. ജനറലേറ്റു സന്ദർശിച്ചുവി. കുർബാന അർപ്പിക്കുകയും സന്ദേശംനല്കുകയും ചെയ്തു.

- ആരക്കുഴ സെന്റ് മേരീസ് മേജർ ആർക്കിഎപ്പിസ്കോപ്പൽ ഇടവക വികാരി ഫാ ജോൺ മുണ്ടക്കലിനെയും കൈകാരന്മാരെയും സ്വീകരിച്ചു.
- സി ആർ ഐയുടെ ആഭിമുഖ്യത്തിൽ സങ്കടിപ്പിച്ച ഓൺലൈൻ മീറ്റിംഗിൽ നോമ്പുകാല സന്ദേശംനല്കി.

**07 വ്യാഴം:** കൊടുങ്ങല്ലൂരിൽ ക്നായിത്തൊമ്മൻ ദിനാചരണത്തിന്റെയും പുതുതായി നിർമിക്കുന്ന ഓർമ്മകൂടാരത്തിന്റെ ശിലാസ്ഥാപനത്തിന്റെയും ഭാഗമായി നടത്തിയ സമ്മേളനം ഉദ്ഘാടനംചെയ്തു സംസാരിച്ചു.

**08 വെള്ളി:** തൊടുപുഴ എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു.

- തൊടുപുഴ ഡിവൈൻ മേഴ്സി തീർഥാടന കേന്ദ്രത്തിൽ വി. കുർബാന അർപ്പിച്ചു സന്ദേശംനല്കി.

**09 ശനി:** മാന്നാനം സെന്റ് ജോസഫ്സ് ആശ്രമദൈവാലയത്തിൽ വി. കുര്യാക്കോസ് എലിയാസ് ചാവറ അച്ചന്റെ കബറിടം സന്ദർശിച്ചു പ്രാർഥിക്കുകയും വി. കുർബാന അർപ്പിച്ചു സന്ദേശംനല്കുകയും ചെയ്തു.

**10 ഞായർ:** ചങ്ങനാശ്ശേരി അതിരൂപതയിലെ മണിമല ഹോളി മാഗി ഫൊറോനാപള്ളിയിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നല്കി.

- തിരുവല്ല രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തിയ ബൈബിൾ കൺവെൻഷൻ ഉദ്ഘാടനംചെയ്തു സന്ദേശം നല്കി.
- ദീപിക അപെക്സ് ബോർഡിന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

**11 തിങ്കൾ:** കുവൈറ്റ് റിട്ടേർണീസ് ഫോറം മൗണ്ടിൽ സംഘടിപ്പിച്ച മീറ്റിംഗിൽ പങ്കെടുത്തു സംസാരിച്ചു.

- കൂരിയായിൽ വിളിച്ചുചേർത്ത പെർമെനന്റ് സിനഡിന്റെ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

**16 ശനി:** മാണ്ഡ്യരൂപതാ സന്ദർശനത്തിന്റെ ഭാഗമായി ബാംഗ്ളൂർ ധർമ്മാരാം സെന്റ് തോമസ് ഫൊറെയ്ൻ ചർച്ചിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നല്കുകയും വൈദികർ, സമർപ്പിതർ, അത്മായർ എന്നിവരുമായി സംവദിക്കുകയും ചെയ്തു.

**17 ഞായർ:** മാണ്ഡ്യരൂപതയുടെ കത്തീഡ്രൽ ദൈവാലയമായ ഇൻഫന്റ് ജീസസ് ചർച്ചിൽ വി. കുർബാനയർപ്പിക്കുകയും വചനസന്ദേശം നല്കുകയും ചെയ്തു.

**18 തിങ്കൾ:** ചങ്ങനാശ്ശേരി അതിരൂപത മുൻ അധ്യക്ഷൻ മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ചു ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ നടന്ന വി. കുർബാനയിൽ കാർമികത്വംവഹിച്ച് വചനസന്ദേശം നല്കി.

**19 ചൊവ്വ–20 ബുധൻ:** തൃശൂർ മേരിമാതാ സെമിനാരിയിൽവച്ചു കെസിബിസിയുടെയും പറോക് റിസേർച്ച് ഇൻസ്റ്റിട്യൂട്ടിന്റെയും ആഭിമുഖ്യത്തിൽ നടത്തപ്പെട്ട സെമിനാരിപരിശീലനത്തെ സംബന്ധിച്ച പഠനശിബിരത്തിൽ പങ്കെടുക്കുകയും സന്ദേശം നൽകുകയും വി. കുർബാനയർപ്പിക്കുകയും ചെയ്തു.

# വൈകിമാത്രം തിരിച്ചറിയുന്ന ചില സത്യങ്ങൾ

യൗവനത്തിന്റെ തീക്ഷ്ണതകൊണ്ടും പ്രായത്തിന്റെ ചുറുചുറുക്കുകൊണ്ടും ജീവിതത്തിൽ പുലർത്തിപ്പോരേണ്ട അടിസ്ഥാനധർമങ്ങളെക്കുറിച്ച് വിസ്മരിക്കുന്നവരാണ് ഭൂരിപക്ഷവും. ’നീ ഇല്ലെങ്കിലും എനിക്കൊരു ചുക്കും സംഭവിക്കുക’യില്ലെന്നും ’എനിക്ക് ആരോഗ്യമുണ്ട്,പണമുണ്ട് അതുകൊണ്ട് എനിക്കാരെയും വേണ്ട’ എന്നുമൊക്കെയുള്ള വീരവാദങ്ങൾ മുഴക്കുന്നത് ഇത്തരമൊരു സാഹചര്യത്തിലാണ്. യൗവനം വല്ലാത്തൊരു ആത്മവിശ്വാസവും കരുത്തും നല്കുന്നുണ്ട് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. യൗവനത്തിൽ പുലർത്തിപ്പോന്നിരുന്ന പല കാഴ്ചപ്പാടുകളും തിരുത്തിയെഴുതുകയും കഴിഞ്ഞുപോയതിനെയോർത്തു പശ്ചാത്തപിക്കുകയുംചെയ്യുന്ന ഒരു സന്ദർഭം ഒട്ടുമിക്ക മനുഷ്യരുടെയും ജീവിതത്തിൽ ഉണ്ടാകാറുണ്ട്. യൗവനം കൈമോശം വരുമ്പോഴും കഴിഞ്ഞുപോയതെല്ലാം തിരികെ പിടിക്കാൻ കഴിയാത്തവിധത്തിൽ നഷ്ടപ്പെടുകയും ചെയ്തുകഴിയുമ്പോഴാണ് ഈ തിരിച്ചറിവുകൾ ഉണ്ടാകുന്നത് എന്നതാണ് ഏറെ ഖേദകരം. വളരെ വൈകിമാത്രം എല്ലാ മനുഷ്യരും തിരിച്ചറിയുന്ന ഈ സത്യങ്ങൾ യൗവനത്തിൽത്തന്നെ മനസ്സിലാക്കിയാൽ ജീവിതം കൂടുതൽ സുന്ദരമാക്കാനും മികവുറ്റതാക്കാനും കഴിയും.

### ബന്ധങ്ങൾ നിലനില്ക്കണമെങ്കിൽ വിട്ടുവീഴ്ചകളും ശ്രമവും ഉണ്ടായിരിക്കണം

ഏതൊരുവിധത്തിലുള്ള ബന്ധങ്ങളും- സൗഹൃദബന്ധം,വിവാഹബന്ധം, പ്രണയബന്ധം- ആരംഭിക്കുമ്പോൾ നമ്മുടെ വിചാരം അത് വളരെ എളുപ്പത്തിൽ മുന്നോട്ടുപൊയ്ക്കൊള്ളും എന്നതാണ്. എന്നാൽ ആ ബന്ധം നിലനിറുത്തിക്കൊണ്ടുപോകാൻ, പ്രശ്നങ്ങളുണ്ടാകുമ്പോൾ പരിഹരിക്കാൻ, കൂടുതൽ ആസ്വാദ്യകരവും സുന്ദരവുമായി മാറ്റാൻ അവരവർകൂടി പങ്കുവഹിക്കേണ്ടതുണ്ട്. ഇരുവശത്തുനിന്നുമുള്ള ആത്മാർഥമായ ശ്രമങ്ങളാണ് ബന്ധങ്ങളെ ശാശ്വതമായി നിലനിറുത്തുന്നത്. അതിനായി ചിലപ്പോൾ വിട്ടുവീഴ്ചകൾ നടത്തേണ്ടതായി വരും. ഈഗോ ഹനിക്കേണ്ടതായി വരും. ത്യാഗം അനുഷ്ഠിക്കേണ്ടതായിവരും. തെറ്റിദ്ധാരണകൾ നീക്കേണ്ടതായി വരും. അനുരഞ്ജന സംഭാഷണങ്ങൾ നടത്തേണ്ടതായി വരും. ഒരു ബന്ധത്തിലകപ്പെടാൻ എളുപ്പമാണ്.പക്ഷേ നിലനിറുത്തിക്കൊണ്ടുപോവുകയും രണ്ടുപേർക്കും ആസ്വാദ്യകരമാവുകയും ചെയ്യുന്നത് അത്ര എളുപ്പമല്ല. പല ബന്ധങ്ങളും തകരുന്നത് ഇത്തരമൊരു തിരിച്ചറിവിന്റെ അഭാവം കൊണ്ടാണ്.

വിട്ടുവീഴ്ചചെയ്യാതെയും നിലനിറുത്തിക്കൊണ്ടുപോകാനുള്ള ശ്രമങ്ങളില്ലാതെയും ഇന്നേവരെയും ഒരു ബന്ധവും ഫലം പുറപ്പെടുവിച്ചിട്ടില്ല.

### പണം സമാധാനവും സന്തോഷവും നല്കില്ല

പണമില്ലാത്തവൻ പിണമാണെന്നാണ് ചൊല്ല്. അതുകൊണ്ടാണ് ഇന്ന് ഏതുവിധേനയും പണമുണ്ടാക്കാൻ ചെറുപ്പക്കാർ മത്സരിക്കുന്നത്. പണം ആവശ്യങ്ങൾ സാധിച്ചുതരും എന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ പണത്തിന് നല്കാനാവാത്തതാണ് ഹൃദയസന്തോഷവും ആന്തരികസമാധാനവും. യഥാർഥത്തിലുള്ളതും ആഴമുള്ളതുമായ സന്തോഷം ഹൃദയത്തിൽനിന്നുണ്ടാവേണ്ടതാണ്.

### സമയം അമൂല്യമാണ്

ഈ ലോകത്തിൽ പിടിച്ചുനിറുത്താൻ കഴിയാത്തതും ഒരിക്കൽ നഷ്ടപ്പെട്ടാൽ വീണ്ടെടുക്കാൻ കഴിയാത്തതുമായ ഒന്നാണ് സമയം. കിട്ടുന്ന സമയം പൂർണമായും പ്രയോജനപ്പെടുത്തുക. ആവശ്യവും അത്യാവശ്യവും അനാവശ്യം തിരിച്ചറിഞ്ഞ് സമയം ഉപയോഗിക്കുക. പഠിക്കാനുള്ളതാണ് ഉത്തരവാദിത്തമെങ്കിൽ അത് നിർവഹിക്കുക. ജോലി സമയാനുസൃതം പൂർത്തിയാക്കുക. അതുപോലെ തന്നെ പ്രിയപ്പെട്ടവരുമായി സമയം ചെലവഴിക്കാനും തയ്യാറാവുക. പല ചെറുപ്പക്കാർക്കും വീടിനുള്ളിൽ ബന്ധം കുറഞ്ഞുവരികയും വീടിനു പുറത്തു കൂടുതൽ ബന്ധങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്ന കാലമാണ്. ഓരോരുത്തർക്കും അർഹതപ്പെട്ട സമയം അവരുമായി ചെലവഴിക്കുക. പ്രിയപ്പെട്ടവരുമായി ചെലവഴിക്കുന്ന സമയം ജീവിതത്തിലെ അമൂല്യനിമിഷങ്ങളാണ്. തിരക്കുപിടിച്ച ഓട്ടത്തിനിടയിൽ അതിനു സമയം കിട്ടാതെ പോകരുത്.

### ആരോഗ്യം പ്രധാനപ്പെട്ടതാണ്

ആരോഗ്യകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധാലുക്കളാകണം. ശരീരത്തിന് ദോഷം ചെയ്യുന്നതും ആരോഗ്യം നശിപ്പിക്കുന്നതുമായ രീതികളോട് അകന്നുനില്ക്കുക. ആരോഗ്യത്തോടെ ശരീരം കാത്തുസൂക്ഷിക്കുക. വ്യായാമം ശീലമാക്കുക.

### സംസാരിക്കുന്നതിന് മുമ്പ് കേൾക്കണം, സംസാരം വിവേകത്തോടെയായിരിക്കണം

ബന്ധങ്ങൾ തകരാറിലാകുന്നതിന്റെ കാരണങ്ങളിലൊന്ന് സംസാരത്തിലെ പാകപ്പിഴകളാണ്. മനസ്സിലാകുന്നതിനുമുമ്പ് മറുപടി പറയുക, മുൻപിൻ നോക്കാതെ സംസാരിക്കുക ഇവയെല്ലാം ദോഷം ചെയ്യും. അതുകൊണ്ട് സംസാരം വിവേകത്തോടെയും ആശയക്കുഴപ്പം സൃഷ്ടിക്കാത്തവിധത്തിലുമായിരിക്കണം.

### ദയയും സഹാനുഭൂതിയും അത്യാവശ്യമാണ്

കഠിനമായ മനസ്സും വിമർശനാത്മകമായ കാഴ്ചപ്പാടും അവരവർക്ക് തന്നെ ഭാരമാണ്. അങ്ങനെയെങ്കിൽ മറ്റുള്ളവർക്കോ? ദയയുള്ള മനുഷ്യരും ആർദ്രമാനസരുമാവുകയെന്നതാണ് വേണ്ടത്. കുറച്ചുകൂടി ദയയോടെ പെരുമാറിയിരുന്നുവെങ്കിൽ, ആർദ്രമായി ഇടപെട്ടിരുന്നുവെങ്കിൽ പല ആത്മസംഘർഷങ്ങളും കുറ്റബോധങ്ങളും അനുഭവിക്കേണ്ടിവരുമായിരുന്നില്ല.

### തെറ്റുകൾ സമ്മതിക്കുന്നത് വളർച്ചയ്ക്ക് ഉപകരിക്കും

മറ്റുള്ളവരുടെ തെറ്റുകൾ കണ്ടെത്തുന്നവർക്ക് സ്വന്തം തെറ്റുകൾ മനസ്സിലാവാതെ പോകുന്നു. ആരെങ്കിലും സ്വന്തം തെറ്റുകൾ പറഞ്ഞുതന്നാൽ അവർ നമ്മുടെ കടുത്ത ശത്രുക്കളാകുന്നു. പെരുമാറ്റത്തിലും പ്രവൃത്തിയിലും സംസാരത്തിലും ചിന്തയിലുമുള്ള അപകടങ്ങളെക്കുറിച്ച് കൂടുതൽ മെച്ചപ്പെടേണ്ട ആവശ്യകതയെക്കുറിച്ച് പറഞ്ഞുതരുമ്പോൾ അതിലെ ശരി കണ്ടെത്തി തിരുത്താൻ തയ്യാറാവുക. പ്രായംചെന്ന് എല്ലാ സാധ്യതകളും മങ്ങിക്കഴിയുമ്പോഴാണ് ഇത്തരം തിരിച്ചറിവുകൾ ഭൂരിപക്ഷത്തിനും ഉണ്ടാകുന്നത്. പക്ഷേ ചെറുപ്പക്കാർ ഇപ്പോൾ തന്നെ തങ്ങളുടെ ജീവിതത്തെ ഇക്കാര്യങ്ങളുടെ അടിസ്ഥാനത്തിൽ തിരുത്താനും മുന്നോട്ടുപോകാനും തയ്യാറായാൽ നിങ്ങളുടെ ജീവിതം മനോഹരവും വിജയപ്രദവുമായിരിക്കും.




# ഒരു നുഴഞ്ഞുകയറ്റക്കാരന്റെ കഥ

**വിനായക് നിർമ്മൽ**

ഒമ്പതു വയസായിരുന്നു അന്ന് മത്തേയോ ഫരീനയുടെ പ്രായം. അന്നൊരു രാത്രിയിൽ അസാധാരണമായ ഒരു സ്വപ്നം അവൻ കണ്ടു.സ്വപ്നത്തിൽ അവനു പ്രത്യക്ഷപ്പെട്ടത് വിശുദ്ധ പാദ്രെ പിയോയായിരുന്നു. പാദ്രെ പിയോ ഫരീനയോടു പറഞ്ഞത് ഇതായിരുന്നു. 'സന്തോഷവാനായ വ്യക്തി ആരാണെന്ന് അറിയാമോ? അതു പാപം ചെയ്യാത്ത വ്യക്തിയാണ്'

ഇതിന് പുറമെ പാദ്രെ പിയോ മറ്റൊരു കാര്യംകൂടി ഫരീനയോട് പറഞ്ഞു 'നീ ഇക്കാര്യം മറ്റുള്ളവരെയും പഠിപ്പിക്കൂ. അങ്ങനെ നമുക്കെല്ലാവർക്കും ദൈവരാജ്യത്തിൽ സന്തോഷത്തോടെ കഴിയാം.'

ഈ സ്വപ്നം വലിയൊരു തിരിച്ചറിവിലേക്കായിരുന്നു ഫരീനയെ നയിച്ചത്. അതേക്കുറിച്ച് അവൻ പിന്നീട് എഴുതിയത് ഇപ്രകാരമാണ്. 'എന്റെ ദൗത്യം എന്താണെന്ന് ഞാൻ മനസ്സിലാക്കുന്നു. അത് യുവജനങ്ങൾക്കിടയിൽ നുഴഞ്ഞുകയറി അവരോടു ദൈവത്തെക്കുറിച്ചു സംസാരിക്കുക എന്നതാണ്. ഒരു വൈറസുപോലെ അവരുടെ ജീവിതത്തിലേക്ക് കടന്നുകയറി ഒരിക്കലും ഭേദമാക്കാനാവാത്ത അസുഖം അവരെ ബാധിക്കാൻ കാരണമാകുക; സ്നേഹം'

1990 ൽ ബ്രിൻഡിസിയിലായിരുന്നു അവന്റെ ജനനം. സ്പോർട്സിനോടു താല്പര്യമുള്ള, സംഗീതം ഇഷ്ടപ്പെടുന്ന, സംഗീതോപകരണങ്ങൾ ഉപയോഗിക്കാനറിയാവുന്ന, പ്രണയിനിയുള്ള ചെറുപ്പക്കാരൻ. അതായിരുന്നു ഫരീന. ഐറ്റിയിൽ പ്രാവീണ്യമുള്ള സമർഥനായ വിദ്യാർത്ഥി. രസതന്ത്രത്തോട് ആഭിമുഖ്യമുള്ളവൻ.

ഇങ്ങനെയൊക്കെയാണെങ്കിലും നന്നേ ചെറുപ്രായം മുതൽതന്നെ ദൈവാഭിമുഖ്യത്തോടെയായിരുന്നു അവൻ വളർന്നത്. എല്ലാ ദിവസവും വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്ന, തിരുവചനം എല്ലാ ദിവസവും ധ്യാനിക്കുന്ന, ജപമാല ചൊല്ലുന്ന, ആഴ്ചയിലൊരിക്കൽ കുമ്പസാരിക്കുന്ന കുട്ടി. അതൊക്കെയും കൂടിയായിരുന്നു മത്തേയോ ഫരീന. ദൈവം തനിക്കുനല്കിയ ഏറ്റവും അമൂല്യമായ സമ്മാനം എന്നാണ് തന്റെ പ്രണയിനി സറീനയെ അവൻ വിശേഷിപ്പിച്ചിരുന്നത്.



പതിമൂന്നുവയസുവരെ അവന്റെ ജീവിതം ഇങ്ങനെ ശാന്തമായി ഒഴുകുന്ന പുഴപോലെയായിരുന്നു. പക്ഷേ 2003 ലെ സെപ്തംബർ അവന്റെ ജീവിതത്തെ നെടുകെയും കുറുകെയും ഛേദിച്ചുകളഞ്ഞു. തലവേദനയും ഭാഗികമായ കാഴ്ചമങ്ങലുമായിരുന്നു തുടക്കം. വിദഗ്ദമായ രോഗപരിശോധനയിൽ ആ സത്യം തിരിച്ചറിഞ്ഞു; ബ്രെയ്ൻട്യൂമർ. അവനെ സ്നേഹിക്കുന്നവരെല്ലാം തളർന്നുപോയെങ്കിലും അവന്റെ മുഖത്തെ പുഞ്ചിരിക്കു മാറ്റമുണ്ടായിരുന്നില്ല. വിശ്വാസത്തിൽ വളരാനും കരുത്താർജിക്കാനുമുള്ള ഒരു മാർഗമായിട്ടാണ് ഫരീനോ തന്റെ രോഗകാലത്തെ വിശേഷിപ്പിച്ചത്. പിന്നീടുള്ള ആറു വർഷക്കാലം നിരവധിയായ ഓപ്പറേഷനുകൾക്ക്, കീമോതെറാപ്പികൾക്ക് എല്ലാം അവൻ വിധേയനായി. ഈ കാലഘട്ടത്തിൽ അവനെ കൂടുതൽ ശക്തിപ്പെടുത്തിയതു പരിശുദ്ധ അമ്മയോടുള്ള സ്നേഹമായിരുന്നു. അവൻ അമ്മയുടെ വിമലഹൃദയത്തിന് സ്വയം സമർപ്പിച്ചു. ആശുപത്രികളും വീടും എന്ന കണക്കിൽ ഇടത്താവളങ്ങൾ മാറിക്കൊണ്ടിരിക്കുന്നതിനിടയിൽ പഠനവും സൗഹൃദവും പ്രണയവും അവൻ ഒരുപോലെ കൊണ്ടുനടക്കുന്നുമുണ്ടായിരുന്നു.

ശുദ്ധമാനസ്നേഹത്തിന്റെ പൊൻകതിരുകൾ ചിന്തുന്നതായിരുന്നു സെറീനയുമായുള്ള പ്രണയം. സുഹൃത്തുക്കളിൽ പലരും ദൈവവിശ്വാസമുള്ളവരൊന്നും ആയിരുന്നില്ല. മാത്രവുമല്ല പല തെറ്റുകൾ ചെയ്യുന്നവരുമായിരുന്നു. പക്ഷേ തന്റെ ക്രൈസ്തവമൂല്യങ്ങൾ തള്ളിക്കളയാതെ അവരുമായി അടുത്ത് ഇടപഴകുവാൻ ഫരീനോയ്ക്ക് സാധിച്ചിരുന്നു. ദുഷ്ക്കരമാണ്.എന്നാൽ അസാധ്യമല്ല എന്നായിരുന്നു ഇതേക്കുറിച്ച് ഫരീനയുടെ വാക്കുകൾ. മൂന്നാമത്തെ സർജറിയെതുടർന്ന് അവന്റെ ഇടതുകൈയും കാലും തളർന്നുപോയി. 'ഓരോ ദിവസവും നമ്മുടെ അവസാനദിവസംപോലെ ജീവിക്കുക. മരണത്തെയോർത്തു സങ്കടപ്പെടരുത്. പകരം കർത്താവുമായി കണ്ടുമുട്ടുന്ന സന്തോഷത്തിനുവേണ്ടി ഒരുക്കമുള്ളവരായിരിക്കുക', ഇതായിരുന്നു മരണത്തെക്കുറിച്ചുള്ള അവന്റെ കാഴ്ചപ്പാട്.

2009 മാർച്ചിൽ കഠിനമായ പനിയെത്തുടർന്ന് അവൻ ഹോസ്പിറ്റലിൽ പ്രവേശിക്കപ്പെട്ടു. അധികദിവസം അവന് ഈ ഭൂമിയിൽ വാസമുണ്ടാവില്ലെന്നു ഡോക്ടേഴ്സിന് അറിയാമായിരുന്നു. അതുകൊണ്ട് വീട്ടിലേക്ക് മടങ്ങാനായിരുന്നു അവരുടെ നിർദ്ദേശം.

2009 ഏപ്രിൽ 13 ന് അവസാനമായി ഫരീന ദിവ്യകാരുണ്യം സ്വീകരിച്ചു. അതേ വർഷം ഏപ്രിൽ 24. കുടുംബാംഗങ്ങളും സുഹൃത്തുക്കളും നോക്കിനില്ക്കേ അവൻ ശാന്തമായി നിത്യനിദ്രയിലേക്ക് പ്രവേശിച്ചു. 2016ൽ മത്തേയോ ഫരീനയുടെ നാമകരണ നടപടികൾക്ക് ഔദ്യോഗികമായ തുടക്കം കുറിച്ചു. അതോടെ ദൈവദാസപദവിയിലേക്ക് ഉയർത്തപ്പെട്ടു. 2020 ൽ ഫ്രാൻസിസ് മാർപാപ്പ ഫരീനയെ ധന്യനായും പ്രഖ്യാപിച്ചു.

വാഴ്ത്തപ്പെട്ട കാർലോ അക്യൂട്ടിസിന്റെ ജീവിതത്തെ ഓർമിപ്പിക്കുന്ന അസാധാരണമായ വിശുദ്ധജീവിതം നയിച്ച ധന്യൻ മത്തേയോ ഫരീന യുവജനങ്ങൾക്കു വഴിയും വഴികാട്ടിയുമായി മാറട്ടെ!



# 'ജനങ്ങളെ സംരക്ഷിക്കാൻ കഴിയില്ലെങ്കിൽ രാജിവച്ച് ഇറങ്ങിപ്പോകൂ': ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

വന്യജീവി ആക്രമണങ്ങൾ തുടർക്കഥയായിരിക്കെ, സർക്കാരിനെതിരെ രൂക്ഷ വിമർശനവുമായി താമരശ്ശേരി രൂപത. വന്യമൃഗങ്ങളിൽ നിന്നു കർഷകരുടെ ജീവനും സ്വത്തിനും സംരക്ഷണംനല്കാൻ കഴിയുന്നില്ലെങ്കിൽ സർക്കാർ രാജിവച്ച് ഇറങ്ങിപ്പോകണമെന്നും ഇത് സാംസ്‌ക്കാരിക കേരളമാണെന്നു പറയാൻ ലജ്ജ തോന്നുന്നുവെന്നും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പ്രതികരിച്ചു. കക്കയത്ത് കാട്ടുപോത്തിന്റെ ആക്രമണത്തിൽ കർഷകൻ ചാലാട്ടിൽ അബ്രാഹം മരിച്ച സംഭവത്തിൽ പ്രതികരിക്കുകയായിരുന്നു ബിഷപ്.



കക്കയത്തു സംഘടിപ്പിച്ച പ്രതിഷേധറാലിയിൽനിന്ന് (ഇൻസെറ്റിൽ അബ്രാഹം)

'മലയോരങ്ങളിലെല്ലാം ആന, കടുവ, കാട്ടുപോത്ത്, പുലി, കാട്ടുപന്നി തുടങ്ങിയ വന്യജീവികളുടെ ശല്യം അതിരൂക്ഷമായിരിക്കുകയാണ്. ഈ പ്രദേശങ്ങളിലെ കുട്ടികളെ എങ്ങനെ സ്കൂളിലേക്ക് പറഞ്ഞുവിടും? കൃഷിയിടത്തിൽ എന്തു ധൈര്യത്തിലാണ് ജോലി ചെയ്യുക? മനുഷ്യ ജീവനും സ്വത്തിനും സുരക്ഷയൊരുക്കാൻ കഴിയുന്നതരത്തിൽ നിയമങ്ങൾ മാറ്റിയെഴുതാൻ സർക്കാർ തയ്യാറാകാത്തത് പ്രതിഷേധാർഹമാണ്. സർക്കാർ അനാസ്ഥയ്ക്കെതിരേ ശക്തമായ പ്രതിഷേധം ഉയരും. കൃഷിയിടത്തിലിറങ്ങുന്ന വന്യമൃഗങ്ങളെ കൊല്ലുവാനുള്ള അവകാശം കർഷകർക്ക് നൽകിയേ മതിയാകൂ. മാർ ഇഞ്ചനാനിയിൽ തന്റെ പ്രസംഗത്തിൽ ആവശ്യപ്പെട്ടു.

കാട്ടുപോത്തും പന്നിയും ആനയുമൊന്നും നിങ്ങൾക്ക് വോട്ടുതരില്ല. മലയോര കർഷകനാണ് ഇവിടെ വോട്ടുള്ളതെന്നു നേതാക്കൾ മറക്കരുത്. വനം കണ്ടിട്ടില്ലാത്ത വനം മന്ത്രി രാജിവയ്ക്കണം. മലയോരമണ്ണിൽ ഇനിയൊരാളുപോലും വന്യമൃഗങ്ങളുടെ അക്രമണത്തിൽ കൊല്ലപ്പെടാൻ പാടില്ല. അതിന് ഏതറ്റംവരെ പോകാനും ഞങ്ങൾ തയ്യാറാണ്. പൊതുസമര പരിപാടികളുമായി മുന്നോട്ടു പോകും. മരിച്ച കർഷന്റെ കുടുംബത്തിന് 50 ലക്ഷം രൂപ നഷ്ടപരിഹാരം നല്കണം. കുടുംബത്തിലെ ഒരാൾക്ക് സർക്കാർ ജോലി ഉറപ്പാക്കണം; താമരശ്ശേരി ബിഷപ്പ് ആവശ്യപ്പെട്ടു.

വന്യമൃഗ ആക്രമണത്തിൽ മരണമടഞ്ഞ അബ്രാഹത്തിന്റെ സംസ്കാര കർമങ്ങളിൽ ബിഷപ് റെമിജിയോസ് ഇഞ്ചനാനിയിൽ കാർമികനായിരുന്നു.

## റിഫ്രഷർ കോഴ്സ് സംഘടിപ്പിച്ചു

കമ്മീഷൻ ഫോർ ക്ലർജിയുടെ നേതൃത്വത്തിൽ മേജർ സെമിനാരി പ്രൊഫസേഴ്സിന് വേണ്ടിയുള്ള റിഫ്രഷർ കോഴ്സ് ഇടുക്കി ഒസിഡി ധ്യാനാലയത്തിൽ നടന്നു. നാല് മേജർ സെമിനാരികളിൽ നിന്നായി 18 വൈദികർ പങ്കെടുത്തു. ബിഷപ്പ് മാർ തോമസ് തറയിൽ, ഫാ. മാത്യു കക്കാട്ടുപള്ളിൽ വി.സി എന്നിവർ ക്ലാസുകൾ നയിച്ചു. കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ ജോർജ് മഠത്തികണ്ടത്തിൽ സെക്രട്ടറി ഫാ. ജോജി കല്ലിങ്ങൽ എന്നിവർ നേതൃത്വം നൽകി.

## സീറോമലബാർസഭയുടെ പ്രാർഥനാനിയോഗങ്ങൾ സമർപ്പിച്ച് മേജർ ആർച്ചുബിഷപ്പ്

ദൈവകരുണയുടെ കേരളത്തിലെ സുപ്രസിദ്ധ തീർഥാടനകേന്ദ്രമായ കോതമംഗലം രൂപതയിലെ തൊടുപുഴ ഡിവൈൻ മേഴ്സി തീർഥാടന ദൈവാലയത്തിൽ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് വിശുദ്ധ കുർബാന അർപ്പിച്ചു. ദൈവകരുണയിൽ ആശ്രയിച്ചു പ്രാർഥിക്കാനും സീറോമലബാർസഭയുടെ നിയോഗങ്ങൾ സമർപ്പിക്കാനും ഒരു തീർഥാടകനെപ്പോലെയാണ് താൻ ഇവിടെ വന്നിരിക്കുന്നത് എന്നു വചനസന്ദേശത്തിൽ അദ്ദേഹം പറഞ്ഞു. കോതമംഗലം രൂപതാധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ വിശുദ്ധ കുർബാനയിൽ സഹകാർമികനായിരുന്നു.

# കുടുംബനാഥന്മാരുടെ ആത്മീയ ഭൗതിക ഉന്നമനത്തിന് പിതൃവേദി നേതൃത്വം കൊടുക്കണം: മാർ ജോസ് പുളിക്കൽ

കുടുംബനാഥന്മാരുടെ ആത്മീയ ഭൗതിക ഉന്നമനത്തിനു പിതൃവേദി നേതൃത്വം കൊടുക്കണമെന്നു കാഞ്ഞിരപ്പള്ളി രൂപത ബിഷപ്പ് മാർ ജോസ് പുളിക്കൽ. പിതൃവേദിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന കുടുംബനാഥന്മാർക്കുള്ള പരിശീലന പരിപാടിയായ 'പാത്രിസ് കോർദേ' ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

രൂപതയുടെ സുവർണജൂബിലിയുടെ പശ്ചാത്തലത്തിൽ പ്രഥമ മെത്രാനായിരുന്ന മാർ ജോസഫ് പൗവ്വത്തിൽ പിതാവിന്റെ ഒന്നാം ചരമ വാർഷികദിനമായ മാർച്ച് 18ന് രൂപതയുടെ ഫാമിലി അപ്പസ്തോലറ്റിന്റെ നേതൃത്വത്തിൽ, ആധുനിക കാലഘട്ടത്തിലെ ഉത്തരവാദിത്വപൂർണ്ണമായ ജീവിതമാതൃകകൾക്കു പിതാക്കന്മാർക്ക് സഹായകരമാകുന്നതിനായി തുടക്കംകുറിച്ച പരിശീലനപരിപാടിയാണ് പാത്രീസ് കോർദേ. രൂപതാ പിതൃവേദിയുടെ പ്രവർത്തന പദ്ധതികൾ ഇതോടനുബന്ധിച്ച് ആരംഭംകുറിച്ചു. രൂപതാ വികാരി ജനറാൾ ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ മാർ പൗവത്തിൽ അനുസ്മരണപ്രഭാഷണം നടത്തി.

# പഠനശിബിരം സമാപിച്ചു

കേരള കത്തോലിക്കമെത്രാൻസമിതിയും തൃശൂർ പറോക് ഗവേഷണ കേന്ദ്രവും സംയുക്തമായി കേരളത്തിലെ മേജർ സെമിനാരികളിലെ വൈദിക പരിശീലനത്തെക്കുറിച്ചു നടത്തിയ ത്രിദിന പഠനശിബിരം സമാപിച്ചു.

തൃശൂർ മേരിമാത മേജർ സെമിനാരിയിൽനടന്ന പഠനശിബിരം കെസിബിസി അധ്യക്ഷൻ ബസേലിയോസ് കർദിനാൾ മാർ ക്ലിമിസ് ഉദ്ഘാടനം ചെയ്തു.

നിരവധി മെത്രാന്മാരും കേരളത്തിലെ 32 രൂപതകളിലെ വൈദിക അല്മായ സന്യസ്തപ്രതിനിധികളും വിവിധ മേഖലകളിലെ വിദഗ്ധരും ആറു മേജർ സെമിനാരികളിലെ പ്രതിനിധികളും ഉൾപ്പെടെ 130 ഓളം പേർ ചർച്ചകളിൽ പങ്കെടുത്തു. റിസർച്ച് ടീം അംഗങ്ങളായ റവ. ഡോ. ജിബിൻ താഴേക്കാടൻ, റവ. ഡോ. സജി കണയങ്കൽ, റവ. ഡോ. സിബി ചെറുതോട്ടിൽ, റവ ഡോ. സൈജോ തൈക്കാട്ടിൽ റവ. ഡോ. സാജൻ പിണ്ടിയാൻ എന്നിവർ അവതരിപ്പിച്ച കണ്ടെത്തലുകൾക്ക് റവ ഡോ. അഗസ്റ്റിൻ പാപ്ലാനി, മാർ എവുസേബിയൂസ്, റവ. ഡോ. ജേക്കബ് പ്രസാദ്, ബിഷപ് ഡോ. ജെയിംസ് ആനാപറമ്പിൽ, റവ.ഡോ. ജോസഫ് തെക്കേക്കരോട്ട് തുടങ്ങിയവർ പ്രതികരണങ്ങൾ അവതരിപ്പിച്ചു. ഗ്രൂപ്പ് ചർച്ചകൾക്ക് ബിഷപ് ഡോ സിൽവസ്റ്റർ പൊന്നുമുത്തൻ, അപർണ്ണ, മാർ ജോസഫ് മാർ തോമസ്, ജേക്കബ് പൊന്നൂസ് ഐപിഎസ്, സി. ജൂഡി വർഗീസ് ബിഎസ് എന്നിവർ നേതൃത്വം നല്കി.



# ദിവ്യകാരുണ്യ കോൺഗ്രസ് ലോഗോ പ്രകാശനം ചെയ്തു

കേരളസഭ നവീകരണത്തിന്റെ ഭാഗമായി മേയ് 19 നു ഇരിങ്ങാലക്കുട രൂപതയിൽ നടക്കുന്ന ദിവ്യകാരുണ്യ കോൺഗ്രസിന്റെ ലോഗോ പ്രകാശനം കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ നിർവഹിച്ചു. സീറോമലബാർസഭ മേജർ ആർച്ചു ബിഷപ്പ് മാർ റാഫേൽ തട്ടിൽപിതാവ് ലോഗോ ഏറ്റുവാങ്ങി. പരിശുദ്ധ കുർബാനയിലുള്ള വിശ്വാസമാണു ക്രൈസ്തവവിശ്വാസത്തിന്റെ വേര് എന്നും പരിശുദ്ധ കുർബാനയിൽ അധിഷ്ഠിതമായുള്ള ക്രൈസ്തവവിശ്വാസം പടർന്നു പന്തലിക്കുന്നതാണ് ദിവ്യകാരുണ്യമെന്നും മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ ആശംസിച്ചു.

സിബിസിഐ പ്രസിഡണ്ടും തൃശൂർ അതിരൂപത അധ്യക്ഷനുമായ മാർ ആൻഡ്രൂസ് താഴത്ത്, സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ, കോതമംഗലം രൂപതാധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, മൂവാറ്റുപുഴ രൂപതാധ്യക്ഷൻ മാർ യൂഹന്നോൻ മാർ തെയഡോഷ്യസ്, കെസിബിസി ജനറൽ സെക്രട്ടറി ബിഷപ് ഡോ അലക്സ് വടക്കുംതല, ഇരിങ്ങാലക്കുട രൂപതാധ്യക്ഷൻ മാർ പോളി കണ്ണൂക്കാടൻ, വികാരി ജനറൽ മോൺ. ജോസ് മഞ്ഞളി, രൂപതയിലെ വൈദികരും വിവിധ മേഖലകളിലെ പ്രതിനിധികളും ചടങ്ങിൽ പങ്കെടുത്തു.

ക്രൈസ്തവജീവിതത്തിന്റെ ഉറവിടവും ഉച്ചിയുമായ ദിവ്യകാരുണ്യത്തിന്റെ മാഹാത്മ്യം വ്യക്തമാക്കുന്ന തരത്തിലാണ് ലോഗോ രൂപകല്പന ചെയ്തിരിക്കുന്നത്. ഇരിങ്ങാലക്കുട രൂപതയുടെ ചരിത്രത്തിൽ ഇതാദ്യമായാണ് ദിവ്യകാരുണ്യ കോൺഗ്രസിനു വേദിയൊരുങ്ങുന്നത്.

# പാലാ സെന്റ് തോമസ് കോളേജിനു സ്വയംഭരണപദവി

മദ്ധ്യതിരുവിതാംകൂറിലെ ഏറ്റവും പ്രശസ്തമായ കലാലയങ്ങളിൽ ഒന്നായ പാലാ സെന്റ് തോമസ് കോളേജിനു ഓട്ടോണമസ് പദവി നല്കിക്കൊണ്ടുള്ള അനുമതി യു.ജി.സി.യിൽ നിന്നു ലഭിച്ചു. 1950ൽ ആരംഭിച്ച സെന്റ് തോമസ് കോളേജ് പ്ലാറ്റിനം ജൂബിലിയുടെ നിറവിലെത്തിനിൽക്കുമ്പോഴാണ് കോളേജിന്റെ പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ സ്വയംഭരണപദവി ലഭിച്ചത്. റീഅക്രഡിറ്റേഷനിൽ അ++ ലഭിച്ച സെന്റ് തോമസ് കോളേജ് ഇന്ന് മികവിന്റെ കേന്ദ്രമാണ്.

പത്തിലേറെ ബഹുനിലമന്ദിരങ്ങളുള്ള വിശാലവും ഹരിതാഭവുമായ ക്യാമ്പസാണ് സെന്റ് തോമസ് കോളേജിന്റെ സവിശേഷത. സുസജ്ജമായ ലൈബ്രറി, ഇൻഡോർ സ്റ്റേഡിയം, സ്വിമ്മിംഗ് പൂൾ, ഓപ്പൺ ജിംനേഷ്യം എന്നിവ അടിസ്ഥാന സൗകര്യങ്ങളിൽ ഉൾപ്പെടും. 18 ബിരുദ പ്രോഗ്രാമുകളും 15 ബിരുദാനന്തരബിരുദ പ്രോഗ്രാമുകളും 10 ഗവേഷണ വിഭാഗങ്ങളും സെന്റ് തോമസിനെ ഇതര കോളേജുകളിൽ നിന്നും വ്യത്യസ്തമാക്കുന്നു. 136 അദ്ധ്യാപകരും 47 അനദ്ധ്യാപകരും 2500 ഓളം വിദ്യാർഥികളും ഇപ്പോഴുണ്ട്.

കലാകായികരംഗത്തും പഠനരംഗത്തും സർവകലാശാലാ റാങ്കിംഗിൽ മികച്ചുനില്ക്കാൻ നാളിതുവരെ സെന്റ് തോമസിന് സാധിച്ചിട്ടുണ്ട്.



സീറോമലബാർസഭയുടെ പ്രഥമമേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ആന്റണി പടിയറയുടെ 24 ാമത് ചരമവാർഷികദിനത്തിൽ സഭയുടെ ആസ്ഥാനകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസ് ചാപ്പലിൽ കർദിനാൾ മാർ ജോർജ് ആലഞ്ചേരി അനുസ്മരണബലി അർപ്പിക്കുന്നു. കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, ബിഷപ് എമിരത്തൂസ് മാർ ജോസഫ് കുന്നത്ത് സിഎംഐ എന്നിവർക്കൊപ്പം കൂരിയായിലെ വൈദികരും സഹകാർമ്മികരായിരുന്നു.




# GABORONE UNIVERSITY COLLEGE OF LAW AND PROFESSIONAL STUDIES

P. O. Box 201095, Gaborone, Botswana, enquiry@guc.ac.bw, www.guc.ac.bw

**MASTERS PROGRAMME**

- Master of Science in Early Childhood Education
- Master of Science in Occupational Health & Safety
- Master of Public Health

For God & Country

**BACHELOR PROGRAMME**

- Bachelor of Laws LLB (Hons)
- Bachelor of Education in Early Childhood Education (BED) Hons
- Bachelor of Business Administration in Occupational Health & Safety
- Bachelor of Commerce (Hons) Degree in Purchasing & Supply Chain Management
- Bachelor of Arts Degree in Public Health
- Bachelor of Commerce in Travel & Tourism
- Bachelor of Business Administration Entrepreneurship
- Bachelor of Science in Policing & Law
- Bachelor of Business Administration in Security Management (BBA - Security)
- Bachelor of Technology in Construction Engineering
- Bachelor of Art in Law & Public Administration
- Bachelor of Science in Health Promotion & Disease Prevention
- Bachelor of Commerce in Accountancy
- Bachelor of Arts in Human Development & Family Studies
- Bachelor of Business Administration in Logistics and Transport Management



**DIPLOMA PROGRAMME | CERTIFICATE PROGRAMME | SINGLE SUBJECT PROGRAMME**

Main Campus: Lot 6398, Lejara Road, Broadhurst Industrial
Tel: (+267) 318 5596, Fax: (+267) 318 6018, Cell: (+267) 72469089


Syromalabar Vision (Private circulation only), Published by Major Archiepiscopal Curia, Mount St.Thomas, PB No 3110, Kakkanad P.O, Kochi - 682030, Kerala, India
E mail: syromalabarvision@gmail.com, Printed at Don Bosco Igact, Ernakulam